# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA-ALP/P8/1197/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 08/11/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP/P8/1197/23 തീയ്യതി: 08/11/2023

## ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-12-2022 മുതൽ 31-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ്.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 07-09-2023 | 16-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-09-2023 | 16-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സാബു പി., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ.ഫമിൻ എസ്.എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഡിറ്റർ
ശ്രീമതി രാജി എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ഷിബു എ.പി., സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| എസ് ഹാരിസ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.രാജേന്ദ്രൻ.ജി | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ദേവിക നാഥ് സി എച്ച് | കൃഷി ഓഫീസർ | 01-04-2022 | 23-07-2022 |
| ഡോ. ബിജു എസ് | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| സുജ ജയപാൽ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ. വിവേക് എസ് | മെഡിക്കൽഓഫീസർ, സി.എച്ച്.സി | 01-04-2022 | 31-03-2023 |
| ഡോ. വിനിത പി എം | മെഡിക്കൽഓഫീസർ(ഹോമിയോ) | 01-04-2022 | 31-03-2023 |
| സൂര്യ പി എസ് | സബ്ബ്ഇൻസ്പെക്ടർഓഫ്ഫിഷറീസ് | 01-04-2022 | 31-03-2023 |
| നദീറ എൻ | ഹെഡ്മാസ്റ്റർ, ഗവ.യു.പി.എസ്. | 01-04-2022 | 31-03-2023 |
| ഷാരോൺ സുധാകരൻ | അസിസ്റ്റന്റ് എൻജിനീയർ | 01-04-2022 | 12-10-2022 |
| ബിൻസി വി | അസിസ്റ്റന്റ് എൻജിനീയർ | 12-10-2022 | 31-03-2023 |
| സാംസൺ എസ് | വില്ലേജ്എക്സ്റ്റൻഷൻഓഫീസർ | 01-04-2022 | 31-03-2023 |
| അജയഘോഷ് | വില്ലേജ്എക്സ്റ്റൻഷൻഓഫീസർ | 01-04-2022 | 18-05-2022 |
| ഷാമില എം | വില്ലേജ്എക്സ്റ്റൻഷൻഓഫീസർ | 19-05-2022 | 31-03-2023 |
| സലീല | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ജയന്തി ഗോപാല കൃഷ്ണൻ | അസി.സെക്രട്ടറി | 01-04-2022 | 30-10-2022 |
| പി.കെ പത്മകുമാർ | അസി.സെക്രട്ടറി | 31-10-2022 | 31-03-2023 |
| ധനലക്ഷ്മി | കൃഷി ഓഫീസർ | 24-07-2022 | 11-08-2022 |
| നജീബ് | കൃഷി ഓഫീസർ | 12-08-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ഡിപ്രീസിയേഷൻ കണക്കാക്കിയില്ല | 1-1-1 |
| 3 | അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-2 |
| 4 | മുൻക്കുറുകൾ യഥാവിധി രേഖപ്പെടുത്തപ്പെടുന്നില്ല | 1-1-3 |
| 5 | ആസ്തി മൂല്യത്തിന്റെ കൃത്യത ഉറപ്പാക്കാനാകുന്നില്ല | 1-1-4 |
| 6 | ബജറ്റ് | 1-2 |
| 7 | സാമ്പത്തിക വിശകലനം | 1-3 |
| 8 | ഫണ്ട് വിനിയോഗം (എസിആർ പ്രകാരം) | 1-4 |
| 9 | പദ്ധതി അവലോകനം | 1-5 |
| 10 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 11 | ക്ഷേമപദ്ധതികൾ | 1-7 |
| 12 | ക്യാഷ് വേരിഫിക്കേഷൻ | 1-8 |
| 13 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 14 | ടാക്സ് ഓഡിറ്റ്:- തനത് വരുമാന വർദ്ധനവിനായി വിഭവസമാഹാരണം -അവലോകനം | 1-10 |
| 15 | വാടകവരുമാനം-ജി.എസ്.ടി ഈടാക്കുന്നില്ല | 1-11 |
| 16 | ലൈസൻസ് അപാകതകൾ | 1-12 |
| 17 | വൗച്ചർ പരിശോധന- ചെലവ് രേഖകൾ ഹാജരാക്കിയില്ല 52,500/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-13 |
| 18 | ലീവ് ട്രാവൽ കൺസെഷൻ - അനർഹമായ തുക അനുവദിച്ചു, 50520 രൂപ അധികച്ചെലവ് | 1-14 |
| 19 | മഴക്കാല പൂർവ്വ ശുചീകരണം - ധനവിനിയോഗ മാനദണ്ഡങ്ങൾ ലംഘിക്കപ്പെട്ടു | 1-15 |
| 20 | പോസ്റ്റ്ഷിഫ്റ്റിംഗ് - പൂർത്തീകരണ രേഖകൾ ഹാജരാക്കിയില്ല | 1-16 |
| 21 | തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ -പൂർത്തീകരണരേഖകൾ ഹാജരാക്കിയില്ല -4,02,485/-രൂപ തടസ്സപ്പെടുത്തുന്നു | 1-17 |
| 22 | കാലഹരണപ്പെട്ടതും മുതൽ കുട്ടാത്തതുമായ നിക്ഷേപങ്ങൾ | 1-18 |
| 23 | ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ ഈടാക്കപ്പെട്ടില്ല | 1-19 |
| 24 | എം.സി.എഫ്.ന് വാങ്ങിയ സ്ഥലം പോക്ക് വരവ് ചെയ്തു | 1-20 |

| | | |
|---|---|---|
| | ആസ്തിയിലുൾപ്പെടുത്തിയില്ല | |
| 25 | പത്രപ്പരസ്യം -നിർദ്ദിഷ്ട വലുപ്പത്തിൽ കൂടുതൽ നൽകുന്നത് അധികചെലവിന് കാരണമാകുന്നു | 1-21 |
| 26 | ഐകെഎം വിഹിതം അടക്കൽ - വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 1,11,693/-രൂപ തടസ്സപ്പെടുത്തുന്നു | 1-22 |
| 27 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ -മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല | 1-23 |
| 28 | ഗ്രാമസഭകളുടെ പ്രവർത്തനം ഗുണഭോക്തൃ തെരഞ്ഞെടുപ്പിൽ ഒതുങ്ങുന്നു- ഹാജർ രേഖപ്പെടുത്തുന്നതിൽ ക്രമക്കേടുകൾ സംശയിക്കുന്നു | 1-24 |
| 29 | സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ/ കുടുംബ പെൻഷൻ ലഭിയ്ക്കുന്നവർ അനർഹമായി കൈപ്പറ്റിയ സാമൂഹ്യസുരക്ഷാ പെൻഷൻ തിരികെ ഈടാക്കിയില്ല | 1-25 |
| 30 | നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ നൽകിയ തുകകളുടെ വിനിയോഗരേഖകൾ ഹാജരാക്കിയില്ല. | 1-26 |
| 31 | ലൈഫ് ഭവന നിർമ്മാണം - അഞ്ച് ഗുണഭോക്താക്കൾ നിർമ്മാണം ആരംഭിച്ചിട്ടില്ല | 1-27 |
| 32 | MGNREGS-ആട്ടിൻ കൂട് നിർമ്മാണത്തിലെ അപാകതകൾ- അധിക ചെലവ് 11,711/- രൂപ | 1-28 |
| 33 | MGNREGS - 80mm Thick Cc Paver Block പാകുന്നതിന് PWD നിരക്കിനെക്കാൾ വളരെ ഉയർന്ന നിരക്ക് Secure സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തിയിരിക്കുന്നത് മൂലം കരാറുകാരന് അനർഹമായ നേട്ടം- ലക്ഷങ്ങളുടെ അധിക ചെലവ് | 1-29 |
| 34 | MGNREGS-കരാറുകാരൻ സപ്ലൈ ചെയ്ത അളവിനെക്കാൾ കൂടുതൽ സ്റ്റാക്ക് മെഷർമെന്റ് രേഖപ്പെടുത്തി 2,075/-രൂപ അധികം നൽകി | 1-30 |
| 35 | MGNREGS-സിമന്റ് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികൾക്ക് സിമന്റിന് മാർക്കറ്റ് നിരക്കിനേക്കാൾ വളരെ ഉയർന്ന നിരക്ക് അനുവദിക്കപ്പെടുന്നു | 1-31 |
| 36 | MGNREGS-ഉപയോഗിച്ച ശേഷം ബാക്കിയുള്ള കയർഭൂവസ്ത്രത്തിന്റെ വിനിയോഗ വിവരം ഇല്ല- വിലയിനത്തിൽ നഷ്ടം-8,262/-രൂപ | 1-32 |
| 37 | MGNREGS-ബോർഡ് സ്ഥാപിക്കൽ -വ്യത്യസ്ത നിരക്കിൽ തുക അനുവദിക്കുന്നു | 1-33 |
| 38 | കോവിഡ് 19-രോഗവ്യാപനം നിലച്ച ശേഷവും ഡേറ്റ എൻട്രി ജോലിക്ക് വേതനം നൽകി | 1-34 |
| 39 | എർത്ത് വർക്ക് എക്സ്കവേഷന് അധിക നിരക്ക് നൽകി-അധികം നൽകിയത്-4,752/-രൂപ | 1-35 |
| 40 | ഓഡിറ്റ് ഇംപാക്ട്-എർത്ത് ഫില്ലിംഗ് കൺസോളിഡേഷൻ കുറവ് ചെയ്തില്ല- | 1-36 |

| | | |
|---|---|---|
| | അധികം നൽകിയ 5,236/-രൂപയിൽ 3,383/- രൂപ തിരികെ ഒടുക്കി | |
| 41 | ഓഡിറ്റ് ഇംപാക്ട്-സോളിഡ് ബ്ലോക്ക് മേസനറിക്ക് ഉയർന്ന നിരക്ക് അനുവദിച്ചതു മൂലം -അധികം നൽകിയ -2,419/- രൂപ തിരികെ ഒടുക്കി | 1-37 |
| 42 | അനധികൃതമായി പ്രവർത്തിയ്ക്കുന്ന പീലിംഗ്ഷെഡുകൾ -കാപ്പിത്തോടിന്റെ ശാപം | 1-38 |
| 43 | സംരക്ഷണ ഗ്രാന്റ് (റോഡ്) 30.63 ലക്ഷം ലാപ്സായി | 1-39 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ലീവ് ട്രാവൽ കൺസെഷൻ - അനർഹമായ തുക അനുവദിച്ചു, 50520 രൂപ അധികച്ചെലവ് | 3-1 |
| 2 | മഴക്കാല പൂർവ്വ ശുചീകരണം - ധനവിനിയോഗ മാനദണ്ഡങ്ങൾ ലംഘിക്കപ്പെട്ടു | 3-2 |
| 3 | MGNREGS-ഉപയോഗിച്ച ശേഷം ബാക്കിയുള്ള കയർഭൂവസ്ത്രത്തിന്റെ വിനിയോഗ വിവരം ഇല്ല- വിലയിനത്തിൽ നഷ്ടം-8,262/-രൂപ | 3-3 |
| 4 | MGNREGS-കരാറുകാരൻ സപ്ലൈ ചെയ്ത അളവിനെക്കാൾ കൂടുതൽ സ്റ്റാക്ക് മെഷർമെന്റ് രേഖപ്പെടുത്തി 2,075/-രൂപ അധികം നൽകി | 3-4 |
| 5 | MGNREGS-ആട്ടിൻ കൂട് നിർമ്മാണത്തിലെ അപാകതകൾ- അധിക ചെലവ് 11,711/- രൂപ | 3-5 |
| 6 | എർത്ത് വർക്ക് എക്സ്കവേഷന് അധിക നിരക്ക് നൽകി-അധികം നൽകിയത്-4,752/-രൂപ | 3-6 |
| 7 | എർത്ത് ഫില്ലിംഗ് കൺസോളിഡേഷൻ കുറവ് ചെയ്തില്ല-അധികം നൽകിയ 1,853/-രൂപ തിരികെ ഈടാക്കേണ്ടതാണ് | 3-7 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്, കേന്ദ്രഗവൺമെന്റ്, ധനകാര്യകമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 22.07.2023-ലെ 2(1) നമ്പർ കമ്മറ്റി തീരുമാനപ്രകാരം തയ്യാറാക്കി 24.07.2023 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ട അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസിപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.3.2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനയിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാന എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടേയും വിശദീകരണങ്ങളുടേയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഭാഗമായി എനിക്ക് ലഭിച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടേയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെ കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

1-1-1 ഡിപ്രീസിയേഷൻ കണക്കാക്കിയില്ല

ശീർഷകം 416100103 ൽ ഡ്രയിനേജ് & സിവറേജ് ന്റെ തേയ്മാനമായി 2021-22 ൽ ഉൾക്കൊള്ളിച്ച 2,38,910/- രൂപ തന്നെയാണ് 2022-23 ലും കാണിച്ചിരിക്കുന്നത്. തൻവർഷം ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല. ഡ്രയിനേജ് ആസ്തി മൂല്യം 22.21 ലക്ഷം രൂപയാണ്. ഇതുമൂലം ആകെ ആസ്തിമൂല്യം യഥാർത്ഥത്തിലുള്ളതിനേക്കാൾ ഉയർന്നിരിക്കാനിടയാകുന്നു.

1-1-2 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)റൂൾസ് 2011, പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ട താഴെ ചേർക്കുന്നവ 2019-20 വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

എ)റൂൾ 62(2)(ഇ) പ്രകാരം, അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ-പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാദ്ധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ.

ബി)റൂൾ 62(2)(എഫ്)പ്രകാരം, അടിസ്ഥാന അനുപാതങ്ങൾ-അക്കൗണ്ട് മാന്വലിൽ നിർദ്ദേശിച്ചിരിക്കുന്ന സാമ്പത്തിക അനുപാതങ്ങൾ.
സി)റൂൾ 62(3) പ്രകാരം, ഈ ചട്ടങ്ങൾ ബാധകമാക്കുന്ന ആദ്യ വർഷത്തിലൊഴികെ എല്ലാ വർഷങ്ങളിലും മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

1-1-3 മുൻകൂറുകൾ യഥാവിധി രേഖപ്പെടുത്തപ്പെടുന്നില്ല

എ) അഡ്വാൻസ് രജിസ്റ്റർ പ്രകാരം നിർവ്വഹണോദ്യോഗസ്ഥർക്കുള്ള അഡ്വാൻസ് ആയി തൻവർഷം 3,50,618 രൂപ നൽകിയിട്ടുണ്ട്. എന്നാൽ വാർഷിക കണക്കിലും രജിസ്റ്ററിലെ സംക്ഷിപ്തത്തിലും 3,97,489 രൂപ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

ബി) അദർ അഡ്വാൻസ് ആയി ക്രമീകരിക്കപ്പെടാതെ 3,60,000 രൂപ രജിസ്റ്ററിൽ കാണിച്ചിട്ടുണ്ടെങ്കിലും (വാർഡ് തല ശുചീകരണ സമിതികൾക്ക് നൽകിയത്) ആയത് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-4 ആസ്തി മൂല്യത്തിന്റെ കൃത്യത ഉറപ്പാക്കാനാകുന്നില്ല

പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രികയിൽ 31.3.2023-ലെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന സ്ഥാവര ആസ്തിമൂല്യത്തിന്റെ കൃത്യത ഉറപ്പാക്കാനാകുന്നില്ല.

1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് ജനറൽ കമ്മറ്റിയുടെ 23.03.22-ലെ I(1) ാം നം. തീരുമാന പ്രകാരം ബജറ്റ് അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ്-ചെലവുകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 31,82,40,618 | 30,59,37,022 |
| വാർഷിക കണക്ക് പ്രകാരം | 17,88,42,721 | 17,69,15,039 |

1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,65,94,001 |

| | |
|---|---|
| വരവ് | 5,01,39,721 |
| ആകെ | 7,67,33,722 |
| ചെലവ് | 5,44,58,380 |
| നീക്കിയിരിപ്പ് | 2,22,75,342 |

## 1-4 ഫണ്ട് വിനിയോഗം (എസിആർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി* | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്* |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 2,51,19,000 | 2,51,19,000 | 2,51,19,000 | 00 |
| വികസനഫണ്ട് എസ്.സി.പി. | 0 | 3,03,02,000 | 3,03,02,000 | 3,00,27,080 | 2,74,920 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 48,28,000 | 48,28,000 | 17,64,186 | 30,63,814 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 66,81,000 | 66,81,000 | 66,67,193 | 13,807 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ് | 40,12,151 | 92,97,618 | 1,33,09,769 | 1,19,02,898 | 14,06,871 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് | 4,88,652 | 57,67,233 | 62,55,885 | 52,64,533 | 9,91,352 |

## 1-5 പദ്ധതി അവലോകനം

2022-23 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 174 | 13,70,36,113 | 96 | 6,96,97,802 | 22 | 56 | 55.17 |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ (തൻവർഷ വരവ്) | 0 | 0 | 0 | 0 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 6,02,64,476 | 6,02,64,476 | 6,02,64,476 | 0 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,24,200 | 110 |
| കർഷകതൊഴിലാളി പെൻഷൻ | 79,92,200 | 741 |
| വിധവാപെൻഷൻ | 1,09,02,800 | 1083 |
| വാർദ്ധക്യകാലപെൻഷൻ | 1,90,36,600 | 1959 |
| ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 43,95,200 | 415 |
| അവിവാഹിതപെൻഷൻ | 2,46,400 | 24 |
| വിധവകളുടെ പെൺ മക്കൾക്കുള്ള വിവാഹ ധനസഹായം | 30,000 | 1 |

### 1-8 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.09.2023-ൽ 3.00 പി.എം.ന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5,225 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

### 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര ഭരണ നിയന്ത്രണവുമായി ബന്ധപ്പെട്ട് ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.
1)വാർഡ് തല ശുചീകരണ സമിതികൾ വഴി നിർവ്വഹിക്കുന്ന പ്രവൃത്തികളിൽ മസ്റ്ററോൾ കൃത്യമായി പരിപാലിക്കുന്നില്ല. പല തൊഴിലാളികളുടെ ഒപ്പുകൾ ഒരാൾ തന്നെ രേഖപ്പെടുത്തുന്നു.
2)യഥാസമയം മരാമത്ത് പ്രവർത്തികൾ പൂർത്തീകരിക്കപ്പെടാതെ വരുന്നത് മൂലം 30 ലക്ഷം രൂപ ചെലവഴിക്കപെടാതെ നഷ്ടമായി.
3)മഴക്കാല പൂർവ്വ ശുചീകരണത്തിനായി നൽകുന്ന പണം ബാങ്ക് ട്രാൻസ്ഫർ മുഖേന ചെലവഴിക്കാതെ പണമായി ചെലവഴിക്കുക വഴി സർക്കാർ നിർദ്ദേശം ലംഘിക്കപ്പെടുന്നു.
4)ഗ്രാമസഭകൾ അതിന്റെ അധികാര ചുമതലകൾ പൂർണ്ണമായി വിനിയോഗിക്കുന്നില്ല. വാർഷിക കണക്കുകൾ, ഓഡിറ്റ് റിപ്പോർട്ട് മുതലായവ ഗ്രാമസഭകളിൽ ചർച്ചയാകുന്നില്ല.
5)കർമ്മസമിതികളുടെ പ്രവർത്തനം പ്രോജക്ട് വിഭാവനം ചെയ്യുന്നതിൽ ഒതുങ്ങുന്നു. പ്രോജക്ടുകളുടെ നിർവ്വഹണം, ഫലപ്രാപ്തി എന്നിവയിൽ ആവശ്യമായ മോണിറ്ററിംഗ് നടത്തപ്പെടുന്നില്ല.
6)മുൻകൂറുകൾ ക്രമീകരിക്കുന്നതിൽ ആവശ്യമായ ശ്രദ്ധ ചെലുത്തപ്പെടുന്നില്ല. ഫെസ്റ്റുവൽ അഡ്വാൻസായി നൽകിയ 16,000 രൂപ ഇനിയും തിരികെ ലഭിച്ചിട്ടില്ല.
7)പ്രവർത്തന ക്ഷമമല്ലാത്ത പൊതുടാപ്പുകൾ സംയുക്തപരിശോധന നടത്തി കുറവ് വരുത്തിയിട്ടുണ്ട്. തൻമൂലം വെള്ളക്കരമിനത്തിൽ ഗണ്യമായ കുറവ് തുടർ വർഷങ്ങളിൽ വരുത്തുവാൻ കഴിഞ്ഞിട്ടുണ്ട്.

### 1-10 ടാക്സ് ഓഡിറ്റ്:- തനത് വരുമാന വർദ്ധനവിനായി വിഭവസമാഹാരണം -അവലോകനം

രണ്ടായിരമാണ്ട് സെപ്റ്റംബർ മാസം 30-ാം തീയതിയാണ് അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത് രൂപം കൊള്ളുന്നത്. 10.88 സ്ക്വയർ കി.മീ മാത്രമുള്ള ഈ പഞ്ചായത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് അറബിക്കടലും കിഴക്ക് ഭാഗത്ത് പൂക്കൈതയാറും സ്ഥിതി ചെയ്യുന്നു, സമുദ്ര തീരത്തോട് ചേർന്ന് കിടക്കുന്ന ഭാഗം നിരപ്പായ മണൽ പ്രദേശമാണ്. പൂമീൻ പൊഴി മുതൽ പി.ബി ജംഗ്ഷൻ വരെയുമുള്ള മൂന്നര കി.മി ദൈർഘ്യം വരുന്ന സമുദ്രതീരം പഞ്ചായത്തിനുണ്ട്.

പഞ്ചായത്തിന്റെ മൊത്തം വിസ്തീർണ്ണത്തിന്റെ 50 ശതമാനത്തോളം നെൽകൃഷി ചെയ്യുന്ന പാടശേഖരങ്ങളാണ്. 502 ഹെക്ടർ സ്ഥലമാണ് വിവിധ പാടശേഖരങ്ങളിലായി വ്യാപിച്ച് കിടക്കുന്നത്. അതു കൊണ്ട് തന്നെ കൃഷിയുമമായി ബന്ധപ്പെട്ടും, മത്സ്യമേഖലയുമായി ബന്ധപ്പെട്ടുമുള്ള ഒരു വിഭവസമാഹരണമായിരിയ്ക്കും ഈ പഞ്ചായത്തിന് അനുയോജ്യം. ആലപ്പുഴ മെഡിയ്ക്കൽ കോളേജ് ഹോസ്പിറ്റൽ, പുതുതായി ആരംഭിച്ച വണ്ടാനം സൂപ്പർസ്പെഷ്യാലിറ്റി ഹോസ്പിറ്റൽ, ടി.ഡി.മെഡിയ്ക്കൽ കോളേജ്,ഡെന്റൽ ഹോസ്പിറ്റൽ, ഡെന്റൽ കോളേജ് എന്നിവയും ഈ പഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നത്.

ആറാം ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശാനുസരണം വിഭവസമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകി ഒരു ടാക്സ് ഓഡിറ്റ് നടത്തണമെന്ന് നിർദ്ദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിൽ തൊഴിൽ നികുതി, വസ്തുനികുതി, ലൈസൻസ്, എന്നിവയിലെ ഡിമാൻഡുകൾ കൃത്യമല്ല എന്ന് വ്യക്തമായി. ഡിമാൻഡുകൾ പൂർണ്ണമല്ലാത്തത് നികുതി ശോഷണത്തിനും ഇടയാക്കുന്നു.

ഗ്രാമപഞ്ചായത്തുകളുടെ പ്രധാന നികുതി വരുമാനങ്ങൾ വസ്തുനികുതി,തൊഴിൽനികുതി,വിനോദനികുതി എന്നിവയാണ്. ഏറ്റവും വലിയ വരുമാനമായ വസ്തുനികുതി നിയമാനുസൃത ഒഴിവുകളില്ലാത്ത എല്ലാ പാർപ്പിടാവശ്യ കെട്ടിടങ്ങളിൽ നിന്നും പാർപ്പിടേതര ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളിൽ നിന്നും ഈടാക്കുന്നു(കേരള പഞ്ചായത്ത് രാജ് നിയമം 203). രണ്ടാമത്തെ വലിയ നികുതി വരുമാനമായ തൊഴിൽ നികുതി, ജീവനക്കാർ, വ്യാപാരം വ്യവസായം

എന്നിവ നടത്തുന്നവർ, പ്രൊഫഷണൽസ്, സ്ഥാപനങ്ങൾ എന്നീ ഇനങ്ങളിലായി നിയമപ്രകാരം ഈടാക്കാം(കേരള പഞ്ചായത്ത് രാജ് നിയമം 204). വരുമാന വർദ്ധനവിനായി താഴെപ്പറയുന്ന അപാകതകൾ പരിഹരിക്കേണ്ടതാണ്

1) പുതുക്കിയ നിരക്കിൽ വസ്തു നികുതി ഈടാക്കിത്തുടങ്ങിയിട്ടില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 203-ാം വകുപ്പ് (2) ഉം, 4ഉം ഉപ വകുപ്പുകൾ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ ഗ്രാമപഞ്ചായത്തുകളിൽ ഉപയോഗക്രമമനുസരിച്ച് ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപ വിഭാഗങ്ങൾക്കും ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിനോ എണ്ണത്തിനോ ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകളുടെ ഏററവും കൂടിയതും കുറഞ്ഞതുമായ പരിധികൾ 2023 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വരുത്തുന്നതിന് 05.04.2023 തീയതിയിൽ സ.ഉ.(അച്ചടി)നം. 25/2023/ എൽ.എസ്.ജി.ഡി. വിജ്ഞാപന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ നികുതി പരിഷ്കരണം പഞ്ചായത്തിൽ നടപ്പാക്കിയിട്ടില്ല. നികുതി നിരക്ക്, മേഖലാവിഭജനം എന്നിവയുടെ കരട് 16.05.23-ലെ 3-ാം നം പഞ്ചായത്ത് കമ്മിറ്റി തീരുമാനം അനുസരിച്ച് പത്രമാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിച്ചിരുന്നു. പ്രദേശത്തിന്റെ വികസന സ്ഥിതി അടിസ്ഥാന സൗകര്യങ്ങൾ, വഴി സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള 18 വാർഡുകളിൽ ഉൾപ്പെട്ട വിവിധ മേഖലകളെ സംബന്ധിച്ച് വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുണ്ട്. പുതുക്കിയ നിരക്കിലുള്ള നികുതി ഈടാക്കുന്നതിനും അതിനനുസരിച്ച് സഞ്ചയയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനും വസ്തുനികുതി പുനർ നിർണ്ണയിച്ച് തനത് വരുമാനം വർദ്ധിപ്പിക്കാൻ ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

2) അനധികൃത നിർമ്മാണങ്ങളുടെ നികുതി ഈടാക്കുന്നില്ല.

2011-ലെ കേരള ഗ്രാമപഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20 പ്രകാരമുള്ള ഫോറം-10 ൽ അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച രജിസ്റ്റർ തയ്യാറാക്കി വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ചട്ടം 20(2) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന് കെട്ടിട നമ്പർ നൽകേണ്ടത് U.A എന്നു രേഖപ്പെടുത്തേണ്ടതും അനധികൃതനിർമ്മാണം കണ്ടെത്തിയ വർഷവും രേഖപ്പെടുത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളെയും ഭൗതിക പരിശോധന നടത്തി അനധികൃത നിർമ്മാണങ്ങളുണ്ടെങ്കിൽ വിസ്തൃതി അളന്ന് തിട്ടപ്പെടുത്തുകയും കുറവായി അസസ്സ് ചെയ്ത കെട്ടിടങ്ങൾക്ക് നികുതി പുനർനിർണ്ണയിച്ച് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതകൾ ഉപയോഗപ്പെടുത്താവുന്നതാണ്.

ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിയ്ക്ക് ഹാനികൂടാതെ കെട്ടിടം പണി പൂർത്തിയാക്കുകയോ, അത് വകുപ്പ് 233, ഉപവകുപ്പ് 2 ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യത്തിനു ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ചു മാറ്റുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തുനികുതിയായി ഈടാക്കേണ്ടതാണെന്ന് കേരള പഞ്ചായത്ത് രാജ് ആക്റ്റ് അനുശാസിക്കുന്നു. ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിലുള്ള അനധികൃത കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിക്കുകയോ ഈടാക്കുകയോ ചെയ്തു വരുന്നില്ല. ഇക്കാരണത്തിൽ നികുതി വരുമാനത്തിലുണ്ടാകേണ്ട വരുമാനം നഷ്ടമാകുന്നുണ്ട്.

3) പ്രിസംപ്റ്റീവ് ടാക്സ് ഈടാക്കുന്നില്ല

പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് എഴുതി തയ്യാറാക്കി സൂക്ഷിയ്ക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നാണ് അറിയിച്ചിരിയ്ക്കുന്നതെങ്കിലും അഭിഭാഷകർ, മറ്റുപ്രൊഫഷണലുകൾ, മരാമത്ത് പണി ഏറ്റെടുത്തു നടത്തുന്ന കരാറുകാർ, ബിൽഡിംഗ് പ്ലാൻ

തയ്യാറാക്കുന്ന എൻജിനീയർമാർ, വാഹന ഉടമകൾ എന്നിങ്ങനെയുള്ള വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ ഗ്രാമപഞ്ചായത്ത് നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല.

4) പീലിംഗ് ഷെഡുകളിൽ നിന്നും ലൈസൻസ് ഫീസും ,തൊഴിൽ നികുതിയും ഈടാക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ പ്രധാന തൊഴിൽദായക സാമ്പത്തിക മേഖലയാണ് മത്സ്യമേഖല. മത്സ്യബന്ധനവും, അനുബന്ധ വ്യവസായങ്ങളും ഉൾപ്പെടുന്ന ഈ മേഖലയിലെ തൊഴിൽ ശാലകളിൽ നിന്നും തൊഴിൽ നികുതിയും, ലൈസൻസ് ഫീസ് കൃത്യമായി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല. ഓഡിറ്റ് നടത്തിയ അന്വേഷണത്തിൽ നിന്നും ചെമ്മീൻ സംസ്കരണവുമായി ബന്ധപ്പെട്ട് മാത്രം 35ഓളം ചെമ്മീൻ ഷെഡ്ഡുകൾ പഞ്ചായത്തിൽ നിലവിലുണ്ടെങ്കിലും ഇവയിൽ നിന്നും ലൈസൻസ് ഫീസും,തൊഴിൽ നികുതിയും ഈടാക്കിയതായി കാണുന്നില്ല. ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ നിന്നും എക്സ്പോർട്ടിംഗ് കൺസോർഷ്യവുമായി ബന്ധപ്പെട്ട് മാത്രം 12 ഓളം സ്ഥാപനങ്ങൾ പഞ്ചായത്തിൽ നിലവിലുള്ളതായി കാണുന്നു, പ്രീമിയർ എക്സ്പോർട്ട്സ്, എഎം ഫിഷറീസ് തുടങ്ങി നിരവധി എക്സ്പോർട്ടിംഗ് കമ്പനികൾ പഞ്ചായത്തിൽ നിലവിലുണ്ടെങ്കിലും ഈ കമ്പനികളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ കൃത്യമായ കണക്കുകൾ പഞ്ചായത്തിൽ ലഭ്യമല്ല. പഞ്ചായത്തിലെ ട്രേഡേഴ്സിൽ നിന്നും തൊഴിൽനികുതി കൃത്യമായി ഈടാക്കാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

സമുദ്രതീരവും, പാടശേഖരങ്ങളും ഉൾപ്പെടുന്ന പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ നിമിത്തംനെല്ലുൽപാദനത്തോടൊപ്പം മത്സ്യസംസ്കരണത്തിനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്കും പ്രാധാന്യം നൽകുന്ന ഒരു വികസനസമീപനമാണ് പഞ്ചായത്തിന് അനുയോജ്യം.മത്സ്യമേഖലയിൽ ചെമ്മീനിന്റെ അവശിഷ്ടമായി തള്ളുന്ന ചെമ്മീൻതോട് സംഭരിച്ച് ആരോഗ്യ -വൈദ്യശാസ്ത്ര- വ്യവസായ മേഖലയിൽ വളരെയധികം ആവശ്യമുള്ള കൈറ്റിൻ -കൈറ്റോസിൻ- ഗ്ലൂക്കോസെമിൻ ഉൽപ്പാദിയ്പ്പിയ്ക്കാവുന്നതും ശേഖരിച്ച് വിൽക്കാവുന്നതുമാണ്.ഇതിനായി ചെമ്മീൻ ഷെഡ്ഡുകളെ/സംസ്കരണയൂണിറ്റുകളെ ഒരു സ്ഥലത്തായി കേന്ദ്രീകരിച്ച് അവിടെ ഫാക്ടറി തുടങ്ങി കൈറ്റിൻ -കൈറ്റോസിൻ- ഗ്ലൂക്കോസെമിൻ ഉൽപ്പാദിപ്പിയ്ക്കാനുള്ള സാധ്യതകളും പരമാവധി ഉപയോഗപ്പെടുത്താവുന്നതാണ്. അമിത മൽസ്യോൽപ്പാദന സമയത്തുണ്ടാകുന്ന മത്സ്യം സംഭരിച്ച് സൂക്ഷിയ്ക്കാവുന്ന സംവിധാനങ്ങൾ ഏർപ്പെടുത്താവുന്നതും, മൂന്നര കി.മീറ്ററോളം സമുദ്രതീരമുണ്ടായിട്ടും ഒരു മത്സ്യ മാർക്കറ്റ് പോലുമില്ലാത്ത പഞ്ചായത്തിൽ ആധുനീകരിച്ച മത്സ്യമാർക്കറ്റുൾപ്പെടെയുള്ള മത്സ്യവിപണനസൗകര്യങ്ങൾ ഏർപ്പെടുത്താനുള്ള സാധ്യതകളും പരിശോധിയ്ക്കേണ്ടതണ്.

തനത് വരുമാന വർദ്ധനവിന് മേൽ സൂചിപ്പിച്ച മാർഗ്ഗങ്ങൾ സ്വീകരിയ്ക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി പ്രായോഗിക നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-11 വാടകവരുമാനം-ജി.എസ്.ടി ഈടാക്കുന്നില്ല

അമ്പലപ്പുഴ ഗ്രാമപഞ്ചായത്തിന് കീഴിലുള്ള 1 കട മുറി ശ്രീ.മുഹമ്മദ് ഉനൈസ്, കൈതക്കാടൻ പറമ്പ്, നീർക്കുന്നം എന്നയാൾക്ക് വാടകയ്ക്ക് നൽകിയിട്ടുണ്ട്. ടി സ്ഥാപനത്തിന്റെ വാടക രജിസ്റ്ററും എ.എഫ്.എസും പരിശോധിച്ചതിൽ നിന്നും സാമ്പത്തിക വർഷം വാടകയിനത്തിൽ 48,000/-രൂപ ഗ്രാമ പഞ്ചായത്തിൽ വരവുണ്ട് (ഹെഡ് കോഡ് – 130100101, I&E Statement). എന്നാൽ വാടകയോടൊപ്പം 18% ജി.എസ്.റ്റി ഈടാക്കാത്തതിനാൽ സംസ്ഥാന സർക്കാരിന് 4,320/- രൂപയുടെയും കേന്ദ്രസർക്കാരിന് 4,320/-രൂപയുടെയും വരുമാന നഷ്ടം ഉണ്ടായി. വാടകയ്ക്കൊപ്പം ജി.എസ്.ടി ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 27/14.09.23-ന് നൽകിയ മറുപടിയിൽ വരുംമാസങ്ങളിലെ വാടകയ്ക്കൊപ്പം ജി.എസ്.ടി ഈടാക്കുന്നതെന്നാണ് അറിയിച്ചിരിക്കുന്നത്. വാടക ഈടാക്കുമ്പോൾ 18% ജി.എസ്.ടി ഈടാക്കേണ്ടതാണ്. നഷ്ടം ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും ഈടാക്കേണ്ടതാണ്. ഭാവിയിൽ വാടക ഈടാക്കുമ്പോൾ ജി.എസ്.ടി സഹിതം ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. 2022-23 സാമ്പത്തിക വർഷത്തെ ജി.എസ്.ടി തുകയായ 8,640/- അടച്ച് വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-12 ലൈസൻസ് അപാകതകൾ

ലൈസൻസ് ഫീസ് -കുറവ് ഈടാക്കുന്നു

1) 31.10.2017-ലെ ലൈസൻസ് ഭേദഗതി ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം ലൈസൻസ് ചട്ടങ്ങളിലെ ഭേദഗതി പ്രകാരം മൂലധന നിക്ഷേപം സർവ്വീസ് മേഖലയിൽ പത്ത് ലക്ഷം രൂപയിൽ കവിയാത്തതും ഉൽപ്പാദന മേഖലയിൽ 25 ലക്ഷം കവിയാത്തതുമായ സംരംഭങ്ങൾക്ക് (Micro Enterprises) ചുമത്താവുന്ന പരമാവധി ലൈസൻസ് ഫീസ് 500/- രൂപയും, സർവ്വീസ് മേഖലയിൽ പത്ത് ലക്ഷം രൂപയിൽ കവിയുന്നതും അൻപത് ലക്ഷം രൂപയിൽ കവിയാത്തതും ഉൽപ്പാദന മേഖലയിൽ 25 ലക്ഷം കവിയുന്നതും 1 കോടി രൂപയിൽ കവിയാത്തതുമായ സംരംഭങ്ങൾക്ക് (Mini Enterprises) ചുമത്താവുന്ന പരമാവധി ലൈസൻസ് ഫീസ് 1,000/- രൂപയും, സർവ്വീസ് മേഖലയിൽ 50 ലക്ഷം രൂപയിൽ കവിയുന്നതും 2 കോടി രൂപയിൽ കവിയാത്തതും ഉൽപ്പാദന മേഖലയിൽ 1 കോടി രൂപയിൽ കവിയുന്നതും 5 കോടി രൂപയിൽ കവിയാത്തതുമായ സംരംഭങ്ങൾക്ക് (Small Enterprises) ചുമത്താവുന്ന പരമാവധി ലൈസൻസ് ഫീസ് 5,000/- രൂപയുമാണ് എന്നാൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ടി ചട്ടം പ്രകാരം ലൈസൻസ് ഫീസ് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | അപേക്ഷകന്റെ/ സ്ഥാപനത്തിന്റ പേര് | ചുമത്താവുന്ന പരമാവധി ഫീസ് | ലൈസൻസ് ഫീസ് ഈടാക്കിയത് | വ്യത്യാസം | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | കെ.ജി ലോറൻസ് ജിയോ സീ ഫുഡ്സ് കമ്മ്യൂണിറ്റി പ്രീ പ്രോസസിംഗ് സെന്റർ 13/173,174 | 5000 | 1000 | 4000 | അപേക്ഷയോടൊപ്പം ഹാജരാക്കിയ സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡിന്റെ അനുമതി പത്രത്തിൽ ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റ് സൂചിപ്പിച്ചിരിക്കുന്നത് 306 ലക്ഷം രൂപയാണ് ലൈസൻസ് അപേക്ഷയിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| 2 | കെ.ജി. ലോറൻസ് മൺസൂൺ ഫുഡ്സ് പ്രീ പ്രോസസിംഗ് സെന്റർ 13/178,179 | 5000 | 1000(രസീത് നം. 500117/10-03-22) | 4000 | അപേക്ഷയോടൊപ്പം ഹാജരാക്കിയ സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡിന്റെ അനുമതി പത്രത്തിൽ ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റ് സൂചിപ്പിച്ചിരിക്കുന്നത് 306 ലക്ഷം രൂപയാണ് ലൈസൻസ് അപേക്ഷയിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല |
| | പ്രേമചന്ദ്ര ഭട്ട് മംഗള മറൈൻ എക്സിം പ്രൈവറ്റ് ലിമിറ്റഡ് കമ്മ്യൂണിറ്റി പ്രീ പ്രോസസിംഗ് സെന്റർ 13/180/181 | 5000 | 1000(രസീത് നം. 500120/10-03-22 | 4000 | അപേക്ഷയോടൊപ്പം ഹാജരാക്കിയ സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡിന്റെ അനുമതി പത്രത്തിൽ ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റ് സൂചിപ്പിച്ചിരിക്കുന്നത് 306 ലക്ഷം രൂപയാണ്. ലൈസൻസ് അപേക്ഷയിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല |
| 4 | എം നിസ്സാം നിസ്സാം മൻസിൽ പ്രീമിയർ മറൈൻ ഫുഡ്സ് കമ്മ്യൂണിറ്റി പ്രീ പ്രോസസിംഗ് സെന്റർ | 5000 | 1000 | 4000 | അപേക്ഷയോടൊപ്പം ഹാജരാക്കിയ സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡിന്റെ അനുമതി പത്രത്തിൽ ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റ് സൂചിപ്പിച്ചിരിക്കുന്നത് 306 ലക്ഷം രൂപയാണ് ലൈസൻസ് അപേക്ഷയിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല |
| 5 | എം നിസ്സാം നിസ്സാം മൻസിൽ | 5000 | 1000 | 4000 | അപേക്ഷയോടൊപ്പം ഹാജരാക്കിയ സംസ്ഥാന |

| | | | | | |
|---|---|---|---|---|---|
| | എ.എം ഫിഷറീസ് കമ്മ്യൂണിറ്റി പ്രീ പ്രോസസിംഗ് സെന്റർ കാക്കാഴം | | | | മലിനീകരണനിയന്ത്രണ ബോർഡിന്റെ അനുമതി പത്രത്തിൽ ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റ് സൂചിപ്പിച്ചിരിക്കുന്നത് 306 ലക്ഷം രൂപയാണ് ലൈസൻസ് അപേക്ഷയിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല |
| | | | ആകെ | 20000 | |

മേൽ സ്ഥാപനങ്ങളിൽ നിന്നും കുറവ് വന്ന ലൈസൻസ് ഫീസ് ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 15/14.09.23-ന് നൽകിയ മറുപടിയിൽ ഒരു കോമ്പൗണ്ടിൽ തന്നെയുള്ള കെട്ടിടങ്ങളാണെന്നും ഇവ പ്രീ പ്രോസസിംഗ് സെന്റർ ഓഫ് സീ ഫുഡ് എക്സ്പോർട്ടേഴ്സ് അസോസിയേഷൻ പ്രസിഡന്റിന്റെ പേരിലുള്ള കെട്ടിടങ്ങളാണെന്നും മേൽ സൂചിപ്പിച്ചിട്ടുള്ള എല്ലാ സ്ഥാപനങ്ങളുടെയും കൂടിയുള്ള കെട്ടിട മൂലധന നിക്ഷേപമാണ് മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്നതെന്നുമാണ് അറിയിച്ചിരിക്കുന്നത്. 1 കോടിയിലധികം മൂലധനനിക്ഷേപമുള്ള സ്ഥാപനങ്ങൾ എന്ന കണക്കിലാണ് 5,000/- രൂപ ലൈസൻസ് ഫീസ് ഈടാക്കിയതെന്നുമാണ് അറിയിച്ചിരിക്കുന്നത്. ടി വാദം അംഗീകരിച്ചാൽ തന്നെയും മേൽ സ്ഥാപനങ്ങളുടെ ലൈസൻസുകൾ അനുവദിച്ചിരിക്കുന്നത് അസോസിയേഷൻ പ്രസിഡന്റിന്റെ പേരിലല്ല. മേൽ സൂചിപ്പിച്ചിരിക്കുന്ന സ്ഥാപന ഉടമകളുടെ പേരിലാണ്. ഇവരുടെ മൂലധനനിക്ഷേപം ലൈസൻസ് അപേക്ഷകളിൽ രേഖപ്പെടുത്തിയിട്ടുമില്ല. കേരളത്തിലെ പ്രമുഖ മത്സ്യ കയറ്റുമതിക്കാരായ മേൽ സ്ഥാപനങ്ങളുടെ മൂലധനം ഇതിലും എത്രയോ അധികമായിരിക്കും. മേൽ സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപം ഉറപ്പ് വരുത്തി ലൈസൻസ് ഫീസ് പുനർനിർണ്ണയിച്ച് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) ലൈസൻസില്ലാതെ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1996-ലെ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുക്കേണ്ടതാണ്. കേരള പഞ്ചായത്തിരാജ് നിയമങ്ങളിലെ വകുപ്പ് 232, 233 എന്നിവ പ്രകാരം ലൈസൻസ് കൂടാതെ ഒരാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കുവാൻ പാടില്ല

സഞ്ചയ സോഫ്റ്റ്വെയറും -ലൈസൻസ് രജിസ്റ്ററും, ട്രേഡേഴ്സ് ലിസ്റ്റും താരതമ്യം ചെയ്ത് പരിശോധിച്ചതിൽ നിന്നും താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിതായി കാണുന്നില്ല

| ക്രമ നം. | സ്ഥാപനത്തിന്റെ/ഉടമസ്ഥന്റെ പേര് | വാർഡ് നം. കെട്ടിട നം. |
|---|---|---|
| 1 | കബീർ പുതുവൽ വണ്ടാനം<br>ഫായിസ് സ്റ്റോഴ്സ് വണ്ടാനം | 1/161 |
| 2 | ലത ഗൗരി ഭവൻ, വണ്ടാനം<br>ഗൗരി സ്റ്റോർസ് വണ്ടാനം | 1/221 A |
| 3 | സുനിൽ കെ പുതുവൽ വണ്ടാനം<br>കോറൽ ഫാർമസ്യൂട്ടിക്കൽസ് വണ്ടാനം | 2/230 |

| | | |
|---|---|---|
| 4 | ജലീല ഷാനവാസ്, വൃക്ഷവിലാസം തോപ്പ്<br>വണ്ടാനം, ഷെഹാനാസ് ലേഡീസ് സ്റ്റോർസ് വണ്ടാനം | 2/41 |
| 5 | റ്റി.ചന്ദ്രശേഖരൻ, ഐശ്വര്യ കഞ്ഞിപ്പാടം<br>ഐശ്വര്യ ബേക്കറി കഞ്ഞിപ്പാടം | 2/44 |
| 6 | ഷാഹുൽ ഹമീദാ ഏഴരയിൽ, കാക്കാഴം<br>ആൻസ് സ്റ്റോഴ്സ് | 2/432 A |
| 7 | മുഹമ്മദ് മുസ്തഫ, പുതുവൽ വണ്ടാനം<br>ഷാ ബേക്കറി | 2/15 |
| 8 | ഷാജി സഹിലാസ്, പുന്നപ്ര, മദീന ഓട്ടോമൊബൈൽസ്, കുറവൻതോട് | 2/453/H |
| 9 | കലേഷ് മനോഹർ, കലാഭവനം, മാവേലിയ്ക്കര, ആദിത്യ<br>ഹോം ഷോപ്പി, കുറവൻതോട് | 2/453K |
| 10 | സെമീർ കണിയാംപറമ്പിൽ വണ്ടാനം<br>ആർ2 മെൻസ് വെയർ വണ്ടാനം | 2/453 A |
| 11 | എ.നടരാജൻ തത്വമസി വലിയമരം വാർഡ്, ആലപ്പുഴ | 2/453 C |
| 12 | ശ്രീകുമാർ ജി.തറമേഴം വണ്ടാനം,<br>ശ്രീജയ് എന്റർപ്രൈസസ്, വണ്ടാനം | 3/270 |
| 13 | പ്രസന്ന ചെല്ലപ്പൻ, അക്ഷരഭവൻ, വണ്ടാനം | 3/129,131-140 |
| 14 | കെ.എ.ഷാജഹാൻ, കമ്പിവളപ്പ് കാക്കാഴം<br>അൽ ഷബാബ്, കുറവൻതോട് | 3/45 |
| 15 | ജോബി ജെ., കൈതപ്പറമ്പ് നീർക്കുന്നം, മാതാ പവർടൂൾസ് കുറവൻതോട് | 3/123 |
| 16 | സുരിഷ, നാലുപറയിൽ വണ്ടാനം, പോപ്പുലർ അപ്ഹോൾസ്റ്ററി വർക്സ് വണ്ടാനം | 3/47 |
| 17 | അബ്ദുൾ നവാസ് പറത്തറ, വണ്ടാനം<br>പറത്തറ സ്റ്റോഴ്സ്, വണ്ടാനം | 3/1 |
| 18 | ശക്തിവേൽ ആലംചേരി ഹൗസ് പഴവീട്<br>സൂര്യ ഫർണിച്ചേഴ്സ്, വണ്ടാനം | 3/183 |

മേൽ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദ വിവരങ്ങൾ ലഭ്യമാക്കാനും. ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിയ്ക്കുന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 15/14.09.23-ന് മറുപടി ലഭ്യമാക്കിയില്ല.

ലൈസൻസ് ഫീസ് ഈടാക്കാത്ത സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ ലൈസൻസെടുക്കാത്ത മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-13 വൗച്ചർ പരിശോധന- ചെലവ് രേഖകൾ ഹാജരാക്കിയില്ല 52,500/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

1) ഗ്രാമപഞ്ചായത്തിൽ 13.06.22-ൽ നടന്ന വികസന സെമിനാറിൽ പങ്കെടുത്ത 150 പേർക്കായി ഉച്ചഭക്ഷണം നൽകുന്നതിനായി 22,500/- രൂപ വൗച്ചർ നം. 22200189/17-06-22 പ്രകാരം ചെലവഴിച്ചതായി കാണുന്നു(ചെക്ക് നം. 656026/14-06-22). എന്നാൽ ഫയലിനൊപ്പം ഹാജരാക്കിയത് തൻസീർ ടി., കാട്ടുമ്പറമ്പ് വെളി, വണ്ടാനം സമർപ്പിച്ച 22,500 രൂപയുടെ(150x150) ഒരു വൗച്ചർ മാത്രമാണ്.ടി പ്രോഗ്രാമിൽ എത്ര പേർ പങ്കെടുത്തെന്നത് സംബന്ധിച്ച അറ്റൻഡൻസോ, എത്ര ദിവസമാണ് പ്രോഗ്രാം നടത്തിയെതന്നോ ഉള്ള വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. വിശദീകരണവും ആവശ്യമായ രേഖകളും ഹാജരാക്കാത്തതിനാൽ ടി പ്രോഗ്രാമിനായി ചെലവഴിച്ച 22,500 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2) ഐസിഡിഎസ് ഓഫീസിലെ കണ്ടിജെന്റ് ചെലവുമായി ബന്ധപ്പെട്ട് വൗച്ചർ നം. 22200588/20-01-23 പ്രകാരം 30,000/-രൂപ(ചെക്ക് നം. 793195/19-10-22) തനത് ഫണ്ടിൽ നിന്നും ഐസിഡിഎസ് ഓഫീസർക്ക് മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ ആയതിന്റെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. ചെലവ് രേഖകൾ ഹാജരാക്കുന്നത് വരെയും 30,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം. 12/12.09.23

1-14 ലീവ് ട്രാവൽ കൺസെഷൻ - അനർഹമായ തുക അനുവദിച്ചു, 50520 രൂപ അധികച്ചെലവ്

ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായ ശ്രീ.രാജേന്ദ്രൻ ജി. ക്ക് ലീവ് ട്രാവൽ കൺസെഷൻ അഡ്വാൻസായി 50,000 രൂപ 25.01.2023-ൽ അനുവദിച്ചിട്ടുണ്ട് (വൌച്ചർ നം. 22200952). അഡ്വാൻസ് അനുവദിച്ചതിലും തുടർന്ന് എൽ.റ്റി.സി സെറ്റിൽമെന്റ് ക്ലയിം അനുവദിച്ചതിലും ക്രമക്കേട് സംഭവിക്കുകയും പഞ്ചായത്ത് ഫണ്ടിന് 50,520 രൂപയുടെ നഷ്ടമുണ്ടാകുകയും ചെയ്തു. വിശദവിവരം ചുവടെ ചേർക്കുന്നു.

അഡ്വാൻസ് നൽകിയതിലെ അപാകം

ശ്രീ.രാജേന്ദ്രൻ സമർപ്പിച്ച എൽ.റ്റി.സി അപേക്ഷയിൽ അദ്ദേഹം ഭാര്യയും രണ്ട് മക്കളും അടക്കം (ആകെ നാല് പേർ) അമൃത്സർ പോകുന്നതായാണ് കാണിച്ചിട്ടുള്ളത്. ഇത് 17.1.2023-ൽ പെർഫോർമൻസ് ഓഡിറ്റ് യൂണിറ്റ് 2 സൂപ്പർവൈസർ ശ്രീ.വി.ജെ.പോൾ പരിശോധിച്ച് അംഗീകരിക്കുകയും അതിൻപ്രകാരം അന്നേ ദിവസം ലീവും യാത്രാനുമതിയും അനുവദിച്ച് ഡി.ഡി.പി. ഉത്തരവാകുകയും ചെയ്തു. ശ്രീ.രാജേന്ദ്രന്റെ പ്രസ്തുത സമയത്തെ അടിസ്ഥാന ശമ്പളം 51400-110300 സ്കെയിലിൽ 73,600 രൂപയാണ്. സ.ഉ.(അ)27/2021 ധന. തീയതി 10.02.2021 ഉത്തരവ് പ്രകാരം 77200- 140500 ശമ്പളസ്കെയിലോ അതിനുമുകളിലോ ഉള്ള ജീവനക്കാർക്കാണ് വിമാനയാത്ര അനുവദനീയമായുള്ളത്. പ്രസ്തുത ഉത്തരവ് പ്രകാരം എ.സി 2ടയർ യാത്രക്കാണ് ശ്രീ.രാജേന്ദ്രന് അർഹതയുള്ളത് . ആകയാൽ ശ്രീ രാജേന്ദ്രൻ ഹോം ടൌൺ ആയി തെരഞ്ഞെടുത്തിരിക്കുന്ന വണ്ടാനം മുതൽ അമൃത്സർ വരെ II AC ട്രയിൻ ഫെയറിനാണ് എൽ.റ്റി.സി വഴി പരമാവധി അർഹത ലഭിക്കുക. ആലപ്പുഴ – അമൃതസർ ട്രയിൻ ഫെയർ II ACയിൽ 3740 രൂപയാണ്(കൊച്ചുവേളി – അമൃത്സർ സൂപ്പർഫാസ്റ്റ് നം. 12483). അതായത് നാല് പേർക്കുമായി ഇരുവശത്തേക്കും അനുവദനീയമായ തുക 29,920 രൂപയാണ് വരുക(3740x4x2). വണ്ടാനം മുതൽ ആലപ്പുഴ റയിൽവേ സ്റ്റേഷൻ വരെ പത്ത് കിലോമീറ്ററിന് ഇരുയാത്രകൾക്കുമായി ടാക്സി ചാർജ്ജ് 650 രൂപയും വരും (മിനിമം 225 രൂപ 5 കി.മിന്. +20രൂ/കി.മി ഓരോ അധിക കി.മിനും((225+5x20)x2))).

ഇങ്ങനെ ആകെ 30,570 രൂപയാണ് എൽ.റ്റി.സിയായി പരമാവധി ലഭിക്കുക. എൽ.റ്റി.സിക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങുന്ന സ.ഉ.(അ)5/2013ധന. തീയതി 2.01.2013 ഖ.8 പ്രകാരം ഹോം ടൌൺ മുതൽ ഒരു സ്ഥലം (ഡസ്റ്റിനേഷൻ) വരെയുള്ള ഇരു ദിശകളിലിക്കുമുള്ള യാത്രാക്കൂലിക്ക് മാത്രമാണ് അർഹത എന്നീരിക്കെ ഡസ്റ്റിനേഷനിൽ തങ്ങി വിവിധ സ്ഥലങ്ങൾ കാണുന്നതിനുള്ള ടാക്സി ചാർജ്ജുകൾ എൽ.റ്റി.സി വഴി തിരികെ ലഭിക്കില്ല. ആകയാൽ 30,570 രൂപയുടെ 90 ശതമാനമായ 27,513 രൂപ മാത്രമാണ് മുൻകൂറായി അനുവദിക്കാവുന്നത്. എന്നാൽ പരമാവധി അനുവദനീയമായതിലും അധികമായി മുൻകൂർ യാത്ര ബത്ത അനുവദിക്കപ്പെട്ടു. 22,487 രൂപ(50000-27513) ഇത്തരത്തിൽ കൂടുതലായി നൽകി.

ക്ലയിം സെറ്റിൽ ചെയ്തതിലെ അപാകം

27.1.23 മുതൽ 3.02.2023 വരെയുള്ള യാത്രക്ക് ശേഷം ക്ലയിം സെറ്റിൽ ചെയ്യാനായി ശ്രീ രാജേന്ദ്രൻ അപേക്ഷിക്കുകയും ഇത് 27.2.2023 ലെ പഞ്ചായത്ത് കമ്മറ്റി അംഗികരിക്കുകയും ചെയ്തു (തീരുമാനം8(4)). കമ്മറ്റി നിയമപ്രകാരമുള്ള എൽ.റ്റി.സി അനുവദിക്കാനാണ് തീരുമാനിച്ചത്. എന്നാൽ തുക പറയുകയുണ്ടായില്ല. ശ്രീ രാജേന്ദ്രൻ ആകെ 81,099 രൂപ ക്ലയിം കാണിച്ച് 50,000 രൂപ മുൻകൂർ കിഴിച്ച് 31,099 രൂപ വൌച്ചർ നം. 22300021 വഴി 05.04.2023ൽ കൈപ്പറ്റി. സെറ്റിൽമെന്റിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എൽ.റ്റി.സി ക്ലയിമായി വണ്ടാനം മുതൽ നെടുമ്പാശ്ശേരിവരെയും തിരിച്ചും ഉള്ള ടാക്സി ചാർജ്ജ്(3706x2=7412രൂപ), നെടുമ്പാശ്ശേരി (കോച്ചി അന്താരാഷ്ട്ര വിമാനത്താവളം) മുതൽ ന്യൂ ഡൽഹി വരെയും തിരിച്ചും ഉള്ള വിമാന ടിക്കറ്റ് ചാർജ്ജ്(56,999 രൂപ), ഡൽഹിയിൽ താമസസ്ഥലത്തുനിന്ന് അമൃതസറിലേക്കും ഡൽഹിയിലെ മറ്റ് സന്ദർശനസൈറ്റുകങ്ങളിലേക്കും പോയി വന്ന ടാക്സി ചാർജ്ജ്(6488+2800+3200+3600=16088 രൂപ), തിരികെ ഡൽഹി വിമാനത്താവളത്തിലേക്കുള്ള ടാക്സി ചാർജ്ജ്(600രൂപ) എന്നിവ ചേർത്താണ് 81,099 രൂപ ക്ലയിം ചെയ്തത്. എന്നാൽ യഥാർഥത്തിൽ മുകളിൽ പറഞ്ഞത് പ്രകാരം വണ്ടാനം മുതൽ ആലപ്പുഴ റയിൽവേ സ്റ്റേഷൻ വരെ പത്ത് കിലോമീറ്ററിന് ഇരുയാത്രകൾക്കുമായി ടാക്സി ചാർജ്ജ് 650 രൂപയും ആലപ്പുഴ മുതൽ അമൃതസർ വരെയും തിരിച്ചും ഉള്ള II AC ട്രയിൻ ഫെയറും (29,920 രൂപ) ആണ് അനുവദനീയം (രാജധാനി ട്രയിൻഫെയർ അനുവദനീയമല്ല). അതായത് ആകെ 30,570 രൂപ ലീവ് ട്രാവൽ കൺസെഷൻ റീഫണ്ട് ലഭിക്കുന്നതിന് അർഹതയുള്ള സ്ഥാനത്ത് 81,099 രൂപ(50000+31099) ശ്രീ.രാജേന്ദ്രൻ കൈപ്പറ്റി. അതായത് 50,520 രൂപ അധികമായി നൽകപ്പെട്ടു (81099-30570). അപാകം ചൂണ്ടിക്കാട്ടി ഓഡിറ്റ് അന്വേഷണം നൽകിയതിനെ തുടർന്ന് ഓഡിറ്റിന്റെ കണ്ടെത്തൽ ശരിവച്ച് കൊണ്ട് ശ്രീ.രാജേന്ദ്രൻ 15.09.2023-ൽ ക്ലയിം പുതുക്കി സമർപ്പിച്ചിട്ടുണ്ട്. അധികം അനുവദിച്ച തുക തിരികെ ഈടാക്കുന്നതാണെന്ന് സെക്രട്ടറിയും അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ അധികം നൽകിയ 50,520 രൂപ തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

റഫറൻസ്

1)സ.ഉ.(അ)27/2021 ധന. തീയതി 10.02.2021
2)സ.ഉ.(അ)5/2013 ധന. തീയതി 02.01.2013
3) വൌച്ചർ നം. 22200952 / 25.01.2023(50,000 രൂപ)
4) ഉത്തരവ് നം. DDP-ALP/23/2023-E2/17.01.2023(ആലപ്പുഴ ഡി.ഡി.പി)
5) 27.2.2023-ലെ അമ്പലപ്പുഴ വടക്ക് പഞ്ചായത്ത് കമ്മറ്റി തീരുമാനം നം.8(4)
6)വൌച്ചർ നം. 22300021 / 05.04.2023 (31,099 രൂപ)
ഓഡിറ്റ് അന്വേഷണങ്ങൾ – നം. 5/08.09.2023, നം. 14/12.09.2023

1-15 മഴക്കാല പൂർവ്വ ശുചീകരണം - ധനവിനിയോഗ മാനദണ്ഡങ്ങൾ ലംഘിക്കപ്പെട്ടു

മഴക്കാല പൂർവ്വ ശുചീകരണത്തിനായി 18 വാർഡ് തല സാനിറ്റേഷൻ സമിതികൾക്കും 10,000 രൂപ വീതം പഞ്ചായത്ത് തനത് ഫണ്ടിൽ നിന്ന് നൽകിയിട്ടുണ്ട്. കൂടാതെ ശുചിത്വമിഷൻ ഗ്രാന്റായി ലഭിച്ച 1,80,000

രൂപയും തുല്യമായി വീതിച്ച് നൽകി. ഇങ്ങനെ ഓരോ വാർഡ് തല സാനിറ്റേഷൻ സമിതികൾക്കും 20,000 രൂപ വീതം ലഭിച്ചിട്ടുണ്ട്. ആയതിന്റെ വിനിയോഗത്തിൽ താഴെപ്പറയുന്ന അപാകങ്ങൾ സംഭവിച്ചു.

എ) അക്കൌണ്ട് മുഖേനയല്ലാതെ പണമായി ചെലവ് ചെയ്തു

സ.ഉ.(അ) 177/2006 ധന. തീയതി 12.04.2006 സർക്കാർ ഉത്തരവ് പ്രകാരം ആയിരം രൂപയിൽ കൂടിയ ഒരു ചെലവും നേരിട്ട് പണായി നിർവ്വഹിക്കാതെ ബാങ്ക് അക്കൌണ്ട് മുഖേന ചെക്ക്/ഡി.ഡി ആയി നിർവ്വഹിക്കേണ്ടതാണ്. 2015-ലെ പുതുക്കിയ മാർഗ്ഗനിർദ്ദേശപ്രകാരം ചെലവുകൾ അക്കൌണ്ട് ട്രാൻസ്ഫർ വഴി നടത്തേണ്ടതുമാണ്. എന്നാൽ വാർഡ് തല സാനിറ്റേഷൻ സമിതികൾ ഈ നിർദ്ദേശം പാലിക്കാതെ കൺവീനർമാരായ ജെ.എച്ച്.ഐ. മാരും ജെ.പി.എച്ച്.എൻ. മാരും ബാങ്കിൽ നിന്ന് നേരിട്ട് പണം പിൻവലിച്ച് ചെലവഴിച്ചുവരുന്നു. വിവിധ വാർഡുകളിൽ ജെ.സി.ബി ഉപയോഗിച്ച് ക്ലീനിംഗ് നടത്തിയതിന് പണം നൽകിയത് അക്കൌണ്ട് മുഖേന അല്ല.

ഉദാഹരണമായി 2022 മാർച്ചിൽ വാർഡ് ഒന്നിൽ മൂന്ന് ദിവസം വൃക്ഷവിലാസം തോപ്പ് തോട് വൃത്തിയാക്കിയതിന് 28,000 രൂപയാണ് കളപ്പുര ദേവൻ എർത്ത് മൂവേഴ്സ് എന്ന സ്ഥാപനത്തിന് പണമായി നൽകിയത്. വാർഡ് രണ്ടിൽ ഇതേ തോടിന്റെ മറ്റൊരുഭാഗം വൃത്തിയാക്കിയതിനും വാർഡ് ഏഴിൽ പുതുവേച്ചിറ തോട് ആഴം കൂട്ടിയതിനും 10,000 രൂപ വീതം റാഫ എർത്ത് മൂവേഴ്സിന് ഇരുവാർഡിലേയും സമിതികൾ നൽകിയതും പണമായി തന്നെയാണ്. വാർഡ് 17-ൽ 30.07.2022, 03.08.2022 തീയതികളിൽ ജെ.സി.ബി ഉപയോഗിച്ച് ക്ലീനിംഗ് നടത്തി എന്ന് കാണിച്ച് 10,000 രൂപ കൊച്ച് പറമ്പ് എർത്ത് മൂവേഴ്സിന് അനുവദിച്ചതും പണമായിതന്നെ. 31.8.22-ൽ ഇതിനുൾപ്പടെ 16,500 രൂപ കൺവീനറായ ശ്രീമതി ഫെബി (ജെ.പി.എച്ച്.എൻ) സ്വന്തം പേരിലെ ചെക്ക് ഉപയോഗിച്ച് മാറി വിതരണം ചെയ്തതായാണ് രേഖ (ചെക്ക് നം. 45104785 സൌത്ത് ഇന്ത്യൻ ബാങ്ക് അമ്പലപ്പുഴ ശാഖ). മറ്റ് വാർഡുകളിലും സമാന സ്വഭാവമുള്ള ജോലികൾ ചെയ്തതിന് തുക പണമായി തന്നെയാണ് നൽകിയിട്ടുള്ളത്.

തൊഴിലാളികൾക്ക് കൂലി നൽകിയിട്ടുള്ളതും പണമായി തന്നെയാണ്. വാർഡ് ആറിൽ കോലേഴം റോഡ് കാന ക്ലീനിംഗ് നടത്തിയതിന്റെ മസ്റ്റർ റോൾ പ്രകാരം ഏഴ് തൊഴിലാളികൾ നാല് ദിവസം വീതവും ഒരാൾ ഒരു ദിവസവും ജോലി ചെയ്തു. പ്രതിദിനം 500 രൂപ നിരക്കിൽ പ്രസ്തുത ഏഴ് തൊഴിലാളികൾക്കും 2,000 രൂപ വീതവും ഒരാൾക്ക് 500 രൂപയും 2.8.22-ൽ നൽകിയത് പണമായി തന്നെയാണ്. ഇതിനായി അന്നേ ദിവസം ക്യാഷ് ചെക്കായി പണം പിൻവലിച്ചു. (ചെക്ക് നം.148668 സൌത്ത് ഇന്ത്യൻ ബാങ്ക് അമ്പലപ്പുഴ ശാഖ, ആകെ 18,600 രൂപ). സർക്കാർ ഉത്തരവ് പാലിക്കാതിരുന്നതിന്റെ കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ ദിവസവേതനക്കാരായ ജെ.സി.ബി.ഓപ്പറേറ്റർമാർ ആവശ്യപ്പെട്ടതിനാൽ വാർഡ് മെമ്പർമാരുടെ നിർദ്ദേശാനുസരണം പണം മാറി നൽകി എന്നാണ് മെഡിക്കൽ ഓഫീസർമാർ വ്യക്തമാക്കിയിട്ടുള്ളത്. ജെ.സി.ബി ഓപ്പറേറ്ററുടെ വേതനം മാത്രമല്ല ജെ.സി.ബി യുടെ പ്രവർത്തന ചാർജ്ജ് മൊത്തം പണമായി തന്നെ നൽകി എന്നതിനാലും സർക്കാർ നിർദ്ദേശം മറികടന്നതിന് മേൽപ്പറഞ്ഞത് ന്യായീകരണമാകുന്നില്ല എന്നതിനാലും പ്രസ്തുത മറുപടി സ്വീകാര്യമല്ല.

സർക്കാർ നിർദ്ദേശം പാലിക്കാതെ പണമായി ചെലവുകൾ നടത്തിയതിൽ യുക്തമായ അന്വേഷണം നടത്തി ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

ബി) മസ്റ്റർ റോളിലെ ക്രമക്കേടുകൾ

വാർഡ് തലത്തിൽ നടത്തപ്പെടുന്ന ഉറവിട നിർമ്മാർജ്ജനം, ക്ലോറിനേഷൻ മുതലായവയുടെ മസ്റ്റർ റോൾ കൃത്യമായല്ല രേഖപ്പെടുത്തി സൂക്ഷിക്കുന്നത്. ശുചീകരണ തൊഴിലാളികളുടെ എല്ലാവരുടേയും ഒപ്പ് ഒരാൾ തന്നെ രേഖപ്പെടുത്തിയിരിക്കുന്നത് പ്രകടമാണ്.

1) വാർഡ് 15-ൽ വൌച്ചർ നം. 1 പ്രകാരം 26.4.22, 27.4.22 തീയതികളിലും വൌച്ചർ 6 പ്രകാരം 6.8.22, 7.8.22 തീയതികളിലും ഉറവിട നിർമ്മാർജ്ജനം നടത്തിയതിന് പണം അനുവദിക്കുന്നതിന് ആധാരമാക്കിയിരിക്കുന്ന മസ്റ്റർ റോളുകളിൽ ഒരാൾ തന്നെയാണ് തൊഴിലാളികളുടെ ഹാജർ രേഖപ്പെടുത്തിയിരിക്കുന്നത് എന്ന് വ്യക്തമാണ്. ഒരേ തൊഴിലാഴികൾ തന്നെയാണ് ഈ രണ്ട് മസ്റ്റർ

റോളിലും ഉൾപ്പെട്ടിട്ടുള്ളതെങ്കിലും അവരുടെ ഇരു മസ്റ്റർ റോളിലേയും ഒപ്പുകൾ തമ്മിൽ പ്രകടമായ വ്യത്യാസം ഉണ്ട്. ശ്രീമതി മീനമോൾ എം., ജെ.എച്ച്.ഐ. ആണ് ഈ പ്രവൃത്തികൾ ചെയ്യിച്ചിരിക്കുന്നത്. 10 തൊഴിലാളികൾക്ക് പ്രതിദിനം 75 രൂപ ക്രമത്തിൽ 2 ദിവസത്തെ ജോലിക്ക് 150 രൂപ വീതം ആകെ 1,500 രൂയാണ് ഇരു വൌച്ചറിലും ചെലവ് കാണിച്ചിട്ടുള്ളത്(ആകെ 3,000 രൂപ). ചെക്ക് നം. 671000 (സൌത്ത് ഇന്ത്യൻ ബാങ്ക് അമ്പലപ്പുഴ ശാഖ, ആകെ 15,000 രൂപ) മുഖേന പിൻവലിച്ചാണ് പണമായി ഈ ചെലവ് ചെയ്തിട്ടുള്ളത്.

2) ശ്രീമതി മീനമോൾ എം., ജെ.എച്ച്.ഐ. തന്നെ കൺവീനറായി ശുചീകരണത്തിന് നേതൃത്വം നൽകിയ വാർഡ് 16 ലെ പ്രവൃത്തികളിലും ഇപ്രകാരം തന്നെയാണ് മസ്റ്റർ റോൾ തയ്യാറാക്കിയിട്ടുള്ളത്. ഈ വാർഡിൽ 23.2.23-ൽ 20,000 രൂപയുടെ (ക്യാഷ് ചെക്ക് നം. 817766 സൌത്ത് ഇന്ത്യൻ ബാങ്ക് അമ്പലപ്പുഴ ശാഖ, ആകെ 20,000 രൂപ) ചെലവിനാധാരമായി ലഭ്യമാക്കിയ 12 വൌച്ചറുകളിൽ ഉൾചേർത്തിരിക്കുന്ന മസ്റ്റർ റോളുകളിൽ തൊഴിലാളികൾ എല്ലാവരുടേയും ഒപ്പുകൾ ഒരാൾ തന്നെ രേഖപ്പെടുത്തിയിരിക്കുന്നു എന്ന് വ്യക്തമാണ്. പ്രാഥമിക പരിശോധനയിൽ തന്നെ കൈയ്യക്ഷരം വച്ച് എല്ലാ ഒപ്പുകളും ശ്രീമതി മീനമോൾ തന്നെ രേഖപ്പെടുത്തിയതായാണ് കാണുന്നത്.

മറ്റ് വാർഡുകളിലെ മസ്റ്റർ റോളിലും സമാനമായ ചില അപാകങ്ങൾ കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് പണാപഹരണം നടന്നിട്ടില്ല എന്നും കൺവീനർ ആയ ജെ.എച്ച്.ഐ. ലീവാകയാൽ ഓഡിറ്റ് ആവശ്യപ്പെട്ടപ്പോൾ വൌച്ചറുകൾ തയ്യാറാക്കി ലഭ്യമാക്കിയതാണ് എന്നുമുള്ള മറുപടിയാണ് മെഡിക്കൽ ഓഫീസർ നൽകിയത്. കൃത്യമായ ചെലവ് രേഖകൾ സൂക്ഷിച്ചിരുന്നില്ല എന്ന് ഇതിൽനിന്ന് വ്യക്തമാകുന്നു.

മസ്റ്റർ റോളിൽ കൃത്രിമം നടന്നതിനാൽ പ്രസ്തുത തുകകളുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ആകയാൽ പ്രസ്തുത 23,000 രൂപ ബന്ധപ്പെട്ട വാർഡ് തല സാനിറ്റേഷൻ സമിതി കൺവീനറിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്. സമാനമായി മറ്റ് വാർഡുകളിലെ കൃത്രിമത്തെ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി ഉത്തരവാദികൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണ്.

സി) <u>മറ്റ് അപാകങ്ങൾ</u>

1) ജെ.സി.ബി വച്ച് നിർവ്വഹിച്ച പ്രവൃത്തികളുടെ ബില്ലിൽ പ്രവൃത്തി ആരംഭിച്ച സമയം, അവസാനിച്ച സമയം, ചെയ്ത പ്രവൃത്തിയുടെ വിശദാംശങ്ങൾ എന്നിവ രേഖപ്പെടുത്തുന്നില്ല. വാർഡ് 17-ൽ 30.07.2022, 03.08.2022 തീയതികളിൽ ജെ.സി.ബി ഉപയോഗിച്ച് ക്ലീനിംഗ് നടത്തി എന്ന് കാണിച്ച് 10,000 രൂപ കൊച്ച് പറമ്പ് എർത്ത് മൂവേഴ്സിന് അനുവദിച്ചതിൽ എന്തെല്ലാം പ്രവൃത്തിയാണ് നടത്തിയത് എന്ന് പോലും വ്യക്തമാക്കിയിട്ടില്ല.

2) ഒന്നാം വാർഡിൽ തൻവർഷം 19,300 രൂപയുടെ പ്രവൃത്തി മാത്രമാണ് നിർവ്വഹിക്കപ്പെട്ടത്. ബാക്കി 700 രൂപ അക്കൌണ്ടിൽ ശേഷിക്കുന്നു. ഈ തുക വിനിയോഗിക്കപ്പെടാത്തപക്ഷം പഞ്ചായത്തിന് കൈമാറേണ്ടതാമെങ്കിലും അത് ചെയ്തിട്ടില്ല.

അപാകങ്ങൾ പരിഹരിക്കാൻ സത്വര നടപടി സെക്രട്ടറിയും മെഡിക്കൽ ഓഫീസറും (പി.എച്ച്.സി) സ്വീകരിക്കേണ്ടതാണ്.

<u>ചെലവ് വിവരം</u> (പഞ്ചായത്ത് വാർഡ് തല സാനിറ്റേഷൻ സമിതികൾക്ക് നൽകിയത്)

തനത് ഫണ്ട് -ആകെ 1,80,000 രൂപ വൌച്ചർ നം. 22200096/ 19.05.2022

ശുചിത്വമിഷൻ ഗ്രാന്റ്- ആകെ 1,80,000 രൂപ വൌച്ചർ നം. 22200694 /17.11.2022

ഓഡിറ്റ് അന്വേഷണം നം- 30/15.09.2023

## 1-16 പോസ്റ്റ്ഷിഫ്റ്റിംഗ് - പൂർത്തീകരണ രേഖകൾ ഹാജരാക്കിയില്ല

വിവിധ വാർഡുകളിലെ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കലിനായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

എ) നടപ്പാതകളിലെ വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ

പ്രോജക്റ്റ് നം. 49/23

അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, അമ്പലപ്പുഴയുടെ 30.04.22, 19.08.22, 12.09.22, 11.11.22 തീയതികളിലെ എസ്റ്റിമേറ്റ് പ്രകാരം പോസ്റ്റ് ഷിഫ്റ്റിംഗിനായി കെ.എസ്.ഇ.ബി.യിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ ചെലവ് വിവരം ചുവടെ ചേർക്കുന്നു

| ഫണ്ട് | ബിൽ നം.,തീയതി | തുക |
|---|---|---|
| ധനകാര്യകമ്മീഷൻഗ്രാന്റ് | 179/19.11.22 | 9,084/- |
| | 124/14.09.22 | 7,622/- |
| | 106/25.08.22 | 6,480/- |
| തനത്ഫണ്ട് | ചെക്ക് നം. 655992/26.05.22 | 7,539/- |
| | ചെക്ക് നം. 115912/26.05.22 | 27,223/- |
| ആകെ | | 57,948/- |

തനത്ഫണ്ടിൽ നിന്നും ചെലവഴിച്ച 27,233 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്.

ബി) നടപ്പാതകളിലെ വൈദ്യുതി പോസ്റ്റ് മാറ്റിസ്ഥാപിക്കൽ

പ്രോജക്റ്റ് നം. 64/23

അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, അമ്പലപ്പുഴയുടെ 15.11.22, 06.12.22, 30.12.22,03.03.23 തീയതികളിലെ എസ്റ്റിമേറ്റ് പ്രകാരം 11, 16 വാർഡുകളിലെ പോസ്റ്റ് ഷിഫ്റ്റിംഗിനും, അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, പുന്നപ്രയുടെ 13.10.22-ലെ എസ്റ്റിമേറ്റ് പ്രകാരം വാർഡ് 18 ലെ പോസ്റ്റ് ഷിഫ്റ്റിംഗിനും ആയി ആകെ 1,15,259/- രൂപ കെ.എസ്.ഇ.ബി.യിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

| ഫണ്ട് | ബിൽ നം., തീയതി | തുക |
|---|---|---|
| വികസനഫണ്ട് | 26/22-23/25.10.22 | 35,419 |
| | 38/22-23/04.01.23 | 20,018 |
| | 35/22-23/15.12.22 | 9,634/- |
| | 34/22-23/07.12.22 | 22,595/ |
| തനത്ഫണ്ട് | ചെക്ക് നം.115922/10.03.23 | 27,593/- |
| ആകെ | | 1,15,259/- |

പോസ്റ്റ് ഷിഫ്റ്റിംഗിനായി ചെലവഴിച്ച തുകകളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് കെ.എസ്.ഇ.ബി.യിൽ നിന്നും ലഭിക്കുന്ന മുറക്ക് ഹാജരാക്കുന്നതാണെന്ന് മറുപടി നൽകി. പൂർത്തീകരണരേഖകളുടെ അഭാവത്തിൽ രണ്ടുപദ്ധതികളിലായി 1,45,984/-രൂപ (173207 – 27223)തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് അന്വേഷണം നം.7/12.09.23

1-17 തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ -പൂർത്തീകരണരേഖകൾ ഹാജരാക്കിയില്ല -4,02,485/-രൂപ തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി.

പ്രോജക്റ്റ് നം. 65/23

പദ്ധതിയുടെ ഭാഗമായി ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു

| വാർഡ് നം., എസ്റ്റിമേറ്റ് തീയതി | തുക | ബിൽ നം., തീയതി |
|---|---|---|
| 17/19.03.22<br>അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ<br>സെക്ഷൻ, അമ്പലപ്പുഴ | 1,23,672/-<br>(വികസന ഫണ്ട്) | 12/22-23/18.08.22 |
| 1/30.03.22<br>അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ<br>സെക്ഷൻ, പുന്നപ്ര | 32018/-<br>(വികസന ഫണ്ട്) | 14/22-23/23.08.22 |
| 8/14.12.21<br>അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ<br>സെക്ഷൻ, അമ്പലപ്പുഴ | 99856/-<br>(വികസന ഫണ്ട്) | 33/22-23/22.11.22 |
| V/20.01.23<br>അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ<br>സെക്ഷൻ, പുന്നപ്ര | 146939/-<br>(തനത് ഫണ്ട്) | 42200862/20.03.23 |

പൂർത്തീകരണരേഖകൾ ഹാജരാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് കെ.എസ്.ഇ.ബി.യിൽ നിന്നും ലഭിക്കുന്ന മുറക്ക് ഹാജരാക്കുന്നതാണെന്ന് മറുപടി നൽകി. വിനിയോഗവിവരങ്ങളുടെ

അഭാവത്തിൽ ചെലവഴിച്ച 4,02,485/-രൂപ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് അന്വേഷണം 8/12.09.23

1-18 കാലഹരണപ്പെട്ടതും മുതൽ കൂട്ടാത്തതുമായ നിക്ഷേപങ്ങൾ

വിവിധ ഇനങ്ങളിൽ കാലങ്ങളായി പഞ്ചായത്തിൽ നിക്ഷേപിക്കപ്പെട്ടതും കാലഹരണപ്പെട്ടതുമായ നിക്ഷേപങ്ങൾ തനത് ഫണ്ടിൽ മുതൽ കൂട്ടാതെ അവശേഷിക്കുന്നതിന്റെ വിവരം ചുവടെ ചേർക്കുന്നു. 95,632 രൂപയാണ് ഇപ്രകാരം അവശേഷിക്കുന്നത്. ഇതുമൂലം സ്ഥാപനത്തിന്റെ ബാദ്ധ്യത ഉയർന്നിരിക്കാനിടയാകുന്നു. കാലഹരണപ്പെട്ട നിക്ഷേപങ്ങൾ മുതൽക്കൂട്ടാൻ പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.ഇത് കൂടാതെ തെരഞ്ഞെടുപ്പിലെ സ്ഥാനാർത്ഥികൾ കെട്ടിവച്ച തുകയിൽ 31,500 രൂപ ഇനിയും തിരികെ നൽകിയിട്ടില്ല. നിശ്ചിത നിരക്കിൽ വോട്ട് ലഭിക്കാത്ത സ്ഥാനാർത്ഥികളുടെ നിരതദ്രവ്യം മുതൽകൂട്ടേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5, തീയതി 08.09.2023) കാലഹരണപ്പെട്ട നിക്ഷേപങ്ങൾ മുതൽ കൂട്ടാൻ നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

| ഇനം | നിക്ഷേപിച്ച വർഷം | | | | ആകെ |
|---|---|---|---|---|---|
| | 2016-17 | 2017-18 | 2018-19 | 2019-20 | |
| കോൺട്രാക്ടേഴ്സ് ഇ.എം.ഡി | -- | 16,550 | 4,500 | 3,750 | 24,800 |
| സപ്ലയേഴ്സ് ഇ.എം.ഡി | 9,250 | 3,500 | 28,700 | 7,500 | 48,950 |
| കോൺട്രാക്ടേഴ്സ് സെക്യൂരിറ്റി | 4,000 | 8,882 | -- | -- | 12,882 |
| സപ്ലയേഴ്സ് സെക്യൂരിറ്റി | -- | 6,000 | 2,000 | -- | 8,000 |
| ലേലം | -- | 1,000 | -- | -- | 1,000 |
| ആകെ | 13,250 | 35,932 | 35,200 | 11,250 | 95,632 |

1-19 ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ ഈടാക്കപ്പെട്ടില്ല

ഫെസ്റ്റിവൽ അഡ്വാൻസായി ശ്രീമതി മായ കെ., സാവിത്രി എസ്. എന്നിവർക്ക് 20,000 രൂപ വീതം നൽകിയതിൽ ഡിസംബർ, ജനുവരി മാസങ്ങളിൽ തിരിച്ച് പിടിക്കേണ്ട തുക (4,000 രൂപ വീതം)തിരികെ ഈടാക്കിയിട്ടില്ല, ഇതുമൂലം ഒരാളിൽ നിന്ന് 8,000 രൂപ വീതം ആകെ 16,000 രൂപ തിരികെ ഈടാക്കപ്പെടാതെ ശേഷിക്കുന്നു. ഈ രണ്ട് ജീവനക്കാരും ഈ കാര്യാലയത്തിൽ നിന്ന് സ്ഥലം മാറി പോയിട്ടുള്ളതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് പ്രസ്തുത അഡ്വാൻസ് തുക ലഭ്യമാക്കാൻ ഈ ജീവനക്കാർ നിലവിൽ ജോലിചെയ്ത് വരുന്ന കാര്യാലയങ്ങളുമായി ബന്ധപ്പെട്ടിട്ടുണ്ട് എന്ന മറുപടിയാണ് ലഭ്യമായത്. പ്രസ്തുത തുക തിരികെ ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

വൗച്ചർ നം./തീയതി – 22200480/12.09.2022

ആകെ തുക –2,06,000 രൂപ

ഓഡിറ്റ് അന്വേഷണം – 4/8.09.2023

### 1-20 എം.സി.എഫ്.ന് വാങ്ങിയ സ്ഥലം പോക്ക് വരവ് ചെയ്ത് ആസ്തിയിലുൾപ്പെടുത്തിയില്ല

പ്രോജക്ടിന്റെ പേര് -എം.സി.എഫ്.ന് സ്ഥലം വാങ്ങൽ
പ്രോജക്ട് നം.61/23
നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി
ചെലവ് 15,00,000/- (ചെക്ക് നം. 938014/06.01.23)

എം.സി.എഫ്. നിർമ്മാണത്തിനായി വാർഡ് 17 ൽ ശ്രീമതി ജലീലയുടെ ഉടമസ്ഥതയിലുള്ള 3.65ആർസ് വസ്തു (ബ്ലോക്ക് നം.14, റീസർവേ നം.4/20-1) വാങ്ങി 05.01.2023 ൽ സെക്രട്ടറി പേരിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി സ്ഥലം പോക്ക് വരവ് ചെയ്ത് പഞ്ചായത്തിന്റെ ആസ്തിയിലുൾപ്പെടുത്തിയതിന്റെ രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് പോക്ക് വരവിനായി അപേക്ഷസമർപ്പിട്ടിട്ടുണ്ടെന്നാണ് മറുപടി നൽകിയതത്. എംസിഎഫ് നിർമ്മാണനടപടികളുടെ നിലവിലെ വിവരം റിപ്പോർട്ട് ചെയ്യാനാവശ്യപ്പെട്ടുവെങ്കിലും വിശദാംശങ്ങൾ ഹാജരാക്കിയില്ല. സ്ഥലം പോക്ക് വരവ് ചെയ്ത് പഞ്ചായത്തിന്റെ ആസ്തിയിലുൾപ്പെടുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം 10/12.09.23

### 1-21 പത്രപ്പരസ്യം -നിർദ്ദിഷ്ട വലുപ്പത്തിൽ കൂടുതൽ നൽകുന്നത് അധികചെലവിന് കാരണമാകുന്നു

സ.ഉ(അ)/01/04/ഐ.ആൻഡ്.പി.ആർ തീയതി 01.01.04 ഉത്തരവിലൂടെ വിൻഡോ മാതൃകയിൽ നൽകുന്ന പരസ്യങ്ങൾ (8cmx3cm)=24cm$^2$ വലിപ്പത്തിൽ ആയിരിക്കണം എന്നും പൂർണ്ണമായ പരസ്യങ്ങൾ വെബ്സൈറ്റിൽ മാത്രം പ്രസിദ്ധീകരിച്ചാൽ മതിയെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്ത് മാതൃഭൂമി, ദേശാഭിമാനി ദിനപത്രത്തിൽ നൽകിയ ടെണ്ടർ പരസ്യം "വിൻഡോ" രൂപത്തിൽ ആണെങ്കിലും നിർദ്ദിഷ്ട വലുപ്പത്തിൽ കൂടുതലുള്ളവയായിരുന്നു. പദ്ധതിരൂപീകരണ നിർവ്വഹണ മോണിറ്ററിംഗ് ചെലവുകൾ എന്ന പ്രോജക്ടിന്റെ (നം. 69/23) ഭാഗമായുള്ള ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എ) ദേശാഭിമാനി

| ക്രമ നമ്പർ | പരസ്യം ബിൽ തീയതി | പരസ്യത്തിന്റെ വലിപ്പം (സെ.മീ സ്ക്വയറിൽ) | ഡിസ്കൗണ്ട് കഴിഞ്ഞ് അനുവദിച്ച തുക @220/cm$^2$ +Gst | 3x8cm$^2$ വലിപ്പത്തിൽ വിൻഡോ പരസ്യത്തിന് അനുവദിക്കാവുന്ന തുക @220/cm$^2$ +Gst | അധികം നൽകിയ തുക | ചെലവിന്റെ വിവരം |
|---|---|---|---|---|---|---|
| 1 | 28.10.22 | 8x4=32cm$^2$ | 6283 | 4712 | 1571 | 937972/22.11.22 |
| 2 | 06.08.22 | 8x4=32cm$^2$ | 6283 | 4712 | 1571 | 22/15.09.22 |

| | | | | | | |
|---|---|---|---|---|---|---|
| 3 | 24.08.22 | 8x4=32cm$^2$ | 6283 | 4712 | 1571 | 793184/07.10.22 |
| 4 | 27.11.22 | 8x4=32cm$^2$ | 6283 | 4712 | 1571 | 937991/14.12.22 |

ബി) മാതൃഭൂമി

| ക്രമ നമ്പർ | പരസ്യം ബിൽ തീയതി | പരസ്യത്തിന്റെ വലിപ്പം (സെ.മീ സ്ക്വയറിൽ) | ഡിസ്കൗണ്ട് കഴിഞ്ഞ് അനുവദിച്ച തുക @290/cm$^2$ +Gst | 3x8cm$^2$ വലിപ്പത്തിൽ വിൻഡോ പരസ്യത്തിന് അനുവദിക്കാവുന്ന തുക @290/cm$^2$ +Gst | അധികം നൽകിയ തുക | ചെലവിന്റെ വിവരം |
|---|---|---|---|---|---|---|
| 1 | 01.04.22 | 8x4=32cm$^2$ | 8282 | 7308 | 974 | 13/10.08.22 |
| 2 | 24.08.22 | 8x5=40cm$^2$ | 10353 | 6216 | 4137 | 22/15.09.22 |
| 3 | 06.08.22 | 8x4=32cm$^2$ | 8282 | 6212 | 2070 | |
| 4 | 02.10.22 | 8x4=32cm$^2$ | 8282 | 6212 | 2070 | 42200501/07.11.22 |
| 5 | 01.11.22 | 8x4=32cm$^2$ | 8282 | 6212 | 2070 | 937991/14.12.22 |
| 6 | 10.11.22 | 8x4=32cm$^2$ | 8282 | 6212 | 2070 | |
| 7 | 26.11.22 | 8x5=40cm$^2$ | 10353 | 6216 | 4137 | |
| 8 | 07.01.23 | 8x4=32cm$^2$ | 8282 | 6212 | 2070 | 42200754/09.02.23 |
| 9 | 03.02.23 | 8x4=32cm$^2$ | 8282 | 6212 | 2070 | 115929/20.03.22 |

അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്, ആവശ്യമായ എല്ലാവിവരങ്ങളും ഉൾപ്പെടുത്തിയതിനാലാണ് പരസ്യം നിർദ്ദിഷ്ട വലുപ്പത്തിലും അധികമായതെന്നും ഭാവിയിൽ അപാകത ആവർത്തിക്കാതെ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചു. സർക്കാർമാർഗ്ഗ നിർദ്ദേശത്തിനനുസൃതമായി പത്രപ്പരസ്യത്തിന്റെ വലുപ്പം നിജപ്പെടുത്താൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം.13/12.09.23

## 1-22 ഐകെഎം വിഹിതം അടക്കൽ - വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 1,11,693/-രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ടിന്റെ പേര് -ഐകെഎം വിഹിതം അടക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

വികസനഫണ്ട് (ജനറൽ)

പ്രോജക്ട് നം. 70/23

111693/-ബിൽ നം.11/10.08.22

ഐകെഎം വിഹിതം ആയി നൽകിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചു. വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 1,11,693/- രൂപ തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് അന്വേഷണം നം.10/12.09.23

1-23 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ -മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല

പ്രോജക്ട് നം - 13/23

പ്രോജക്ടിന്റെ പേര് - ഹോമിയോ ആശുപത്രിയിലേക്ക് മരുന്നും അനുബന്ധസാമഗ്രികളും വാങ്ങൽ

ഫണ്ട് – മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്)

അടങ്കൽ – 3,50,000/-

ചെലവ് – 3,50,000/- (ബിൽ നം. 2/22-23/22.9.22)

ഹോമിയോ ഡിസ്പെൻസറിക്ക് ആവശ്യമായ മരുന്നുകളും അനുബന്ധസാമഗ്രികളും വാങ്ങുന്നതിനായി 3,50,000/-രൂപ ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ, 2,32,896/- രൂപയുടെ മരുന്നുകൾ (Inv.no.LF 144/30.05.23,Inv.no.LF 432/03.07.23) മാത്രമാണ് ലഭിച്ചത്. ബാക്കി തുകയ്ക്കുള്ള (1,17,104/-)മരുന്നുകൾ ലഭിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഹോംകോക്ക് കത്ത് നൽകി എന്നും മരുന്നുകൾ ലഭ്യമാകുന്ന മുറക്ക് വിശദാംശം ഹാജരാക്കുന്നതാണെന്നും അറിയിച്ചു. മരുന്നുകൾ ലഭ്യമാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം.06/12.09.23

1-24 ഗ്രാമസഭകളുടെ പ്രവർത്തനം ഗുണഭോക്തൃ തെരഞ്ഞെടുപ്പിൽ ഒതുങ്ങുന്നു- ഹാജർ രേഖപ്പെടുത്തുന്നതിൽ ക്രമക്കേടുകൾ സംശയിക്കുന്നു

വിവിധ വാർഡുകളിൽ ഗ്രാമസഭകൾ മൂന്ന് മാസത്തിലൊരിക്കൽ യോഗം കൂടുന്നെങ്കിലും അധികാര വിനിയോഗവും ഉത്തരവാദിത്ത നിർവ്വഹണവും ശുഷ്കമാണ്. വ്യക്തിഗത ഗുണഭോക്തൃ പട്ടികകൾ അംഗീകരിക്കുന്നതിലധികമായി ഗ്രാമസഭകൾ അതിനെ നിയമം ഏൽപ്പിച്ചുനൽകിയ അധികാരങ്ങൾ വിനിയോഗിക്കുകയോ കടമകൾ നിർവ്വഹിക്കുകയോ ചെയ്യുന്നില്ല. കേരള പഞ്ചായത്ത് രാജ് നിയമം 1994 വകുപ്പ് 3(6) അനുശാസിക്കും പ്രകാരം ആ വാർഡിൽ നടപ്പാക്കാനുദ്ദേശിക്കുന്ന വികസന പദ്ധതികളുടെ സാമ്പത്തിക അവലോകനം, മുൻവർഷത്തെ വാർഷിക കണക്കുകളുടെ പത്രിക, ഭരണ നിർവ്വഹണ റിപ്പോർട്ട് എന്നിവ പഞ്ചായത്ത് ഓരോ വർഷത്തേയും ആദ്യ ഗ്രാമസഭ മുൻപാകെ വയ്ക്കേണ്ടതും വകുപ്പ് 3എ(2)പ്രകാരം ഗ്രാമസഭ ഇത് ചർച്ച ചെയ്യേണ്ടതുമാണെങ്കിലും ഇത്തരം നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നില്ല. വകുപ്പ് 3എ ഉപഖണ്ഡിക 1(എ മുതൽ എസ് വരെ )പ്രതിപാദിക്കുന്ന അധികാരങ്ങൾ ഗ്രാമസഭകൾ യഥാവിധി വിനിയോഗിച്ചതായി കാണുന്നില്ല. ക്ഷേമപെൻഷൻ അപേക്ഷകരുടെ അർഹത ഗ്രാമസഭകളുടെ പരിശോധനകൾക്ക് വിധേയമാക്കപ്പെടുന്നില്ല. പല ഗ്രാമസഭകളും ശരിയായ ക്വോറം ഇല്ലാതെയാണ് യഥാർത്ഥത്തിൽ കൂടുന്നത്. വാർഡ് 6, 10,12 എന്നിവയുടെ ഗ്രാമസഭാ മിനിറ്റ്സ് പരിശോധിച്ചതിൽ പങ്കെടുത്തവരെല്ലാം ഒരേ കൈപ്പടയിൽ തന്നെ പേരുവിവരങ്ങളും ഒപ്പും രേഖപ്പെടുത്തിയിട്ടുള്ളതായി കണ്ടു. വാർഡ് 6, 10,12 എന്നിവയിൽ 2022 സെപ്തംബറിൽ കൂടിയ

ഗ്രാമസഭയിൽ ഇപ്രകാരം ഹാജർ രേഖപ്പെടുത്തിയതിന്റെ ചിത്രങ്ങൾ ഇതോടൊപ്പം ചേർക്കുന്നു.




ശരിയായ രീതിയിൽ സംഘടിപ്പിക്കപ്പെടുന്ന ഗ്രാമസഭകളാണ് ജനകീയാസൂത്രണത്തിന്റേയും അധികാര വികേന്ദ്രീകരണത്തിന്റേയും ആണിക്കല്ല്. ആകയാൽ നിയമാനുസൃതമുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിനും കടമകൾ നിർവ്വഹിക്കുന്നതിനും ഗ്രാമസഭകളെ പ്രാപ്തമാക്കാനാവശ്യമായ നടപടികൾ പഞ്ചായത്ത് ഭരണസമിതി സ്വീകരിക്കേണ്ടതാണ്. ഒപ്പം മിനിറ്റ്സിൽ ഒപ്പ് രേഖപ്പെടുത്തുന്നയാൾ യഥാർത്ഥത്തിൽ ഗ്രാമസഭയിൽ പങ്കെടുത്തിട്ടുള്ളതാണ് എന്ന് ഉറപ്പിക്കേണ്ടതും കൃത്രിമം നടന്നാൽ ഗ്രാമസഭ കോ-ഓർഡിനേറ്ററെ ഉത്തരവാദികളായി നിർണ്ണയിച്ച് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-25 സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ/ കുടുംബ പെൻഷൻ ലഭിയ്ക്കുന്നവർ അനർഹമായി കൈപ്പറ്റിയ സാമൂഹ്യസുരക്ഷാ പെൻഷൻ തിരികെ ഈടാക്കിയില്ല

സാമൂഹ്യപെൻഷൻ സംബന്ധിച്ച വിതരണ രേഖകളും സേവന പെൻഷൻ സോഫ്റ്റ്‌വെയറും പരിശോധിച്ചതിൽ നിന്നും സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ/കുടുംബ പെൻഷൻ ലഭിയ്ക്കുന്ന ഗുണഭോക്താക്കളിൽ ചിലർ അനർഹമായി സാമൂഹ്യസുരക്ഷാപെൻഷൻ കൈപ്പറ്റിയതായി കാണുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പെൻഷൻ ഐഡി നം. | പേര് മേൽവിലാസം | പി.പി.ഒ നം.& ട്രഷറി | പെൻഷൻ അനുവദിച്ച തീയതി മുതൽ സസ്പെൻഡ് ചെയ്യപ്പെട്ട തീയതി വരെ ഉള്ള തുക സേവന പ്രകാരം | തിരികെ അടവാക്കിയ തുക | ബാലൻസ് തുക |
|---|---|---|---|---|---|---|
| 1 | 10450100340 | തങ്കമ്മ, പുതുവൽ, വണ്ടാനം. | 33169006 | 74400 | 0 | 74400 |

| | | | | | | |
|---|---|---|---|---|---|---|
| 2 | 104500100476 | സുമതി, തൈവളപ്പിൽ, വണ്ടാനം. | APY/14162 | 73900 | 0 | 73900 |
| 3 | 104500100721 | ശാന്തമ്മ, കൊച്ചുകളുവത്ര കാക്കാഴം | 88425006 | 70600 | 0 | 70600 |
| 4 | 104500201167 | രത്നമ്മ, പെരുമ്പള്ളിൽ, കാക്കാഴം | APY/11269 | 25500 | 0 | 25500 |
| 5 | 104500201495 | രാധമ്മ കെ.പി., ശരണ്യ, വണ്ടാനം | APY/14710 | 42800 | 0 | 42800 |
| 6 | 104500600913 | ലതിയമ്മ, തൈപ്പറമ്പ്, വണ്ടാനം | 45296210 | 44000 | 0 | 44000 |
| 7 | 104500600948 | ജയ എൻ., സൌഹൃദം, കഞ്ഞിപ്പാടം | 110953545 | 40800 | 0 | 40800 |
| 8 | 104500201770 | കെ.സുദർശനൻ മാടവനത്തോപ്പ്, വണ്ടാനം | ലഭ്യമല്ല | 10500 | 0 | 10500 |
| 9 | 104500201775 | ശാന്തമ്മ പാക്കള്ളിൽ, നീർക്കുന്നം | പാസ്ബുക്ക് നം. 79901040006374 | 22300 | 0 | 22300 |

ധനകാര്യവകുപ്പിന്റെ (എസ്.എഫ്.സി.സെൽ-ബി)23.01.2020-ലെ 07/2020 നം. സർക്കുലർ പ്രകാരം സാമൂഹ്യസുരക്ഷാപെൻഷൻ അനർഹമായി കൈപ്പറ്റി വരുന്ന സർക്കാർ ജീവനക്കാർ/സർവ്വീസ് പെൻഷണർമാർ/കുടുംബപെൻഷണർമാർ എന്നിവരിൽ നിന്നും അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കാൻ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. മേൽ പെൻഷണർമാരിൽ നിന്നും അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്, തുക തവണകളായി ഒടുക്കുന്നതിന് ഇവർ തയ്യാറാണെന്ന് അറിയിച്ചിരുന്നതായും എന്നാൽ പഞ്ചായത്ത് ഡയറക്ടറുടെ 03.01.22-ലെ കത്തിൽ ഇപ്രകാരം തവണകളായി തുക ഈടാക്കുന്നതിന് സർക്കാർ നിർദ്ദേശം ആവശ്യമാണെന്ന് അറിയിച്ചിട്ടുണ്ടെന്ന് മറുപടി നൽകി. സർക്കാർ മാർഗ്ഗനിർദ്ദേശത്തിന് അനുസൃതമായി തുടർനടപടി സ്വീകരിച്ച് അനർഹമായി കൈപ്പറ്റിയ തുക ഈടാക്കി മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം.28/15.09.23

1-26 നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ നൽകിയ തുകകളുടെ വിനിയോഗരേഖകൾ ഹാജരാക്കിയില്ല.

അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ വിവിധ പ്രവൃത്തികൾക്കായി കേരളാ വാട്ടർ അതോറിറ്റിയിൽ 2011-12 മുതൽ 2021-22 വരെ ഡെപ്പോസിറ്റ് ചെയ്ത 47,73,104/-രൂപയുടെയും കെ.എസ്.ഇ.ബി.യിൽ 2014-15 മുതൽ 2021-22 വരെ ഡെപ്പോസിറ്റ് ചെയ്ത 27,26,159/-രൂപയുടെയും വിനിയോഗസാക്ഷ്യപത്രം ലഭിച്ചതായി കാണുന്നില്ല. നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ നൽകിയ പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ അവസ്ഥ ലഭ്യമാക്കാനും പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെങ്കിൽ ഹാജരാക്കാനുമായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന്, നിർവ്വഹണ ഏജൻസികളുമായി ബന്ധപ്പെട്ട് വിനിയോഗരേഖകൾ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. ഡെപ്പോസിറ്റ് വർക്കായി നടപ്പാക്കിയ പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ അവസ്ഥ അറിയിക്കേണ്ടതും പൂർത്തീകരണ രേഖകൾ ലഭിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിച്ച് മറുപടി ലഭ്യമാക്കേണ്ടതുമാണ്.
ഓഡിറ്റ് അന്വേഷണം നം. 11/12.09.23

1-27 ലൈഫ് ഭവന നിർമ്മാണം - അഞ്ച് ഗുണഭോക്താക്കൾ നിർമ്മാണം ആരംഭിച്ചിട്ടില്ല

ലൈഫ് ഭവന നിർമ്മാണ പദ്ധതിയിൽ മുൻകൂറായി ആദ്യഗഡു നാല്പതിനായിരം രൂപ കൈപ്പറ്റിയ അഞ്ച് ഗുണഭോക്താക്കൾ ഇതുവരെ നിർമ്മാണം ആരംഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരുവിവരം | വിഭാഗം | മുൻകൂർ ഗഡു (40,000 രൂപ) അനുവദിച്ച തീയതി |
|---|---|---|---|
| 1 | ആരിഫ ഹനീഫ, അറുപതിൽ ചിറ, വാർഡ് 4 | ജനറൽ | 04.05.2019 |
| 2 | ആശ സജനകുമാർ, ചെമ്പകശ്ശേരി, വാർഡ് 9 | എസ്.സി | 20.03.2021 |
| 3 | ശാരി മനോജ്, ലക്ഷം വീട് വാർഡ് 14 | ജനറൽ (ഫിഷറീസ്) | 24.03.2021 |
| 4 | ശാരദ, കണ്ണംതറ, വാർഡ് 9 | എസ്.സി | 30.09.2021 |
| 5 | നിസ നസീർ, ദൈവപുരയ്ക്കൽ, വാർഡ്13 | ജനറൽ (ഫിഷറീസ്) | 30.03.2022 |

ഇതിൽ 2019-ൽ പണം ലഭിച്ചതും നാല് വർഷം കഴിഞ്ഞിട്ടും ഭവന നിർമ്മാണം ആരംഭിക്കാത്തതുമായ ശ്രീമതി ആരിഫയ്ക്ക് മുൻകൂർ കൈപ്പറ്റിയ തുക പലിശ സഹിതം തിരികെ അടയ്ക്കാൻ നിർദ്ദേശിച്ച്

സെക്രട്ടറി 08.08.2022-ൽ നോട്ടീസ് നൽകിയിരുന്നതാണ്. എന്നിട്ടും നിർമ്മാണം ആരംഭിക്കുകയോ പണം തിരിച്ചടയ്ക്കുകയോ ചെയ്യാത്തതിനാൽ റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കാൻ 24.04.2023-ലെ പഞ്ചായത്ത് കമ്മറ്റി തീരുമാനിച്ചിട്ടുണ്ട്(തീരുമാനം നം. 6(1)).

ലൈഫ് പദ്ധതിയിൽ ധനസഹായം ലഭിച്ച മുഴുവൻ ഗുണഭോക്താക്കളും സമയബന്ധിതമായി പണി പൂർത്തിയാക്കുന്നു എന്ന് ഉറപ്പാക്കാൻ നിർവ്വഹണോദ്യോഗസ്ഥരും പഞ്ചായത്ത് ഭരണസമിതിയും കൃത്യമായ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

1-28 MGNREGS-ആട്ടിൻ കൂട് നിർമ്മാണത്തിലെ അപാകതകൾ- അധിക ചെലവ് 11,711/- രൂപ

11-ാം വാർഡിൽ ഫാരിഷ, വെള്ളൂരിന്റെ വീട്ടിലെ ആട്ടിൻകൂട് നിർമ്മാണം- അപാകതകൾ

വർക്ക് കോഡ് –I F-817678

അളവുപുസ്തകം -234/22-23

ആകെ ചെലവ് -2,44,805/-

FTO- 16517/28-03-23, Rs-1,99,619/-

7 മീറ്റർ നീളത്തിലും, 4 മീറ്റർ വീതിയിലും 2,44,805/- രൂപ ചെലവഴിച്ച് നിർമ്മിച്ചിട്ടുള്ള ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.മെറ്റീരിയൽ വിലയ്ക്കുപോൽബലകമായി ഗുണഭോക്താവ് ഹാജരാക്കിയ ബില്ലുകൾ പ്രകാരമുള്ള ചെലവും അളവ് പുസ്തകത്തിലെ ആകെ മെറ്റീരിയൽ വിലയും തമ്മിൽ അന്തരം-

നിർമ്മാണവുമായി ബന്ധപ്പെട്ട് ഗുണഭോക്താവ് ഹാജരാക്കിയ ചെലവ് രേഖകൾ പരിശോധിക്കാതെയാണ് തുക അനുവദിച്ചിട്ടുള്ളത്. ഹാജരാക്കിയ ബില്ലുകൾ പ്രകാരം വാങ്ങിയതായി രേഖപ്പെടുത്തിയിട്ടുള്ള പല മെറ്റീരിയലുകളും ഈ പ്രവർത്തിക്ക് ആവശ്യമായതിലും വളരെയധികം അളവിലുള്ളതാണ്. ആയതിനാൽ തന്നെ ഹാജരാക്കിയ ചെലവ് രേഖകൾ എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ള പ്രവൃത്തി നിർവ്വഹിക്കുന്നതിനാവശ്യമായ മെറ്റീരിയലിന്റെ ചെലവിനെക്കാൾ വളരെയധികമാണ്.

| അളവു പുസ്തകം പ്രകാരം ആകെ മെറ്റീരിയൽ വില | ഗുണഭോക്താവ് ഹാജരാക്കിയ ബില്ലുകൾ പ്രകാരമുള്ള ആകെ ചെലവ് |
|---|---|
| 2,00,410 | 2,34,053/- |

2.ഭൌതിക പരിശോധനയിൽ ബോധ്യപ്പെട്ടതും അളവു പുസ്തകത്തിലെ രേഖപ്പെടുത്തലുമായി പൊരുത്തപ്പെടുന്നില്ല-

പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച് നടത്തിയ ഭൌതിക പരിശോധനയിൽ യഥാർത്ഥത്തിൽ നിർവ്വഹിച്ച പ്രവൃത്തികളല്ല അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതെന്ന് കണ്ടു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനവിവരം | സ്പെസിഫിക്കേഷൻ | അളവു പുസ്തകം പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള അളവ്/നിരക്ക്/തുക | ഭൌതിക പരിശോധനയിൽ കണ്ടത് |
|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | | |
| 2. | Providing And Laying In Position Cement Concrete Of Specified Grade (ഫൌണ്ടേഷൻ 4 വശവും 0.45 Cm.വീതിയിൽ കോൺക്രീറ്റിംഗ്) | 1.98.m3 | 8886.75/ $M^3$ | 17595/- | സോളിഡ് ബ്ലോക്ക് ഉപയോഗിച്ച് ഫൌണ്ടേഷൻ നിർമ്മിച്ചിരിക്കുന്നു. |
| 4. | 12mm സിമന്റ് പ്ലാസ്റ്ററിംഗ് | $12.3m^2$ | $287.46/m^2$ | 3535/- | ചെയ്തിട്ടില്ല. |
| 6. | വൈറ്റ് വാഷിംഗ്. | $12.3m^2$ | $25.06/m^2$ | 308/- | ചെയ്തിട്ടില്ല. |
| - | ബെൽറ്റ് കോൺക്രീറ്റിംഗ് - | ചെയ്തിട്ടില്ല | | | 2x7x0.20x0.10 2x4x0.2x0.10 അളവിൽ നിർമ്മിച്ചിട്ടുണ്ട്. |
| | റൂഫ് പാത്തി | ചെയ്തിട്ടില്ല | | | വശങ്ങളിൽ നിർമ്മിച്ചിട്ടുണ്ട്. |
| 2 | പില്ലർ (Providing And Laying In Position Cement Concrete Of Specified Grade)8x0.30x0.30x1 | $0.72m^3$ | 8886.75/ $M^3$ | 6398/- | അളവു പുസ്തകത്തിൽ സൂചിപ്പിച്ച അളവിൽ 2 പില്ലറുകൾ മാത്രമെ നിർമ്മിച്ചിട്ടുള്ളൂ. ബാക്കിയുള്ള 6 എണ്ണം 30 Cm.വ്യാസമുള്ള പൈപ്പിൽ കോൺക്രീറ്റ് നിറച്ച് നിർമ്മിച്ചതാണ്. |

3.സിമന്റിന് ഉയർന്ന നിരക്ക് അനുവദിച്ചിരിക്കുന്നു-

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ആലപ്പുഴ ജില്ലാ ഓംബുഡ്സ്മാന്റെ 08.07.22-ലെ OMB/ALP/AW/20/2022-ാം നമ്പർ നടപടിക്രമത്തിൽ സിമന്റിന് നിലവിലെ മാർക്കറ്റ് റേറ്റിന് പകരം സെക്യൂർ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തിയിട്ടുള്ള നിരക്ക് നൽകാൻ പാടില്ലായെന്നും, നിലവിൽ കുടിശ്ശികയായിരിക്കുന്ന മുഴുവൻ പൊതു/വ്യക്തിഗത ആസ്തികൾക്കും ഇതു ബാധകമാണെന്നും, ഈ മാനദണ്ഡങ്ങൾ പാലിച്ചു മാത്രമെ, FTO ജനറേറ്റ് ചെയ്യാൻ പാടുള്ളുവെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തിയിൽ സിമന്റ് വാങ്ങിയതുമായി ബന്ധപ്പെട്ട് ഗുണഭോക്താവ് ഹാജരാക്കിയ സലാം ട്രേഡേഴ്സ് വളഞ്ഞവഴി, ആലപ്പുഴയുടെ 0978/18.11.22-ലെ ബിൽ പ്രകാരം 4 പായ്ക്കറ്റ് 50kg സിമന്റ് ബാഗിന്റെ വിലയിനത്തിൽ 1800/- രൂപ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത് (ഒരു ചാക്കിന് 450/-രൂപ) എന്നാൽ ഫയലിൽ സൂക്ഷിച്ചിട്ടുള്ള കൺസോളിഡേറ്റഡ് മെറ്റീരിയൽ ലിസ്റ്റ് പ്രകാരം 1.0996 ടൺ ഉപയോഗിച്ചതായി രേഖപ്പെടുത്തി 13,511/- രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. ഈയിനത്തിൽ അധികം

ചെലവഴിച്ച 11,711/- രൂപ MGNREGS-ന്റെ ചുമതലയുള്ള ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

മേൽ രേഖപ്പെടുത്തിയ അപാകതകൾ പരിശോധനയിൽ കണ്ടെത്തിയെങ്കിലും, സ്ഥലപരിശോധനയിൽ ഈ ഗുണഭോക്താവ് വളരെ നല്ല രീതിയിൽ തന്നെ ആട്ടിൻകൂട് നിർമ്മിച്ചിട്ടുള്ളതായും, നിലവിൽ 14 ഓളം ആടുകളെ ഈ കൂട്ടിൽ വൃത്തിയോടെ പരിപാലിച്ച വളർത്തുന്നതായും ബോധ്യപ്പെട്ടു.

2. 15-ാം വാർഡിലെ മണിയമ്മയുടെ വീട്ടിലെ ആട്ടിൻ കൂട് നിർമ്മാണം-

3 മീറ്റർ നീളത്തിലും, 2.30 മീറ്റർ വീതിയിലും 83,011/- രൂപ ചെലവഴിച്ച് നിർമ്മിച്ചിട്ടുള്ള ഈ പ്രവർത്തി നടപ്പിലാക്കിയ ഗുണഭോക്താവായ ശ്രീമതി മണിയമ്മയുടെ ആട്ടിൻകൂട് 15.09.23-ൽ സന്ദർശിക്കുകയുണ്ടായി. പരിശോധനയിൽ, കടൽ തീരവുമായി 100 മീറ്റർ അകലം പോലുമില്ലാത്ത വസ്തുവിൽ, തൊഴിലുറപ്പ് പദ്ധതി ഫണ്ട് ചെലവഴിച്ച് നിർമ്മിച്ച ഈ ആട്ടിൻകൂടിനുള്ളിൽ നിലവിൽ ആടുകളെയൊന്നും തന്നെ വളർത്തുന്നില്ലായെന്ന് കണ്ടു. ഇതിനുള്ളിൽ നിലവിൽ ഉപയോഗശൂന്യമായ സാധനങ്ങൾ സൂക്ഷിച്ചിരിക്കുകയാണ്. ഗുണഭോക്താവുമായി സംസാരിച്ചതിൽ ഉണ്ടായിരുന്ന രണ്ട് ആടുകളും ഇവിടുത്തെ സാഹചര്യവുമായി പൊരുത്തപ്പെടാത്തത് മൂലം മരണപ്പെട്ടതായാണ് അറിയിച്ചിട്ടുള്ളത്. അപാകതകൾ രേഖപ്പെടുത്തി നൽകിയ എൻക്വയറിക്ക്(31/16.09.23)ലഭ്യമാക്കിയ മറുപടിയിൽ, നിർമ്മാണ സാമഗ്രികൾ ലഭ്യമല്ല എന്ന് കാണിച്ച് എസ്റ്റിമേറ്റിൽ പറഞ്ഞിരിക്കുന്ന സ്പെസിഫിക്കേഷനിലല്ല മിക്ക ഗുണഭോക്താക്കളും കൂടുകൾ നിർമ്മിച്ചിട്ടുള്ളതെന്നും, ഈ സാഹചര്യത്തിലാണ് ഭൗതിക ആസ്തിയും, അളവുപുസ്തകത്തിലെ രേഖപ്പെടുത്തലും തമ്മിൽ പൊരുത്തപ്പെടാതെ വന്നതെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.പ്രവർത്തി ഏറ്റെടുക്കുന്ന വേളയിലും, പൂർത്തീകരിക്കുന്ന സമയത്തും, ബിൽ നൽകുമ്പോഴും ശ്രീമതി.മണിയമ്മ എന്ന ഗുണഭോക്താവിന് ആടുകൾ ഉണ്ടായിരുന്നുവെന്നും, എന്നാൽ നിലവിലുള്ള ആടുകൾ അസുഖം ബാധിച്ച് മരണപ്പെട്ടതാണെന്നും, സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നതിനാലാണ് പിന്നീട് ആടുകളെ വാങ്ങാൻ സാധിക്കാതെ വന്നതെന്നും, എത്രയും പെട്ടെന്ന് ആടുകളെ വാങ്ങി ഇവരുടെ ഉപജീവനം നടത്തുന്നതാണെന്നുമാണ് അറിയിച്ചിട്ടുള്ളത്. തുക വിനിയോഗിക്കപ്പെട്ടതിന്റെ ഉദ്ദേശ്യശുദ്ധിയെ സഫലീകരിക്കുന്ന രീതിയിൽ ആട് വളർത്തൽ പുനരാരംഭിക്കുകയോ, അല്ലാത്ത പക്ഷം നൽകിയ തുക തിരികെ ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ്. അതാത് പ്രദേശത്തെ സാഹചര്യങ്ങൾക്കനുസൃതമായി മാത്രം ഇത്തരം പദ്ധതികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഇത്തരം പദ്ധതികൾ പൊതു പണം വിനിയോഗിക്കാൻ വേണ്ടി മാത്രമായുള്ള ഒരു ഉപാധി മാത്രമായിത്തീരുന്നതാണ്. വിഷയം ഭരണ സമിതിയുടെയും ബന്ധപ്പെട്ട NREGS അധികൃതരുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു. ഉപയോഗശൂന്യമായ രീതിയിൽ നിലവിലുള്ള ആട്ടിൻകൂടിന്റെ ചിത്രം ചുവടെ ചേർക്കുന്നു.

| | |
|---|---|
|  |  |
| ചിത്രം-1 | ചിത്രം-2 |

1-29 MGNREGS - 80mm Thick Cc Paver Block പാകുന്നതിന് PWD നിരക്കിനെക്കാൾ വളരെ ഉയർന്ന നിരക്ക് Secure സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിരിക്കുന്നത് മൂലം കരാറുകാരന് അനർഹമായ നേട്ടം-ലക്ഷങ്ങളുടെ അധിക ചെലവ്

2022-23 വർഷം അസിസ്റ്റന്റ് എൻജിനീയർ, എൽ.എസ്.ജി.ഡി. നിർവ്വഹണ ഉദ്യോഗസ്ഥനായി നടവഴികൾക്ക് 80mm Thick Cc Paver Block പാകുന്നതിനായി PRICE സോഫ്റ്റ്‌വെയർ പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികൾക്ക് 1 $M^2$ ന് 1,037 രൂപയാണ് അനുവദിച്ച നൽകിയിട്ടുള്ള നിരക്ക്. എന്നാൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൻവർഷം നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രവൃത്തികൾക്ക് 80mm Thick Cc Paver Block പാകുന്നതിനായി 1 $M^2$ന് 1930.025/-രൂപ നിരക്കിലാണ് അനുവദിച്ചിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്/വർക്ക് കോഡ്/FTO No./കരാറുകാരൻ | എം. ബുക്ക് നമ്പർ | 80mm Thick Cc Paver Block പാകിയ ഏരിയ-($M^2$) | അനുവദിച്ച നിരക്ക്/ അനുവദിച്ച തുക | എൽ.എസ്.ജി.ഡി. വിഭാഗം മുഖേന നിർവ്വഹിക്കുമായിരുന്നുവെങ്കിൽ അനുവദിക്കുമായിരുന്ന തുക (1037/$m^2$) | വ്യത്യാസം |
|---|---|---|---|---|---|---|
| 1 | വാർഡ്- 10- പത്തിൽ റോഡ് ഇന്റർലോക്ക് നിർമ്മാണം/ RC-374208/162895 /27-03-23 /ഷാജി വി., വാണിയപുരയ്ക്കൽ. (ടൈൽ വിരിക്കൽ പ്രവൃത്തിയുടെ തുക ഒഴികെ) | 254/22-23 | 184.24 | 1930.025 /$M^2$ Rs-355587/- | Rs-191056/- | 164531/- |
| 2 | വാർഡ്- 10- പാണ്ടിയം പറമ്പ് റോഡ് നിർമ്മാണം./RC-374209 /162561 /10-04-23/ഷാജി വി., | 227/22-23 | 178.48 | Rs-344470/- | Rs-185083/- | 159387/- |

| | | | | | | |
|---|---|---|---|---|---|---|
| | വാണിയപുരയ്ക്കൽ. (ടൈൽ വിരിക്കൽ പ്രവൃത്തിയുടെ തുക ഒഴികെ) | | | | | |
| | | | | ആകെ | | 323918/- |

മേൽ സൂചിപ്പിച്ച കണക്കുകളിൽ നിന്നും സെക്യൂർ സോഫ്റ്റ്‌വെയർ പ്രകാരം ഉയർന്ന നിരക്കാണ് നൽകിയിട്ടുള്ളത് എന്ന് വ്യക്തമാകുന്നു. ടി വിഷയം MGNREGS മിഷൻ ഡയറക്ടർ സർക്കുലറിലൂടെ എല്ലാ പഞ്ചായത്തുകളെയും അറിയിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ മേൽ പ്രവൃത്തികളുടെ ടൈൽ വില കരാറുകാർക്ക് നൽകിയിട്ടില്ലായെന്നും, നിലവിൽ ഇത് സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ വ്യവഹാരം നിലനിൽക്കുന്നതിനാൽ ആയതിന്റെ അന്തിമ വിധിക്കനുസൃതമായി മാത്രമെ തുക അനുവദിക്കു എന്നും അക്രെഡിറ്റഡ് എൻജിനീയർ അറിയിച്ചിട്ടുണ്ട്. നിരക്കുകൾ തമ്മിലുള്ള വ്യത്യാസം മൂലമുണ്ടാകുന്ന ഈ അധിക ചെലവ് ഒഴിവാക്കി അർഹമായ നിരക്ക് സെക്യൂർ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയം NREGS മിഷൻ ഡയറക്ടറുടെയും സർക്കാരിന്റെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

1-30 MGNREGS-കരാറുകാരൻ സപ്ലൈ ചെയ്ത അളവിനെക്കാൾ കൂടുതൽ സ്റ്റാക്ക് മെഷർമെന്റ് രേഖപ്പെടുത്തി 2,075/-രൂപ അധികം നൽകി

പഞ്ചായത്തിൽ തൻ വർഷം MGNREGS-ൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ ചുവടെ ചേർത്തിട്ടുള്ള മെറ്റീരിയൽ പ്രവൃത്തിയിൽ, ഗ്രാവൽ ഫില്ലിംഗിന് കരാറുകാരൻ ഹാജരാക്കിയിട്ടുള്ള ബില്ലിൽ സപ്ലൈ ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ള ഗുഡ് എർത്തിന്റെ അളവിനെക്കാൾ അധികം അളവ് അളവുപുസ്തകത്തിൽ രേഖപ്പെടുത്തി അധികം തുക കരാറുകാരന് അനുവദിച്ച നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്/ വർക്ക് കോഡ്/FTO No./ കരാറുകാരൻ / എം. ബുക്ക് നമ്പർ | അളവ് പുസ്തകത്തിൽ സ്റ്റാക്ക് രേഖപ്പെടുത്തിയിട്ടുള്ള അളവ് / 20% കൺസോളിഡേഷന് ശേഷം അനുവദിച്ച നൽകിയ അളവ്./നൽകിയ തുക ($M^3$ന് 1118.10 രൂപ പ്രകാരം) | കരാറുകാരൻ ഹാജരാക്കിയിട്ടുള്ള ബില്ല് പ്രകാരമുള്ള അളവ്/ 20% കൺസോളിഡേഷന് ശേഷം അനുവദനീയമായ അളവ്./അനുവദനീയമായ തുക ($M^3$ന് 1118.10 രൂപ പ്രകാരം) | അധികം നൽകിയ തുക |
|---|---|---|---|---|
| 1. | വാർഡ്- 10- പാണ്ടിയം പറമ്പ് റോഡ് | $33.495m^3$ / $26.796m^3$ / 29960/-രൂപ | $31.18m^3$ / $24.94m^3$ / 27885/-രൂപ | 3703/-+185 (5%)= 2075/-രൂപ |

| | | | | |
|---|---|---|---|---|
| | നിർമ്മാണം./RC-374209 /162561 /10-04-23/ഷാജി വി., വാണിയ പുരയ്ക്കൽ. (ടൈൽ വിരിക്കൽ പ്രവൃത്തിയുടെ തുക ഒഴികെ) 227/22-23 | | | |
| | | ആകെ | | 3,888/-രൂപ |

മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/14.09.23)ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരൻ 20% അധികം ഗ്രഡ് എർത്ത് സപ്ലൈ ചെയ്തതെന്നും, എന്നാൽ അളവു പുസ്തകത്തിൽ കൺസോളിഡേഷന ശേഷമുള്ള സ്റ്റാക്ക് ചെയ്ത അളവാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും, ആയതിനാണ് എൻക്വയറിയിൽ ചൂണ്ടിക്കാട്ടിയ അപാകത ഉണ്ടായതെന്നും, രേഖപ്പെടുത്തിയിട്ടുണ്ട്. ഈ മറുപടി അംഗീകരിക്കുന്നില്ല.
കരാറുകാരനിൽ നിന്നും തുക ഈടാക്കി അടയ്ക്കേണ്ടതാണ്. അല്ലാത്ത പക്ഷം MGNREGS-ന്റെ ചുമതലയുള്ള ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

1-31 MGNREGS-സിമന്റ് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികൾക്ക് സിമന്റിന് മാർക്കറ്റ് നിരക്കിനേക്കാൾ വളരെ ഉയർന്ന നിരക്ക് അനുവദിക്കപ്പെടുന്നു

സിമന്റ് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികൾക്ക് സിമന്റിന് മാർക്കറ്റ് നിരക്കിനേക്കാൾ വളരെ ഉയർന്ന നിരക്ക് അനുവദിക്കപ്പെടുന്നു -

2022-23 വർഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി നിർവ്വഹിച്ചിട്ടുള്ള ചുവടെ ചേർത്തിട്ടുള്ള റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തിക്ക് സെക്യൂർ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റിൽ പോർട്ട് ലാന്റ് സിമന്റിന് ഒരു ടണ്ണിന് 12,288/- രൂപയാണ് (50 കിലോഗ്രാമിന്റെ ഒരു ചാക്കിന് 614.40 രൂപ) അനുവദിച്ചു നൽകിയിട്ടുള്ളത്. അളവുപുസ്തകത്തിൽ അളവു രേഖപ്പെടുത്തി ആകെ മൂല്യം നിർണ്ണയിച്ചിരിക്കുന്നതും ഇപ്രകാരം ഉയർന്ന നിരക്ക് ഉൾപ്പെടുത്തിയാണ്. സിമന്റ് വില ഏറ്റവും കൂടുതൽ വന്നപ്പോഴും, പരമാവധി മാർക്കറ്റ് വില ഒരു ചാക്കിന് 400-425/- രൂപ മാത്രമായിരുന്നു. Material Procured Entry Statement ൽ ഇപ്രകാരം ഉയർന്ന നിരക്ക് നൽകിയിട്ടില്ലെങ്കിലും, ടണ്ണിന് 9500/, 9600/- രൂപ നിരക്കുകളിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്.(ഒരു ചാക്കിന് 480/- രൂപ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ആലപ്പുഴ ജില്ലാ ഓംബുഡ്സ്മാന്റെ 08.07.22-ലെ OMB/ALP/AW/20/2022-ാം നമ്പർ നടപടിക്രമത്തിൽ സിമന്റിന് നിലവിലെ മാർക്കറ്റ് റേറ്റിന് പകരം സെക്യൂർ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടുള്ള നിരക്ക് നൽകാൻ പാടില്ലായെന്നും, നിലവിൽ കുടിശ്ശികയായിരിക്കുന്ന മുഴുവൻ പൊതു/വ്യക്തിഗത ആസ്തികൾക്കും ഇതു ബാധകമാണെന്നും, ഈ മാനദണ്ഡങ്ങൾ പാലിച്ചു മാത്രമെ, FTO ജനറേറ്റ് ചെയ്യാൻ പാടുള്ളുവെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം 475/-/ 480/- രൂപ നിരക്കുകളിൽ മൂല്യം തിട്ടപ്പെടുത്തി നൽകിയ പ്രവർത്തികൾക്ക് ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്/ വർക്ക് കോഡ്/ | FTO No. | അളവുപുസ്തകത്തിലെ രേഖപ്പെടുത്തൽ | ഒരു ചാക്കിന് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | /കരാറുകാരൻ. | | പ്രകാരം 1:4:8 കോൺക്രീറ്റിംഗിനും, 1:2:4 കോൺക്രീറ്റിംഗിനും ഉപയോഗിച്ച സിമന്റിന്റെ അളവ് | 480/- രൂപ നിരക്കിൽ നൽകേണ്ട തുക. |
| 1. | W-2-NPS ഷെഡ് മുതൽ പടിഞ്ഞാറ് അംബിക മുരളീധരൻ വീട് വരെ കോൺക്രീറ്റിംഗ് /348507/ഗ്രിഗറി. | സിമന്റ് വില നൽകിയിട്ടില്ല. | 4.3 ടൺ | 41280/- |
| 2. | W-5- വലിയ വീട് പരിയാരം റോഡ് കോൺക്രീറ്റിംഗ് /348315/ഗ്രിഗറി. | - ടി- | 2.04 ടൺ | 19584/- |
| 3. | W-10-തറയിൽ ഉസ്മാൻ കുഞ്ഞ് മകളുടെ വീട് മുതൽ വടക്കോട്ട് റോഡ് കോൺക്രീറ്റിംഗ് /348208 /ജോസ് ബേബി. | 163002/30-03-23 | 11.05 ടൺ | 104975/- |
| 4. | W-6- മിൽമ റോഡ് നിർമ്മാണം./349357/ ഗ്രിഗറി സി. | 16289/25-03-23 | 5.3 ടൺ | 65126/- |

2022-23 വർഷം എത്ര പ്രവർത്തികൾക്ക് സിമന്റ് വിലയിനത്തിൽ തുക നൽകി?, നൽകാനുണ്ട്?, തുക നൽകിയിട്ടുണ്ടെങ്കിൽ പ്രവൃത്തികളുടെ വിശദവിവരങ്ങൾ? .475/-,480/- രൂപ നിരക്കുകൾ എപ്രകാരമാണ് നിശ്ചയിച്ചത്? നിലവിലുള്ള മാർക്കറ്റ് റേറ്റ് എത്രയെന്ന് പരിശോധിച്ചിരുന്നോ? തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (22/14.09.23) ലഭ്യമാക്കിയ മറുപടിയിൽ സെക്യൂറിലെ റേറ്റ് മാർക്കറ്റ് നിരക്കിനെക്കാൾ ഉയർന്ന നിരക്കാണെന്നും ഇത് മാർക്കറ്റ് റേറ്റ് നിലനിർത്തി അപ്ഡേറ്റ് ചെയ്യണമെന്നും കാണിച്ച് പ്രൊപ്പോസൽ നൽകിയെങ്കിലും 2023-24 വർഷവും സിമന്റ് വില 50 Kg ചാക്കിന് പുതുക്കി നിശ്ചയിച്ചിട്ടുള്ളത് 576/- രൂപ നിരക്കിലാണ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതും നിലവിലുള്ള മാർക്കറ്റ് നിരക്കിനെക്കാൾ വളരെ ഉയർന്ന നിരക്കാണ്. ഈ നിരക്ക് അനുവദിച്ചാൽ പോലും ഈയിനത്തിൽ വളരെയധികം തുക അനർഹമായി ചെലവഴിക്കപ്പെടും. മേൽ സൂചിപ്പിച്ച പ്രവൃത്തികളിലും, തൻവർഷം നടപ്പിലാക്കിയ മറ്റ് പ്രവൃത്തികളിലും സിമന്റ് വില നൽകുമ്പോൾ മാർക്കറ്റ് നിരക്ക് മാത്രം അനുവദിക്കേണ്ടതാണ്. ആയതിനാൽ വില പുതുക്കി നിശ്ചയിക്കുകയോ, നിലവിലെ മാർക്കറ്റ് വിലയിൽ ലിമിറ്റ് ചെയ്തോ സിമന്റ് വില നൽകുകയോ ചെയ്യുന്ന രീതിയിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനായി വിഷയം MGNREGS മിഷൻ ഡയറക്ടറുടെയും

സർക്കാരിന്റെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

1-32 MGNREGS-ഉപയോഗിച്ച ശേഷം ബാക്കിയുള്ള കയർഭൂവസ്ത്രത്തിന്റെ വിനിയോഗ വിവരം ഇല്ല- വിലയിനത്തിൽ നഷ്ടം-8,262/-രൂപ

ഉപയോഗിച്ച ശേഷം ബാക്കിയുള്ള കയർഭൂവസ്ത്രത്തിന്റെ വിനിയോഗ വിവരം ഇല്ല-

4 -ാം വാർഡിൽ പള്ളിച്ചിറ മുതൽ മോട്ടോർതറ വരെ തോട് ആഴം കൂട്ടലും കയർഭൂവസ്ത്രം വിരിക്കലും-

വർക്ക് കോഡ്- FP/385600

M-book No.- 310/22-23.
FTO- No.-1) 16412,Rs-170375/-dt.03.07.23

ഈ പ്രവൃത്തിയുടെ ചെലവ് രേഖകൾ പരിശോധിച്ചതിൽ, പ്രവർത്തിയ്ക്കായി കയർ കോർപ്പറേഷനിൽ നിന്നും രണ്ട് ബില്ലുകൾ പ്രകാരം 2250$m^2$ കയർ ഭൂവസ്ത്രം വാങ്ങിയിട്ടുണ്ട്. (ഇൻവോയിസ് നം.cc/IG/3297, Dt.23.01.23, ഇൻവോയിസ് നം.cc/IG/3298, Dt.23.01.23)എന്നാൽ അളവു പുസ്തകം പരിശോധിച്ചതിൽ, വിവിധ തീയതികളിലായി ആകെ 2067.75 $M^2$ മാത്രമെ വിരിച്ചിട്ടുള്ളൂ. ആയതിന് 2142 $M^2$ കയർ ഭൂവസ്ത്രം മാത്രമാണ്ആവശ്യമായിട്ടുള്ളത്.(2067.75$m^2$ X 1.05 $M^2$)

ബാക്കിയുണ്ടാവേണ്ട കയർ ഭൂവസ്ത്രത്തിന്റെ അളവ് = 2250 -2142 =108$m^2$.

എന്നാൽ കയർ ഭൂവസ്ത്രത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 2250 $M^2$ കയർ ഭൂവസ്ത്രവും വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. ബാക്കിയുള്ള കയർ ഭൂവസ്ത്രം തിരികെ സ്റ്റോക്കിലെടുത്തതിന്റെയോ, ആയതിന്റെ വിനിയോഗ വിവരമോ രേഖപ്പെടുത്തിയിട്ടില്ല. വിനിയോഗ രേഖകളോ, സ്റ്റോക്കിൽ ബാലൻസോ കാണിക്കാത്ത 108$m^2$ കയർഭൂവസ്ത്രത്തിന്റെ വിലയായ 8,262/-രൂപ (76.50/- X 108$m^2$) MGNREGS ന്റെ ചുമതലയുള്ള ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്. മറുപടിയും, ആവശ്യമായ രേഖകളും ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (23/14.09.23) ലഭ്യമാക്കിയ മറുപടിയിൽ എസ്റ്റിമേറ്റിൽ വിഭാവനം ചെയ്തിരുന്ന മുഴുവൻ നീളത്തിലും (750 മീറ്റർ) പ്രവൃത്തി നിർവ്വഹിച്ചുവെന്നും, അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയതിലുണ്ടായ അപാകത മൂലമാണ് ഇപ്രകരമൊരു പിഴവുണ്ടായതെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. എസ്റ്റിമേറ്റിൽ ഇത്രയും പ്രവൃത്തി നിർവ്വഹിക്കുന്നതിന് 553 തൊഴിൽ ദിനങ്ങളാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ മറുപടിയിൽ 508 തൊഴിൽ ദിനങ്ങൾ കൊണ്ട് ഈ പ്രവൃത്തി നിർവ്വഹിച്ചുവെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ തന്നെ ഈ പ്രവൃത്തി എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയ പ്രകാരം പൂർണ്ണമായും നിർവ്വഹിച്ചുവെന്ന മറുപടി അംഗീകരിക്കുന്നില്ല.

1-33 MGNREGS-ബോർഡ് സ്ഥാപിക്കൽ -വ്യത്യസ്ത നിരക്കിൽ തുക അനുവദിക്കുന്നു

2022-23 വർഷം ഗ്രാമ പഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പിലാക്കിയ വിവിധ പ്രവൃത്തികൾക്ക് ബോർഡ് സ്ഥാപിച്ചിട്ടുള്ളത് കുടുംബശ്രീ ഗ്രൂപ്പുകളാണ്. ഇപ്രകാരം ബോർഡ് സ്ഥാപിച്ചതിന്, ചില പ്രവർത്തികൾക്ക് 4,000/-രൂപയും, മറ്റ് ചില പ്രവൃത്തികൾക്ക് 5,000/- രൂപയും

എന്ന തോതിൽ വ്യത്യസ്ത നിരക്കിലാണ് തുക അനുവദിച്ചു നൽകിയിട്ടുള്ളത്. എസ്റ്റിമേറ്റിൽ 4,000/-രൂപ ഉൾപ്പെടുത്തിയിട്ടുള്ളതിന് ആ തുകയും, എസ്റ്റിമേറ്റിൽ 5,000/- രൂപ ഉൾപ്പെടുത്തിയിട്ടുള്ളവയ്ക്ക് ആ നിരക്കിലുമാണ് തുക അനുവദിച്ചു നൽകിയിട്ടുള്ളത്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 14.09.2018-ലെ നം.2579/EGS-C/17/REGS ഉത്തരവ് പ്രകാരം ഓരോ ഗ്രാമ പഞ്ചായത്തിലെയും കുടുംബശ്രീ ഗ്രൂപ്പിനെ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്നതിനുള്ള ചുമതല ഏൽപ്പിക്കാവുന്നതാണ്.പ്രസ്തുത ഉത്തരവിൽ ആയതിനുള്ള ചെലവ് പരമാവധി 5,000/- രൂപ എന്നും നിജപ്പെടുത്തിയിട്ടുണ്ട്.(പരമാവധി നൽകാവുന്ന തുകയാണ് 5,000/- രൂപ. ഇതിനർത്ഥം 5,000/- രൂപ തന്നെ ചെലവഴിക്കണമെന്നല്ല) എന്നാൽ ഈ പഞ്ചായത്തിൽ മേൽ സൂചിപ്പിച്ച പോലെ ഒരേ അളവിലുള്ള ബോർഡിന് ഇപ്രകാരം വ്യത്യസ്ത നിരക്കിൽ തുക അനുവദിച്ചതിന്റെ കാരണം വ്യക്തമല്ല. ഇപ്രകാരം തുക അനുവദിക്കപ്പെട്ടിട്ടുള്ള പ്രവൃത്തികൾക്ക് ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | നൽകിയ തുക |
|---|---|---|
| 1. | 4 -ാംവാർഡിൽ പള്ളിച്ചിറ മുതൽ മോട്ടോർതറ വരെ തോട് ആഴം കൂട്ടലും കയർഭൂവസ്ത്രം വിരിക്കലും | 5,000/- |
| 2. | 9-വാർഡിൽ അറുനൂറാം പാടത്തിന്റെ ബണ്ട് നവീകരണം – സുഭദ്രയുടെ വീട് മുതൽ വെള്ളൂപ്പറമ്പിന്റെ ചിറ വരെ | 5,000/- |
| 3. | വാർഡ്- 10-പാണ്ടിയം പറമ്പ് റോഡ് നിർമ്മാണം. | 5,000/- |
| 4. | വാർഡ്- 10-പത്തിൽ റോഡ് ഇന്റർലോക്ക് നിർമ്മാണം | 5,000/- |
| 5. | W-6- മിൽമ റോഡ് നിർമ്മാണം | 4,000/- |
| 7. | W-7-കണ്ണാം വീട് തോട് ആഴം കൂട്ടൽ | 4,500/- |
| 8. | W-9-വത്സമ്മ ചെമ്പും തറ വീട് മുതൽ ഫോമിച്ചൻ തെക്കേതിൻ പറമ്പ് വരെ ബണ്ട് സംരക്ഷണം. | 4,500/- |
| 9. | W-10-തറയിൽ ഉസ്മാൻ കുഞ്ഞ് മകളുടെ വീട് മുതൽ വടക്കോട്ട് റോഡ് കോൺക്രീറ്റിംഗ് | 4,000/- |

ചില പ്രവൃത്തികൾക്ക് 4,000/-രൂപയും, മറ്റ് ചില പ്രവൃത്തികൾക്ക് 5,000/- രൂപയും എന്ന തോതിൽ വ്യത്യസ്ത നിരക്കിൽ തുക അനുവദിച്ചതിന്റെ മാനദണ്ഡം എന്താണ്?,ഇപ്രകാരം തുക എത്തിച്ചേരുന്നതിലേക്ക് ടിപ്പിക്കൽ എസ്റ്റിമേറ്റെങ്കിലും തയ്യാറാക്കിയിട്ടുണ്ടോ?പഞ്ചായത്തിൽ ഒട്ടാകെ തൻ വർഷം എത്ര പ്രവൃത്തികൾക്ക് ബോർഡ് സ്ഥാപിച്ചിട്ടുണ്ട്? ആകെ എത്ര രൂപ ഇതിനായി ചെലവഴിച്ചിട്ടുണ്ട്? പ്രവൃത്തി നിർവ്വഹിച്ച കുടുംബശ്രീ ഗ്രൂപ്പിന്റെ പേരു വിവരങ്ങൾ? ഇവരുമായി കരാറിൽ

ഏർപ്പെട്ടിരുന്നോ? ലക്ഷക്കണക്കിന് രൂപ ഈ ഗ്രൂപ്പുകൾ കൈപ്പറ്റിയിട്ടുണ്ടെങ്കിലും ഇവരിൽ നിന്നും ആദായ നികുതി ഈടാക്കിയിട്ടുണ്ടോ? ആദായ നികുതി അടയ്ക്കുന്നതിൽ നിന്നും ഇവരെ ഒഴിവാക്കിക്കൊണ്ട് നിലവിൽ ഉത്തരവുകൾ ഉണ്ടോ?തുടങ്ങിയ വിവരങ്ങളും രേഖകളും ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (25/14.09.23)ലഭ്യമാക്കിയ മറുപടിയിൽ തേജസ്സ് കൺസ്ട്രക്ഷൻസ്, കരുണ കൺസ്ട്രക്ഷൻസ് എന്നീ കുടുംബശ്രീ ഗ്രൂപ്പുകളാണ് ബോർഡ് സ്ഥാപിച്ചിട്ടുള്ളതെന്നും, ഇവരുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടെന്നും, തൻവർഷം 246 പ്രവൃത്തികളിലായി ആകെ 11,56,501/- രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ആദായ നികുതി ഈടാക്കിയിട്ടില്ലായെന്നും, സ്ഥല പരിമിതി അനുസരിച്ച് സ്ഥാപിച്ചതിനാലാണ് വ്യത്യസ്ത നിരക്ക് അനുവദിച്ചതെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കൃത്യമായ സ്പെസിഫിക്കേഷനില്ലുള്ള ബോർഡുകൾ സ്ഥാപിക്കുന്ന പ്രവൃത്തികളിൽ ഓരോ സ്പെസിഫിക്കേഷനും നിശ്ചിത നിരക്ക് നിശ്ചയിച്ച് അതിന്റെ അടിസ്ഥാനത്തിൽ മാത്രം തുക നൽകേണ്ടതാണ്. തൻ വർഷം 474 പ്രവൃത്തികൾക്കായി ആകെ 6.078 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ തന്നെ ഭവനപദ്ധതികൾ ഒഴിവാക്കിയാൽ പോലും ഏകദേശം 400 ലേറെ പ്രവൃത്തികൾക്ക് ബോർഡ് സ്ഥാപിക്കപ്പെടുന്നതിലൂടെ ഏകദേശം 16 ലക്ഷം രൂപയോളം ഈയിനത്തിൽ ഗ്രൂപ്പുകൾക്ക് ടേൺഓവർ ലഭിക്കുന്നുണ്ട്.(ശരാശരി 1ന് 4,000/- രൂപ ക്രമത്തിൽ കണക്കാക്കിയാൽ പോലും) ആയതിനാൽ ടി ഗ്രൂപ്പുകളിൽ നിന്നും ആദായനികുതി ഈടാക്കേണ്ടതുണ്ടോയെന്നത് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-34 കോവിഡ് 19-രോഗവ്യാപനം നിലച്ച ശേഷവും ഡേറ്റ എൻട്രി ജോലിക്ക് വേതനം നൽകി

കോവിഡ് -19 പ്രതിരോധ പ്രവർത്തനങ്ങൾ- മരുന്ന്, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ, മറ്റ് സൌകര്യമൊരുക്കൽ എന്ന പ്രോജക്ട് വഴി 2022 മാർച്ച്, എപ്രിൽ മാസങ്ങളിൽ കോവിഡ് -19 ഡേറ്റ എൻട്രി ജോലികളുടെ വേതനം എന്ന നിലയിൽ ശ്രീ ഷമീർ ആർ.ന് ഒരുമാസം 18,210 രൂപ നിരക്കിൽ 36,240 രൂപ വികസന ഫണ്ടിൽ നിന്ന് നൽകിയിട്ടുണ്ട്. 2022 ഫെബ്രുവരിയോടെ സ്കൂളുകൾ വരെ പ്രവർത്തന സജ്ജമാകുകയും വർക്ക് ഫ്രം ഹോം സംവിധാനം സർക്കാർ അവസാനിപ്പിക്കുകയും കോവിഡ് വ്യാപനം ഏതാണ്ട് നിയന്ത്രണ വിധേയമാകുകയും കോവിഡ് രോഗികളുടെ എണ്ണം വളരെ കുറയുകയും ചെയ്ത ശേഷവും പി.എച്ച്.സി. യിലെ സ്ഥിരം ജീവനക്കാർക്ക് കൈകാര്യം ചെയ്യാൻ കഴിയാത്ത എന്ത് തരം ഡേറ്റ എൻട്രി ജോലികൾക്കായാണ് ശ്രീ.ഷമീറിനെ നിയോഗിച്ചത് എന്ന് വ്യക്തമല്ല.

ഈ പ്രോജക്ട് വഴി ഇതല്ലാതെ മറ്റ് ചെലവുകൾ ഒന്നും ചെയ്തിട്ടില്ല. ഇതിലേക്ക് വകയിരുത്തിയ വികസന ഫണ്ട് പൂർണ്ണമായി വിനിയോഗിച്ചു എന്നല്ലാതെ വകയിരുത്തിയ തനത് ഫണ്ട് വിനിയോഗിച്ചിട്ടില്ല. മരുന്നും ഉപകരണങ്ങളും വാങ്ങുന്നതിനും അനുബന്ധ സൌകര്യം ഒരുക്കുന്നതിനുമായി വിഭാവനം ചെയ്ത് ഡി.പി.സി അംഗീകാരം വാങ്ങിയ പ്രോജക്ട് വഴി ഡേറ്റ എൻട്രി ജോലികളുടെ വേതനം നൽകിയതിന്റെ സാംഗത്യം വ്യക്തമല്ല. അതല്ല വേതനം നൽകാനായാണ് പ്രോജക്ട് തയ്യാറാക്കിയതെങ്കിൽ അപ്രകാരം പേര് നൽകാതിരുന്നതിന്റെ കാരണവും വ്യക്തമല്ല. മേൽപ്പറഞ്ഞ വിവരങ്ങൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയും ലഭ്യമായില്ല.

കോവിഡ് വ്യാപനം ഏതാണ്ട് നിയന്ത്രണ വിധേയമായ ശേഷം സർക്കാരിന്റെ പ്രത്യേക അംഗീകാരമില്ലാതെയും കൃത്യമായ ആവശ്യകത നിർണ്ണയിക്കാതെയും ഡേറ്റ എൻട്രി ഓപ്പറേറ്റർക്ക് വേതനം നൽകിയത് അംഗീകരിക്കത്തക്കതല്ല. പണം ചെലവഴിച്ചിരിക്കുന്നതും വിഭാവനം ചെയ്ത പ്രോജക്ടിന്റെ അന്തസത്തയിൽ നിന്ന് വ്യതിചലിച്ചാണ്. എന്ത് തരം ഡേറ്റ എൻട്രി ജോലികൾക്കായാണ് ശ്രീ.ഷമീറിനെ നിയോഗിച്ചത് എന്ന് വ്യക്തമാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ 36,240 രൂപയുടെ ചലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കോവിഡ് സംബന്ധിച്ച പ്രസ്തുത മാസങ്ങളിൽ പി.എച്ച്.സി. ജീവനക്കാർക്ക് സാധിക്കാത്തവിധം അധിക ഡേറ്റ എൻട്രി നടത്തിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കിയും പ്രസ്തുത നിയമനത്തെ സാധൂകരിക്കുന്ന സർക്കാർ നിർദ്ദേശം ഏതെന്ന് വ്യക്തമാക്കിയും ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്. അതിന് സാധിക്കാത്ത പക്ഷം പ്രസ്തുത തുക പണം നൽകിയ

നിർവ്വഹണോദ്യോഗസ്ഥനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

നിർവ്വഹണം – മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.)

ഓഡിറ്റ് അന്വേഷണം – 26 / 14.09.2023

ചെലവ് വിവരം

പ്രോജക്ട് നം.- 12, കോവിഡ് -19 പ്രതിരോധ പ്രവർത്തനങ്ങൾ- മരുന്ന്, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ, മറ്റ് സൌകര്യമൊരുക്കൽ

അടങ്കൽ – 1,36,240 രൂപ (വികസന ഫണ്ട് (ജനറൽ)- 36240 രൂപ, തനത് ഫണ്ട്- 100000)

ചെലവ് – 36,240 രൂപ (വികസന ഫണ്ട് (ജനറൽ)

ട്രഷറി ബിൽ നം – 1/22-23 (30.04.22), 2/22-23 (17.05.2022)- 18,210 രൂപ വീതം (സബ് ട്രഷറി, അമ്പലപ്പുഴ)

1-35 എർത്ത് വർക്ക് എക്സ്കവേഷന് അധിക നിരക്ക് നൽകി-അധികം നൽകിയത്- 4,752/-രൂപ

ഗ്രാമ പഞ്ചായത്തിൽ തൻവർഷം നിർവ്വഹിച്ച താഴെപ്പറയുന്ന റോഡ് നിർമ്മാണ പ്രവൃത്തികളുമായി ബന്ധപ്പെട്ട് കാണ നിർമ്മാണത്തിന് എർത്ത് വർക്ക് എക്സ്കവേഷന് അനുവദിച്ചിരിക്കുന്ന നിരക്ക് 798.27/$m^3$ (DSR-2018 -1.002,സ്പെസിഫിക്കേഷൻ കോഡ് -11.1.1.1 എർത്ത് വർക്ക് എക്സ്കവേഷൻ ഫോർ സ്ട്രക്ച്ചേഴ്സ്) ആണ്. ഇത് പാലം, കൾവർട്ട് എന്നിവയുടെ നിർമ്മാണത്തിന് 3 മീറ്റർ വരെ ആഴത്തിൽ എർത്ത് വർക്ക് എക്സ്കവേഷന് നൽകുന്ന നിരക്കാണ്. സംരക്ഷണ ഭിത്തി നിർമ്മാണത്തിനുള്ള എർത്ത് വർക്ക് എക്സ്കവേഷന് അനുവദനീയമായ നിരക്ക് 374.21/$m^3$ (MoRDസ്പെസിഫിക്കേഷൻ കോഡ് -3.5.1) ആണ്. ഉയർന്ന നിരക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് മൂലം കരാറുകാർ ഉയർന്ന നിരക്ക് ക്വോട്ട് ചെയ്യാനും അതു വഴി അധികം നൽകാനുമിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./പ്രവൃത്തിയുടെ പേര്/അളവു പുസ്തകം | കരാറുകാരൻ | അനുദിച്ച തുക | അനുവദ നീയമായ തുക | അധികം നൽകിയ തുക | ചെലവു വിവരം (ബിൽ നം.) |
|---|---|---|---|---|---|---|
| | S0183/22 9-ാം വാർഡിൽ പൊറ്റക്കാട് മുതൽ പുതുംപള്ളി വരെ റോഡ് കോൺക്രീറ്റിംഗ്, 38/21-22, | K.മുജീബ്. | 19.058 $M^3$ @797.471/$m^3$ = 15198/- | 19.058 $M^3$ @374.21/$m^3$ = 7131/- | 8067/- | 01/ 22-23,25-04-22, 494048/-രൂപ (ഈ പ്രവൃത്തിയിൽ എം ബാങ്ക് നിർമ്മാണത്തിനായി 40.80$m^3$ ഗ്രാവൽ ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ കുഴിച്ചെടുത്ത മണ്ണിന്റെ അളവ് കുറവ് ചെയ്തിട്ടില്ല). |
| 2. | S0102/22 വിവിധ | ഗ്രിഗറി C. | 116.058 $M^3$ @789/$m^3$ | 116.058 $M^3$ @374.21/$m^3$ | 48139/- | വൌച്ചർ നം.XVFC/2022-23, |

| | | | | | | |
|---|---|---|---|---|---|---|
| | വാർഡുകളിൽ ഡ്രെയിനേജ് നിർമ്മാണം. 11/21-22, 20/21-22 | | 91569/- | 43430/- | | Dt.24.01.23 (ഫൈനൽ ബിൽ) |
| | | | ആകെ | | 56,206/- | |

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (17/14.09.23) ലഭ്യമാക്കിയ മറുപടിയിൽ, MORD സ്പെസിഫിക്കേഷൻ കോഡ് -11.1.1.1 എന്ന ഇനം, ഇതിലെ സെക്ഷൻ 300,ക്ലോസ് 305.1 എന്നിവ പ്രകാരം സ്ട്രക്ചറുകളുടെ ഫൌണ്ടേഷൻ നിർമ്മാണത്തിനുള്ള മണ്ണ് പണികൾക്കാണ് നൽകുന്നതെന്നും, അതിൽ സെറ്റൌട്ട്, മണ്ണ് ഇടിഞ്ഞു വീഴാതിരിക്കാനുള്ള ഷീറ്റിംഗ്, ഷോറിംഗ്, ബ്രെസ്സിംഗ് എന്നിവയുടെ നിർമ്മാണം, ട്രെഞ്ചിന്റെ സൈഡും, അടിഭാഗവും ഡ്രെസ്സിംഗ് ചെയ്യൽ, ബാക്ക് ഫില്ലിംഗ് ചെയ്യൽ എന്നിവ ചെയ്യേണ്ടി വരുന്നതിനാൽ കൂടുതൽ തൊഴിലാളികളെ ആവശ്യമായി വരുന്നതിനാലാണ് ഈ ഖനനത്തിന് അധിക നിരക്ക് നൽകേണ്ടി വരുന്നതെന്നുമാണ് അറിയിച്ചിട്ടുള്ളത്. റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തികൾക്ക് കോമൺ ഡേറ്റപ്രകാരം തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റ് 21.06.2019-ൽ എക്സിക്യൂട്ടീവ് എൻജിനീയർ, ആലപ്പുഴ എല്ലാ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർമാർക്കും, അസിസ്റ്റന്റ് എൻജിനീയർമാർക്കും അയച്ചു കൊടുത്തിട്ടുണ്ട്. അതിൻപ്രകാരമാണ് കാണ നിർമ്മാണത്തിനുള്ള എർത്ത് വർക്ക് എക്സ്കവേഷന് ഉയർന്ന നിരക്കുള്ള സ്പെസിഫിക്കേഷൻ കോഡ് -11.1.1.1 പ്രകാരമുള്ള നിരക്ക് അനുവദിച്ചു നൽകിയിട്ടുള്ളതെന്നും മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതേ പ്രവർത്തിയിൽ, കുഴിച്ചെടുത്ത മണ്ണ് ബാക്ക്ഫില്ലിംഗ് നടത്തിയതായി അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുമില്ല. എന്നാലും കാണ നിർമ്മാണത്തിനുള്ള എർത്ത് വർക്ക് എക്സ്കവേഷനുമായി ബന്ധപ്പെട്ട മറുപടി അംഗീകരിക്കുന്നു. കോമൺ ഡേറ്റാ തയ്യാറാക്കിയപ്പോൾ ഇപ്രകാരം എർത്ത് വർക്ക് എക്സ്കവേഷന് ഉയർന്ന നിരക്കു നിശ്ചയിച്ച് നൽകി പ്രവൃത്തി നിർവ്വഹിച്ചത് മൂലം വൻ തുക അധികം ചെലവഴിക്കപ്പെടുന്നുവെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗം രേഖപ്പെടുത്തിയിട്ടില്ല-

ക്രമ നം.1 ആയി രേഖപ്പെടുത്തിയിട്ടുള്ള പ്രവൃത്തിയുടെ ഒന്നാം ഇനമായി അളവ് പുസ്തകം പേജ് 1 ൽ കൽക്കെട്ട് നിർമ്മാണത്തിനായി 19.80.$m^3$ മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. കുഴിച്ചടുത്ത മണ്ണിന്റെ വിനിയോഗം അളവുപുസ്തകത്തിലെവിടെയും രേഖപ്പെടുത്തിയിട്ടില്ല. കുഴിച്ചെടുത്ത മണ്ണിന്റെ 60% എങ്കിലും വിനിയോഗ യോഗ്യമാണെന്നിരിക്കെ, ആയതിന്റെ വില കുറവ് ചെയ്യാതെയാണ് കരാറുകാരന് തുക നൽകിയിട്ടുള്ളത്. മൺ പ്രവൃത്തികളിൽ മണ്ണിന്റെ റോയൽറ്റി ഇനത്തിൽ നിശ്ചയിച്ചിട്ടുള്ള $M^3$ ന് 400/- രൂപ നിരക്കിൽ (19.80x60%= 11.88$m^3$ X 400/-=4752/- രൂപ) 4,752/- രൂപ കുറവ് വരുത്താതിരുന്നത് മൂലം ടി തുക കരാറുകാരന് അധികം നൽകുകയുണ്ടായി. മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (17/14.09.23)മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും, ഈ പരാമർശം സംബന്ധിച്ച് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 4,752/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ടി തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 1-36 ഓഡിറ്റ് ഇംപാക്ട്-എർത്ത് ഫില്ലിംഗ് കൺസോളിഡേഷൻ കുറവ് ചെയ്തില്ല-അധികം നൽകിയ 5,236/-രൂപയിൽ 3,383/- രൂപ തിരികെ ഒടുക്കി

അസിസ്റ്റന്റ് എൻജിനീയർ 22-23 ൽ നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികളിൽ ഗ്രാവൽ ഉപയോഗിച്ച് സബ് ഗ്രേഡ് / എം ബാങ്ക്മെന്റ് നിർമ്മാണം നടത്തിയതിൽ കൺസോളിഡേഷൻ കുറവ്

ചെയ്തിട്ടില്ല. സി.പി.ഡബ്ലിയു.ഡി സ്പെസിഫിക്കേഷൻ 1.27.1.2 പ്രകാരം ലൈറ്റ് മെക്കാനിക്കൽ മെഷിണറി ഉപയോഗിച്ച് കൺസോളിഡേറ്റ് ചെയ്താൽ 10%വും ഹെവി മെക്കാനിക്കൽ മെഷിണറി ഉപയോഗിച്ച് കൺസോളിഡേറ്റ് (Under OMC)ചെയ്താൽ 5%വും കുറവ് ചെയ്ത് മാത്രം മൂല്യനിർണ്ണയം നടത്തേണ്ടതാണ്. എന്നാൽ ഇപ്രകാരം ചെയ്തിട്ടുള്ളതായി കാണുന്നില്ല. അളവു പുസ്തകത്തിൽ ഇത് സംബന്ധിച്ച സാക്ഷ്യപ്പെടുത്തലും നടത്തിയിട്ടില്ല. ചില പ്രവർത്തികളിൽ എസ്റ്റിമേറ്റ് അളവിനെക്കാൾ അധികരിച്ച് പ്രവൃത്തി നിർവ്വഹിച്ചയായി രേഖപ്പെടുത്തുകയും, തുടർന്ന് എസ്റ്റിമേറ്റ് അളവിൽ പരിമിതപ്പെടുത്തി തുക അനുവദിക്കുകയുമാണ് ചെയ്തിട്ടുള്ളത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം., പ്രവർത്തിയുടെ പേര് അളവ് പുസ്തകം നമ്പർ/ കരാറുകാരന്റെ പേര് | ഗ്രാവൽ ഫില്ലിംഗ് നടത്തിയ അളവ് / നൽകിയ തുക | കൺസോളിഡേഷൻ കുറവ് ചെയ്ത് മൂല്യ നിർണ്ണയം നടത്താവുന്ന അളവ് / നൽകാവുന്ന തുക | നിരക്ക് | അധികം | ബിൽ നമ്പർ/ തിയതി |
|---|---|---|---|---|---|---|
| 1. | S0183/22 9-ാം വാർഡിൽ പൊറ്റക്കാട് മുതൽ പുതുംപള്ളി വരെ റോഡ് കോൺക്രീറ്റിംഗ്, 38/21-22, K.മുജീബ്. | $44.35m^3$/ 41549/-രൂപ (എസ്റ്റിമേറ്റ് അളവായ 40.80m3ൽ ലിമിറ്റ് ചെയ്തു നൽകി) | $44.35-4.43m^3$= $39.91m^3$ 40,643/-രൂപ | $1018.37/m^3$ | 906+ 12%GST=108/- ആകെ = 1014/- രൂപ | 1/22 -23,dt. 25.4.22 4,94,048/- |
| 2. | 15-ാംവാർഡിൽ നടുവിലേ വീട് റോഡ് ടൈൽ പാകൽ. 74543/2022 അലൻ മാത്യു. | 15.665m3/ 20075/-രൂപ | $14.09m^3$/ 18,067/- | $1282.29/m^3$ | 2008+361 (18%GST)=2,369 രൂപ | 301/22 -23,dt. 25.2.23 |
| 3. | S0027/22-23 5-ാം വാർഡിൽ ആറ്റുപുറം റോഡ് കോൺക്രീറ്റിംഗ്, 37/21-22, ബൈജു വി. | $25.11m^3$/ 21760/-രൂപ | $22.59m^3$/ 20105/-രൂപ | $890/m^3$ | 1655+ 12%GST=198/- ആകെ = 1,853/- രൂപ | 20/22 -23,dt. 20.5.22 2,41,437/- |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| | | ആകെ | | | 5,236/- | |

മേൽ സൂചിപ്പിച്ചവിധം എർത്ത് ഫില്ലിംഗ് നടത്തിയതിൽ നിന്നും സി.പി.ഡബ്ലിയു.ഡി സ്പെസിഫിക്കേഷൻ 1.27.1.2 , 1.27.1.3 എന്നിവ പ്രകാരം കൺസോളിഡേഷൻ കുറവ് ചെയ്യാതിരുന്നത് സംബന്ധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (16/15.09.23) മറുപടിയായി ക്രമ നം.1, 2 എന്നിവയായി അധികം നൽകിയ 3,383/- രൂപ 23.09.23-ലെ 1230101787-ാം നമ്പർ രസീത് പ്രകാരം തിരികെ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി രസീത് ഹാജരാക്കിയിട്ടുണ്ട്. ക്രമ നം. 3 ആയി രേഖപ്പെടുത്തിയിട്ടുള്ള അന്നത്തെ നിർവ്വഹണ ഉദ്യോഗസ്ഥന് അയച്ചുകൊടുത്തിട്ടുണ്ടെന്നും, മറുപടി ലഭ്യമാകുന്ന മുറയ്ക്ക് അറിയിക്കുന്നതാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. തിരികെ ഒടുക്കിയ തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും പിൻവലിച്ച് ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കു വരുത്തേണ്ടതാണ്. അധികം നൽകിയ 1,853/-രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

1-37 ഓഡിറ്റ് ഇംപാക്ട്-സോളിഡ് ബ്ലോക്ക് മേസനറിക്ക് ഉയർന്ന നിരക്ക് അനുവദിച്ചതു മൂലം -അധികം നൽകിയ -2,419/- രൂപ തിരികെ ഒടുക്കി

| | |
|---|---|
| പ്രവൃത്തിയുടെ പേര് | വിവിധ വാർഡുകളിൽ ഡ്രെയിനേജ് നിർമ്മാണം പ്രോജക്ട് നം.S0102/22 |
| അടങ്കൽ | 12 ലക്ഷം |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | ഗ്രിഗറി സി. |
| അളവു പുസ്തകം | 11/21-22 ,20/21-22 |
| ചെയ്ത പ്രവൃത്തിയുടെ മൂല്യം | 832720/- (18% GST ഉൾപ്പെടെ) |
| ചെലവ് വിവരം | വൌച്ചർ നമ്പർ-XVFC/22-23 /24.01.23 രൂപ 4,26,974/- (ഫൈനൽ ബിൽ) |

ഓടയ്ക്ക് വിവിധ ഇടങ്ങളിൽ മാൻഹോൾ നിർമ്മിക്കുന്നതിന് ഭിത്തി നിർമ്മാണത്തിനുള്ള സോളിഡ് ബ്ലോക്ക് മേസനറി എന്ന ഇനം (എക്സ്ട്രാ ഇനം 1) സ്പെസിഫിക്കേഷൻ കോഡ് 50.6.1.3 പ്രകാരമുള്ള Solid Block Masonary Of Size 40x20x20 For Superstructure Above Floor Two Level Up To Floor Five Level Thickness 20cm And Above In Cm 1:6 എന്നതിനുള്ള നിരക്കായ 7784.73./$m^3$ എന്ന നിരക്കാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി ടെണ്ടർ ചെയ്തത്. ഇതനുസരിച്ച് കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്കായ

7691/$m^3$ ആണ് മേൽ ഇനത്തിന് അനുവദിച്ചിരിക്കുന്നത്. അളവു പുസ്തകം പ്രകാരം 1.23$m^3$ അളവിൽ ഈ പ്രവർത്തി നിർവ്വഹിച്ചിട്ടുണ്ട്. തറനിരപ്പില്ലുള്ള മാൻഹോൾ നിർമ്മിക്കുന്നതിന് സ്പെസിഫിക്കേഷൻ കോഡ് 50.6.1.1 പ്രകാരമുള്ള Solid Block Masonary Of Size 40x20x20 For Foundation And Plinth With Thickness 20cm And Above In Cm 1:6 എന്നതിനുള്ള നിരക്കായ 6024.02/$m^3$ എന്ന നിരക്ക് അനുവദിച്ചു നൽകിയാൽ മതിയാകും. എന്നാൽ ഉയർന്ന നിരക്ക് അനുവദിച്ചു നൽകിയത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവുണ്ടായി.

അനുവദനീയമായത് – 1.23$m^3$ X 6024.02 = 7409/-

നൽകിയത് – 1.23$m^3$ X 7691/$m^3$ = 9459/-

അധികം നൽകിയത് – 9459 – 7409 = 2050 + 369 (18% GST) = 2,419/- രൂപ

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (19/14.09.23) മറുപടിയായി അധികം നൽകിയ 2,419/- രൂപ 23.09.23-ലെ 1230101787-ാം നമ്പർ രസീത് പ്രകാരം തിരികെ ഒടുക്കി രസീത് ഹാജരാക്കിയിട്ടുണ്ട്. തിരികെ ഒടുക്കിയ തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും പിൻവലിച്ച് ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കു വരുത്തേണ്ടതാണ്.

### 1-38 അനധികൃതമായി പ്രവർത്തിയ്ക്കുന്ന പീലിംഗ്ഷെഡുകൾ -കാപ്പിത്തോടിന്റെ ശാപം


അമ്പലപ്പുഴ ഗ്രാമപഞ്ചായത്തിന് പൂമീൻ പൊഴി മുതൽ പി.ബി ജംഗ്ഷൻ വരെയുമുള്ള മൂന്നര കി.മി ദൈർഘ്യം വരുന്ന സമുദ്രതീരമുണ്ട്. അത് കൊണ്ട് തന്നെ മത്സ്യബന്ധനമാണ് പഞ്ചായത്തിന്റെ പ്രധാനപ്പെട്ട ഒരു തൊഴിൽ മേഖല. മത്സ്യമേഖലയുമായി ബന്ധപ്പെട്ട നിരവധി വ്യവസായങ്ങളും അനുബന്ധ വ്യവസായ സ്ഥാപനങ്ങളും പഞ്ചായത്തിൽ പ്രവർത്തിയ്ക്കുന്നുണ്ട്. ചെമ്മീൻ സംസ്കരണവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് പരിധിയിൽ 35 ഓളം ചെമ്മീൻ പീലിങ് ഷെഡുകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു. ഇത് സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 24/ തീയതി 14.09.2023) നൽകിയ മറുപടിയിൽ 15 സ്ഥാപനങ്ങൾക്ക് മാത്രമേ ലൈസൻസ് നൽകിയിട്ടുള്ളുവെന്നും, ചെമ്മീൻ ലഭ്യമാകുന്ന സമയത്ത് മാത്രമേ പീലിംഗ് ഷെഡ്ഡുകൾ പ്രവർത്തിയ്ക്കാറുള്ളൂ എന്നും 12 മാസ കാലയളവിൽ ആറു മാസം പോലും കൃത്യമായി പ്രവർത്തിയ്ക്കുന്നില്ല എന്നുമാണ് അറിയിച്ചിരിയ്ക്കുന്നത്, ഈ മറുപടി അംഗീകരിയ്ക്കാവുന്നതല്ല. 1996-ലെ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം പഞ്ചായത്തിൽ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുക്കേണ്ടതാണ്. കേരള പഞ്ചായത്തിരാജ് നിയമങ്ങളിലെ വകുപ്പ് 232, 233 എന്നിവ പ്രകാരം ലൈസൻസ് കൂടാതെ ഒരാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കുവാൻ പാടില്ല

ലൈസൻസ് ഇല്ലാതെ അനധികൃതമായി പ്രവർത്തിക്കുന്ന പീലിങ് ഷെഡുകളെ സംബന്ധിച്ച പഞ്ചായത്തിന്റെ പക്കൽ വ്യക്തമായ കണക്കില്ല. ലൈസൻസ് ഇല്ലാതെ അനധികൃതമായി പ്രവർത്തിക്കുന്ന ചെമ്മീൻ പീലിങ് ഷെഡുകൾ പഞ്ചായത്തിന്റെ തനത് ഫണ്ടിന് വരുമാന നഷ്ടം ഉണ്ടാക്കുന്നു. പീലിങ്ങ് ഷെഡുകളിലെ മാലിന്യം എങ്ങനെ സംസ്കരിയ്ക്കുന്നുവെന്നത് വ്യക്തമല്ല.പല പീലിങ്ങ് ഷെഡുകളിൽ നിന്നും മാലിന്യവും മലിനജലവും പൈപ്പുകളിട്ട് കാപ്പിതോട്ടിലേയ്ക്ക് തള്ളുകയാണ് ചെയ്യുന്നത്. പീലിങ് ഷെഡുകളിലെ മാലിന്യ സംസ്കരണം, അശാസ്ത്രീയമായി നടക്കുന്ന എന്നുള്ളതിനാൽ അത് നിയന്ത്രിക്കുന്നതിന് പഞ്ചായത്തിന് സാധിക്കുന്നില്ല, ഇതു പരിസ്ഥിതിയേയും സമീപ പ്രദേശത്തെ ജനജീവിതത്തെയും ദോഷകരമായി ബാധിക്കുന്നു.

കാപ്പിത്തോട് പോലെയുള്ള ജലസ്രോതസ്സുകൾ മലിനമാകുന്നതിനും തൻമൂലം അനാരോഗ്യകരമായ ചുറ്റുപാടുകൾ സൃഷ്ടിക്കുന്നതിനും കാരണവുമാകുന്നു. മലീമസമായ ഇത്തരം ജലസ്രോതസ്സുകളുടെ നവീകരണത്തിന് പഞ്ചായത്തിന് വൻതുകകൾ ചെലവഴിക്കേണ്ടതായി വരുന്നതായി കാപ്പിത്തോട് നവീകരണ ചിലവുമായി ബന്ധപ്പെട്ടു നല്കിയ മേൽ ഓഡിറ്റ് അന്വേഷണത്തിനു നൽകിയ മറുപടിയിൽ

2020-21 മുതൽ 2022-23 വരെയുള്ള കാലയളവിൽ 44,13,228 /- രൂപ കാപ്പിത്തോട് നവീകരണത്തിനായി മാത്രം വിവിധ പ്രോജക്ടുകൾ വഴി പഞ്ചായത്ത് മുഖേന മാത്രം ചിലവഴിച്ചിട്ടുണ്ട്.

| സാമ്പത്തിക വർഷം | ചെലവഴിച്ച തുക |
|---|---|
| 2020-21 | 7,20,338 |
| 2021-22 | 3,30,000 |
| 2022-23 | 33,62,890 |




ഈ കാരണത്താൽ പഞ്ചായത്തിൽ അനധികൃതമായി പീലിംഗ് ഷെഡുകൾ പ്രവർത്തിക്കുന്നില്ലായെന്നത് ഉറപ്പുവരുത്തേണ്ടതാണ്. പീലിംഗ് ഷെഡുകളുടെ വൃത്തിഹീനമായ സാഹചര്യങ്ങളെ നിയന്ത്രിച്ച് ഗുണനിലവാരം ഉറപ്പുവരുത്തി മത്സ്യകയറ്റുമതിയെ പ്രോത്സാഹിപ്പിക്കുന്നതിനോടൊപ്പം ഇവിടെ നിന്നു പുറംതള്ളുന്ന മാലിന്യങ്ങളെ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള മാർഗ്ഗങ്ങളൊരുക്കാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

1-39 സംരക്ഷണ ഗ്രാന്റ് (റോഡ്) 30.63 ലക്ഷം ലാപ്സായി

2022-23 ൽ പഞ്ചായത്തിന് ലഭിച്ച റോഡ് സംരക്ഷണ ഗ്രാന്റായ 48.28 ലക്ഷം രൂപയിൽ 36.54 ശതമാനം, അതായത് 17.64 ലക്ഷം മാത്രമാണ് വിനിയോഗിക്കപ്പെട്ടത്. തൻവർഷം വിനിയോഗിക്കാതിരുന്നതിനാൽ 30,63,814 രൂപ ലാപ്സായി. ഈ ഫണ്ട് ഉപയോഗിച്ച് വിഭാവനം ചെയ്ത 10 പ്രോജക്ടുകളിൽ 5 എണ്ണം നടപ്പായില്ല. നടപ്പാകാതെ പോയതിൽ നാലെണ്ണം പുതിയ പ്രോജക്ടുകളും ഒരെണ്ണം സ്പിൽ ഓവർ പ്രോജക്ടുമാണ്. ആദ്യ ഘട്ടത്തിൽ ഏറ്റെടുത്ത പ്രോജക്ടുകൾ മെയിന്റനൻസിനു പകരം പുതിയ റോഡിനുള്ളവയായിരുന്നതിനാൽ സാങ്കേതികാനുമതി ലഭിക്കാതിരുന്നതും പിന്നീട് വിഭാവനം ചെയ്ത മെയിന്റനൻസ് പ്രവൃത്തി പ്രോജക്ടുകൾക്ക് അംഗീകാരം ലഭിക്കുന്നതിൽ വന്ന കാലതാമസവും നിമിത്തമാണ് ഇപ്രകാരം സംഭിച്ചത് എന്നാണ് സെക്രട്ടറിയും അസിസ്റ്റന്റ് എൻജിനീയറും അറിയിച്ചത്. യഥാകാലം ഫണ്ടിന്റെ വിനിയോഗ നിബന്ധനകൾ പാലിച്ച് കൊണ്ട് പ്രോജക്ടുകൾ വിഭാവനം ചെയ്ത് അംഗീകാരം വാങ്ങി സമയബന്ധിതമായി നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ലീവ് ട്രാവൽ കൺസെഷൻ - അനർഹമായ തുക അനുവദിച്ചു, 50520 രൂപ അധികച്ചെലവ്

ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായ ശ്രീ.രാജേന്ദ്രൻ ജി.ക്ക് ലീവ് ട്രാവൽ കൺസെഷൻ അഡ്വാൻസായി 50,000 രൂപ 25.01.2023-ൽ അനുവദിച്ചിട്ടുണ്ട് (വൌച്ചർ നം. 22200952). അഡ്വാൻസ് അനുവദിച്ചതിലും തുടർന്ന് എൽ.റ്റി.സി സെറ്റിൽമെന്റ് ക്ലയിം അനുവദിച്ചതിലും ക്രമക്കേട് സംഭവിക്കുകയും പഞ്ചായത്ത് ഫണ്ടിന് 50,520 രൂപയുടെ നഷ്ടമുണ്ടാകുകയും ചെയ്തു. വിശദവിവരം ചുവടെ ചേർക്കുന്നു.

അഡ്വാൻസ് നൽകിയതിലെ അപാകം

ശ്രീ.രാജേന്ദ്രൻ സമർപ്പിച്ച എൽ.റ്റി.സി അപേക്ഷയിൽ അദ്ദേഹം ഭാര്യയും രണ്ട് മക്കളും അടക്കം (ആകെ നാല് പേർ) അമൃത്സർ പോകുന്നതായാണ് കാണിച്ചിട്ടുള്ളത്. ഇത് 17.1.2023-ൽ പെർഫോർമൻസ് ഓഡിറ്റ് യൂണിറ്റ് 2 സൂപ്പർവൈസർ ശ്രീ.വി.ജെ.പോൾ പരിശോധിച്ച് അംഗീകരിക്കുകയും അതിൻപ്രകാരം അന്നേ ദിവസം ലീവും യാത്രാനുമതിയും അനുവദിച്ച് ഡി.ഡി.പി. ഉത്തരവാകുകയും ചെയ്തു. ശ്രീ.രാജേന്ദ്രന്റെ പ്രസ്തുത സമയത്തെ അടിസ്ഥാന ശമ്പളം 51400-110300 സ്കെയിലിൽ 73,600 രൂപയാണ്. സ.ഉ.(അ)27/2021 ധന. തീയതി 10.02.2021 ഉത്തരവ് പ്രകാരം 77200-140500 ശമ്പളസ്കെയിലോ അതിനുമുകളിലോ ഉള്ള ജീവനക്കാർക്കാണ് വിമാനയാത്ര അനുവദനീയമായുള്ളത്. പ്രസ്തുത ഉത്തരവ് പ്രകാരം എ.സി 2ടയർ യാത്രക്കാണ് ശ്രീ.രാജേന്ദ്രന് അർഹതയുള്ളത്. ആകയാൽ ശ്രീ.രാജേന്ദ്രൻ ഹോം ടൌൺ ആയി തെരഞ്ഞെടുത്തിരിക്കുന്ന വണ്ടാനം മുതൽ അമൃത്സർ വരെ II AC ട്രയിൻ ഫെയറിനാണ് എൽ.റ്റി.സി വഴി പരമാവധി അർഹത ലഭിക്കുക. ആലപ്പുഴ – അമൃതസർ ട്രയിൻ ഫെയർ II ACയിൽ 3,740 രൂപയാണ്(കൊച്ചുവേളി – അമൃത്സർ സൂപ്പർഫാസ്റ്റ് നം. 12483). അതായത് നാല് പേർക്കുമായി ഇരുവശത്തേക്കും അനുവദനീയമായ തുക 29,920 രൂപയാണ് വരുക(3740x4x2). വണ്ടാനം മുതൽ ആലപ്പുഴ റയിൽവേ സ്റ്റേഷൻ വരെ പത്ത് കിലോമീറ്ററിന് ഇരുയാത്രകൾക്കുമായി ടാക്സി ചാർജ്ജ് 650 രൂപയും വരും (മിനിമം 225 രൂപ 5 കി.മിന്. +20രൂ/കി.മി ഓരോ അധിക കി.മിനും((225+5x20)x2))). ഇങ്ങനെ ആകെ 30,570 രൂപയാണ് എൽ.റ്റി.സി.യായി പരമാവധി ലഭിക്കുക. എൽ.റ്റി.സിക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങുന്ന സ.ഉ.(അ)5/2013 ധന. തീയതി 2.01.2013 ഖ.8 പ്രകാരം ഹോം ടൌൺ മുതൽ ഒരു സ്ഥലം (ഡസ്റ്റിനേഷൻ) വരെയുള്ള ഇരു ദിശകളിലിക്കുമുള്ള യാത്രാക്കൂലിക്ക് മാത്രമാണ് അർഹത എന്നിരിക്കെ ഡസ്റിനേഷനിൽ തങ്ങി വിവിധ സ്ഥലങ്ങൾ കാണുന്നതിനുള്ള ടാക്സി ചാർജ്ജുകൾ എൽ.റ്റി.സി വഴി തിരികെ ലഭിക്കില്ല. ആകയാൽ 30,570 രൂപയുടെ 90 ശതമാനമായ 27,513 രൂപ മാത്രമാണ് മുൻകൂറായി അനുവദിക്കാവുന്നത്. എന്നാൽ പരമാവധി അനുവദനീയമായതിലും അധികമായി മുൻകൂർ യാത്ര ബത്ത അനുവദിക്കപ്പെട്ടു. 22,487 രൂപ(50000-27513) ഇത്തരത്തിൽ കൂടുതലായി നൽകി.

ക്ലയിം സെറ്റിൽ ചെയ്തതിലെ അപാകം

27.1.23 മുതൽ 3.02.2023 വരെയുള്ള യാത്രക്ക് ശേഷം ക്ലയിം സെറ്റിൽ ചെയ്യാനായി ശ്രീ രാജേന്ദ്രൻ അപേക്ഷിക്കുകയും ഇത് 27.2.2023-ലെ പഞ്ചായത്ത് കമ്മറ്റി അംഗീകരിക്കുകയും ചെയ്തു (തീരുമാനം8(4)). കമ്മറ്റി നിയമപ്രകാരമുള്ള എൽ.റ്റി.സി അനുവദിക്കാനാണ് തീരുമാനിച്ചത്. എന്നാൽ തുക പറയുകയുണ്ടായില്ല. ശ്രീ.രാജേന്ദ്രൻ ആകെ 81,099 രൂപ ക്ലയിം കാണിച്ച് 50,000 രൂപ മുൻകൂർ കിഴിച്ച് 31,099 രൂപ വൌച്ചർ നം. 22300021 വഴി 05.04.2023-ൽ കൈപ്പറ്റി. സെറ്റിൽമെന്റിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എൽ.റ്റി.സി ക്ലയിമായി വണ്ടാനം മുതൽ നെടുമ്പാശ്ശേരിവരെയും തിരിച്ചും ഉള്ള ടാക്സി ചാർജ്ജ്(3706x2=7412 രൂപ), നെടുമ്പാശ്ശേരി (കോച്ചി അന്താരാഷ്ട്ര വിമാനത്താവളം) മുതൽ ന്യൂ ഡൽഹി വരെയും തിരിച്ചും ഉള്ള വിമാന ടിക്കറ്റ് ചാർജ്ജ്(56,999 രൂപ), ഡൽഹിയിൽ താമസസ്ഥലത്തുനിന്ന് അമൃത്സറിലേക്കും ഡൽഹിയിലെ മറ്റ് സന്ദർശനസൈറ്റുകളിലേക്കും പോയി വന്ന ടാക്സി ചാർജ്ജ്

(6488+2800+3200+3600=16,088 രൂപ), തിരികെ ഡൽഹി വിമാനത്താവളത്തിലേക്കുള്ള ടാക്സി ചാർജ്ജ് (600 രൂപ) എന്നിവ ചേർത്താണ് 81,099 രൂപ ക്ലയിം ചെയ്തത്. എന്നാൽ യഥാർഥത്തിൽ മുകളിൽ പറഞ്ഞത് പ്രകാരം വണ്ടാനം മുതൽ ആലപ്പുഴ റയിൽവേ സ്റ്റേഷൻ വരെ പത്ത് കിലോമീറ്ററിന് ഇരുയാത്രകൾക്കുമായി ടാക്സി ചാർജ്ജ് 650 രൂപയും ആലപ്പുഴ മുതൽ അമൃതസർ വരെയും തിരിച്ചും ഉള്ള II AC ട്രയിൻ ഫെയറും (29,920 രൂപ) ആണ് അനുവദനീയം (രാജധാനി ട്രയിൻഫെയർ അനുവദനീയമല്ല). അതായത് ആകെ 30,570 രൂപ ലീവ് ട്രാവൽ കൺസെഷൻ റീഫണ്ട് ലഭിക്കുന്നതിന് അർഹതയുള്ള സ്ഥാനത്ത് 81,099 രൂപ(50000+31099) ശ്രീ.രാജേന്ദ്രൻ കൈപ്പറ്റി. അതായത് 50,520 രൂപ അധികമായി നൽകപ്പെട്ടു (81099-30570). അപാകം ചൂണ്ടിക്കാട്ടി ഓഡിറ്റ് അന്വേഷണം നൽകിയതിനെ തുടർന്ന് ഓഡിറ്റിന്റെ കണ്ടെത്തൽ ശരിവച്ച് കൊണ്ട് ശ്രീ.രാജേന്ദ്രൻ 15.09.2023-ൽ ക്ലയിം പുതുക്കി സമർപ്പിച്ചിട്ടുണ്ട്. അധികം അനുവദിച്ച തുക തിരികെ ഈടാക്കുന്നതാണെന്ന് സെക്രട്ടറിയും അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ അധികം നൽകിയ 50,520 രൂപ തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

<u>റഫറൻസ്</u>

1) സ.ഉ.(അ)27/2021 ധന. തീയതി 10.02.2021
2) സ.ഉ.(അ)5/2013 ധന. തീയതി 02.01.2013
3) വൗച്ചർ നം. 22200952 / 25.01.2023(50,000 രൂപ)
4) ഉത്തരവ് നം. DDP-ALP/23/2023-E2/17.01.2023(ആലപ്പുഴ ഡി.ഡി.പി)
5) 27.2.2023-ലെ അമ്പലപ്പുഴ വടക്ക് പഞ്ചായത്ത് കമ്മറ്റി തീരുമാനം നം.8(4)
6) വൗച്ചർ നം. 22300021 / 05.04.2023 (31,099 രൂപ)

ഓഡിറ്റ് അന്വേഷണങ്ങൾ – നം. 5/08.09.2023, നം. 14/12.09.2023

<u>3-2 മഴക്കാല പൂർവ്വ ശുചീകരണം - ധനവിനിയോഗ മാനദണ്ഡങ്ങൾ ലംഘിക്കപ്പെട്ടു</u>

മഴക്കാല പൂർവ്വ ശുചീകരണത്തിനായി 18 വാർഡ് തല സാനിറ്റേഷൻ സമിതികൾക്കും 10,000 രൂപ വീതം പഞ്ചായത്ത് തനത് ഫണ്ടിൽ നിന്ന് നൽകിയിട്ടുണ്ട്. കൂടാതെ ശുചിത്വമിഷൻ ഗ്രാന്റായി ലഭിച്ച 1,80,000 രൂപയും തുല്യമായി വീതിച്ച് നൽകി. ഇങ്ങനെ ഓരോ വാർഡ് തല സാനിറ്റേഷൻ സമിതികൾക്കും 20,000 രൂപ വീതം ലഭിച്ചിട്ടുണ്ട്. ആയതിന്റെ വിനിയോഗത്തിൽ താഴെപ്പറയുന്ന അപാകങ്ങൾ സംഭവിച്ചു.

എ) <u>അക്കൌണ്ട് മുഖേനയല്ലാതെ പണമായി ചെലവ് ചെയ്തു</u>

സ.ഉ.(അ) 177/2006 ധന. തീയതി 12.04.2006 സർക്കാർ ഉത്തരവ് പ്രകാരം ആയിരം രൂപയിൽ കൂടിയ ഒരു ചെലവും നേരിട്ട് പണായി നിർവ്വഹിക്കാതെ ബാങ്ക് അക്കൌണ്ട് മുഖേന ചെക്ക്/ഡി.ഡി ആയി നിർവ്വഹിക്കേണ്ടതാണ്. 2015-ലെ പുതുക്കിയ മാർഗ്ഗനിർദ്ദേശപ്രകാരം ചെലവുകൾ അക്കൌണ്ട് ട്രാൻസ്ഫർ വഴി നടത്തേണ്ടതുമാണ്. എന്നാൽ വാർഡ് തല സാനിറ്റേഷൻ സമിതികൾ ഈ നിർദ്ദേശം പാലിക്കാതെ കൺവീനർമാരായ ജെ.എച്ച്.ഐ. മാരും ജെ.പി.എച്ച്.എൻ. മാരും ബാങ്കിൽ നിന്ന് നേരിട്ട് പണം പിൻവലിച്ച് ചെലവഴിച്ചുവരുന്നു. വിവിധ വാർഡുകളിൽ ജെ.സി.ബി. ഉപയോഗിച്ച് ക്ലീനിംഗ് നടത്തിയതിന് പണം നൽകിയത് അക്കൌണ്ട് മുഖേന അല്ല.

ഉദാഹരണമായി 2022 മാർച്ചിൽ വാർഡ് ഒന്നിൽ മൂന്ന് ദിവസം വൃക്ഷവിലാസം തോപ്പ് തോട് വൃത്തിയാക്കിയതിന് 28,000 രൂപയാണ് കളപ്പുര ദേവൻ എർത്ത് മൂവേഴ്സ് എന്ന സ്ഥാപനത്തിന് പണമായി നൽകിയത്. വാർഡ് രണ്ടിൽ ഇതേ തോടിന്റെ മറ്റൊരുഭാഗം വൃത്തിയാക്കിയതിനും വാർഡ് ഏഴിൽ പുതുവേച്ചിറ തോട് ആഴം കൂട്ടിയതിനും 10,000 രൂപ വീതം റാഫ എർത്ത് മൂവേഴ്സിന് ഇരുവാർഡിലേയും സമിതികൾ നൽകിയതും പണമായി തന്നെയാണ്. വാർഡ് 17-ൽ 30.07.2022, 03.08.2022 തീയതികളിൽ ജെ.സി.ബി. ഉപയോഗിച്ച് ക്ലീനിംഗ് നടത്തി എന്ന് കാണിച്ച് 10000 രൂപ കൊച്ച് പറമ്പ് എർത്ത് മൂവേഴ്സിന് അനുവദിച്ചതും പണമായിതന്നെ. 31.8.22-ൽ ഇതിനുൾപ്പടെ 16,500 രൂപ കൺവീനറായ ശ്രീമതി ഫെബി (ജെ.പി.എച്ച്.എൻ.) സ്വന്തം പേരിലെ ചെക്ക് ഉപയോഗിച്ച് മാറി വിതരണം ചെയ്തതായാണ് രേഖ (ചെക്ക് നം. 45104785 സൌത്ത് ഇന്ത്യൻ ബാങ്ക് അമ്പലപ്പുഴ ശാഖ). മറ്റ്

വാർഡുകളിലും സമാന സ്വഭാവമുള്ള ജോലികൾ ചെയ്തതിന് തുക പണമായി തന്നെയാണ് നൽകിയിട്ടുള്ളത്.

തൊഴിലാളികൾക്ക് കൂലി നൽകിയിട്ടുള്ളതും പണമായി തന്നെയാണ്. വാർഡ് ആറിൽ കോലേഴം റോഡ് കാന ക്ലീനിംഗ് നടത്തിയതിന്റെ മസ്റ്ററോൾ പ്രകാരം ഏഴ് തൊഴിയാളികൾ നാല് ദിവസം വാതവും ഒരാൾ ഒരുദിവസവും ജോലി ചെയ്തു. പ്രതിദിനം 500 രൂപ നിരക്കിൽ പ്രസ്തുത ഏഴ് തൊഴിലാളികൾക്കും 2,000 രൂപ വീതവും ഒരാൾക്ക് 500 രൂപയും 2.8.22-ൽ നൽകിയത് പണമായിതന്നെ. ഇതിനായി അന്നേ ദിവസം ക്യാഷ് ചെക്കായി പണം പിൻവലിച്ചു. (ചെക്ക് നം.148668 സൌത്ത് ഇന്ത്യൻ ബാങ്ക് അമ്പലപ്പുഴ ശാഖ, ആകെ 18,600 രൂപ). സർക്കാർ ഉത്തരവ് പാലിക്കാതിരുന്നതിന്റെ കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ ദിവസവേതനക്കാരായ ജെ.സി.ബി.ഓപ്പറേറ്റർമാർ ആവശ്യപ്പെട്ടതിനാൽ വാർഡ് മെമ്പർമാരുടെ നിർദ്ദേശാനുസരണം പണം മാറി നൽകി എന്നാണ് മെഡിക്കൽ ഓഫീസർമാർ വ്യക്തമാക്കിയിട്ടുള്ളത്. ജെ.സി.ബി ഓപ്പറേറ്ററുടെ വേതനം മാത്രമല്ല ജെ.സി.ബി യുടെ പ്രവർത്തന ചാർജ്ജ് മൊത്തം പണമായി തന്നെ നൽകി എന്നതിനാലും സർക്കാർ നിർദ്ദേശം മറികടന്നതിന് മേൽപ്പറഞ്ഞത് ന്യായീകരണമാകുന്നില്ല എന്നതിനാലും പ്രസ്തുത മറുപടി സ്വീകാര്യമല്ല.

സർക്കാർ നിർദ്ദേശം പാലിക്കാതെ പണമായി ചെലവുകൾ നടത്തിയതിൽ യുക്തമായ അന്വേഷണം നടത്തി ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

ബി) <u>മസ്റ്റർ റോളിലെ ക്രമക്കേടുകൾ</u>

വാർഡ് തലത്തിൽ നടത്തപ്പെടുന്ന ഉറവിട നിർമ്മാർജ്ജനം, ക്ലോറിനേഷൻ മുതലായവയുടെ മസ്റ്റർ റോൾ കൃത്യമായല്ല രേഖപ്പെടുത്തി സൂക്ഷിക്കുന്നത്. ശുചീകരണ തൊഴിലാളികളുടെ എല്ലാവരുടേയും ഒപ്പ് ഒരാൾ തന്നെ രേഖപ്പെടുത്തിയിരിക്കുന്നത് പ്രകടമാണ്.

1) വാർഡ് 15 ൽ വൌച്ചർ നം. 1 പ്രകാരം 26.4.22, 27.4.22 തീയതികളിലും വൌച്ചർ 6 പ്രകാരം 6.8.22, 7.8.22 തീയതികളിലും ഉറവിട നിർമ്മാർജ്ജനം നടത്തിയതിന് പണം അനുവദിക്കുന്നതിന് ആധാരമാക്കിയിരിക്കുന്ന മസ്റ്റർ റോളുകളിൽ ഒരാൾ തന്നെയാണ് തൊഴിലാളികളുടെ ഹാജർ രേഖപ്പെടുത്തിയിരിക്കുന്നത് എന്ന് വ്യക്തമാണ്. ഒരേ തൊഴിലാഴികൾ തന്നെയാണ് ഈ രണ്ട് മസ്റ്റർ റോളിലും ഉൾപ്പെട്ടിട്ടുള്ളതെങ്കിലും അവരുടെ ഇരു മസ്റ്ററോളിലേയും ഒപ്പുകൾ തമ്മിൽ പ്രകടമായ വ്യത്യാസം ഉണ്ട്. ശ്രീമതി മീനമോൾ എം., ജെ.എച്ച്.ഐ. ആണ് ഈ പ്രവൃത്തികൾ ചെയ്യിച്ചിരിക്കുന്നത്. 10 തൊഴിലാളികൾക്ക് പ്രതിദിനം 75 രൂപ ക്രമത്തിൽ 2 ദിവസത്തെ ജോലിക്ക് 150 രൂപ വീതം ആകെ 1,500 രൂയാണ് ഇരു വൌച്ചറിലും ചെലവ് കാണിച്ചിട്ടുള്ളത്(ആകെ 3,000 രൂപ). ചെക്ക് നം. 671000 (സൌത്ത് ഇന്ത്യൻ ബാങ്ക് അമ്പലപ്പുഴ ശാഖ, ആകെ 15,000 രൂപ) മുഖേന പിൻവലിച്ചാണ് പണമായി ഈ ചെലവ് ചെയ്തിട്ടുള്ളത്.

2) ശ്രീമതി മീനമോൾ എം., ജെ.എച്ച്.ഐ. തന്നെ കൺവീനറായി ശുചീകരണത്തിന് നേതൃത്വം നൽകിയ വാർഡ് 16-ലെ പ്രവർത്തികളിലും ഇപ്രകാരം തന്നെയാണ് മസ്റ്റർ റോൾ തയ്യാറാക്കിയിട്ടുള്ളത്. ഈ വാർഡിൽ 23.2.23-ൽ 20,000 രൂപയുടെ (ക്യാഷ് ചെക്ക് നം. 817766 സൌത്ത് ഇന്ത്യൻ ബാങ്ക് അമ്പലപ്പുഴ ശാഖ, ആകെ 20,000 രൂപ) ചെലവിനാധാരമായി ലഭ്യമാക്കിയ 12 വൌച്ചറുകളിൽ ഉൾചേർത്തിരിക്കുന്ന മസ്റ്റർ റോളുകളിൽ തൊഴിലാളികൾ എല്ലാവരുടേയും ഒപ്പുകൾ ഒരാൾ തന്നെ രേഖപ്പെടുത്തിയിരിക്കുന്ന എന്ന് വ്യക്തമാണ് ഒപ്പുകൾ രേഖപ്പെടുത്തിയിരിക്കുന്നു. പ്രാഥമിക പരിശോധന നടത്തുമ്പോൾ കൈയ്യക്ഷരം വച്ച് എല്ലാ ഒപ്പുകളും ശ്രീമതി മീനമോൾ തന്നെ രേഖപ്പെടുത്തിയതായാണ് കാണുന്നത് .

മറ്റ് വാർഡുകളിലെ മസ്റ്റർ റോളിലും സമാനമായ ചില അപാകങ്ങൾ കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് പണാപഹരണം നടന്നിട്ടില്ല എന്നും കൺവീനർ ആയ ജെ.എച്ച്.ഐ ലീവാകയാൽ ഓഡിറ്റ് ആവശ്യപ്പെട്ടപ്പോൾ വൌച്ചറുകൾ തയ്യാറാക്കി ലഭ്യമാക്കിയതാണ് എന്നുമുള്ള മറുപടിയാണ് മെഡിക്കൽ ഓഫീസർ നൽകിയത്. കൃത്യമായ ചെലവ് രേഖകൾ സൂക്ഷിച്ചിരുന്നില്ല എന്ന് ഇതിൽനിന്ന് വ്യക്തമാകുന്നു.

മസ്റ്ററോളിൽ കൃത്രമം നടന്നതിനാൽ പ്രസ്തുത തുകകളുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ആകയാൽ പ്രസ്തുത 23,000 രൂപ ബന്ധപ്പെട്ട വാർഡ് തല സാനിറ്റേഷൻ സമിതി കൺവീനറിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്. സമാനമായി മറ്റ് വാർഡുകളിലെ കൃത്രിമത്തെ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി ഉത്തരവാദികൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണ്.

സി) മറ്റ് അപാകങ്ങൾ

1) ജെ.സി.ബി വച്ച് നിർവ്വഹിച്ച പ്രവൃത്തികളുടെ ബില്ലിൽ പ്രവർത്തി ആരംഭിച്ച സമയം, അവസാനിച്ച സമയം, ചെയ്ത പ്രവൃത്തിയുടെ വിശദാംശങ്ങൾ എന്നിവ രേഖപ്പെടുത്തുന്നില്ല. വാർഡ് 17-ൽ 30.07.2022, 03.08.2022 തീയതികളിൽ ജെ.സി.ബി ഉപയോഗിച്ച് ക്ലീനിംഗ് നടത്തി എന്ന് കാണിച്ച് 10,000 രൂപ കൊച്ച് പറമ്പ് എർത്ത് മൂവേഴ്സിന് അനുവദിച്ചതിൽ എന്ത് പ്രവത്തിയാണ് നടത്തിയത് എന്ന് പോലും വ്യക്തമാക്കിയിട്ടില്ല.

2) ഒന്നാം വാർഡിൽ തൻവർഷം 19,300 രൂപയുടെ പ്രവൃത്തി മാത്രമാണ് നിർവ്വഹിക്കപ്പെട്ടത്. ബാക്കി 700 രൂപ അക്കൌണ്ടിൽ ശേഷിക്കുന്നു. ഈ തുക വിനിയോഗിക്കപ്പെടാത്തപക്ഷം പഞ്ചായത്തിന് കൈമാറേണ്ടതാണെങ്കിലും അത് ചെയ്തിട്ടില്ല.

അപാകങ്ങൾ പരിഹരിക്കാൻ സത്വര നടപടി സെക്രട്ടറിയും മെഡിക്കൽ ഓഫീസറും (പി.എച്ച്.സി.) സ്വീകരിക്കേണ്ടതാണ്.

ചെലവ് വിവരം (പഞ്ചായത്ത് വാർഡ് തല സാനിറ്റേഷൻ സമിതികൾക്ക് നൽകിയത്)

തനത് ഫണ്ട് -ആകെ 1,80,000 രൂപ വൌച്ചർ നം. 22200096/ 19.05.2022

ശുചിത്വമിഷൻ ഗ്രാന്റ്- ആകെ 1,80,000 രൂപ വൌച്ചർ നം. 22200694 /17.11.2022

ഓഡിറ്റ് അന്വേഷണം നം- 30/15.09.2023

3-3 MGNREGS-ഉപയോഗിച്ച ശേഷം ബാക്കിയുള്ള കയർഭ്രവസ്തത്തിന്റെ വിനിയോഗ വിവരം ഇല്ല- വിലയിനത്തിൽ നഷ്ടം-8,262/-രൂപ

ഉപയോഗിച്ച ശേഷം ബാക്കിയുള്ള കയർഭ്രവസ്തത്തിന്റെ വിനിയോഗ വിവരം ഇല്ല-

4 -ാം വാർഡിൽ പള്ളിച്ചിറ മുതൽ മോട്ടോർതറ വരെ തോട് ആഴം കൂട്ടലും കയർഭ്രവസ്തം വിരിക്കലും-

വർക്ക് കോഡ്- FP/385600

M-book No.- 310/22-23.

FTO- No.-1) 16412,Rs-170375/-dt.03.07.23

ഈ പ്രവൃത്തിയുടെ ചെലവ് രേഖകൾ പരിശോധിച്ചതിൽ, പ്രവൃത്തിക്കായി കയർ കോർപ്പറേഷനിൽ നിന്നും രണ്ട് ബില്ലുകൾ പ്രകാരം 2250m$^2$ കയർ ഭ്രവസ്തം വാങ്ങിയിട്ടുണ്ട്. (ഇൻവോയിസ് നം.cc/IG /3297,dt.23.01.23, ഇൻവോയിസ് നം.cc/IG/3298,dt.23.01.23)എന്നാൽ അളവു പുസ്തകം പരിശോധിച്ചതിൽ, വിവിധ തീയതികളിലായി ആകെ 2067.75 M$^2$ മാത്രമെ വിരിച്ചിട്ടുള്ളൂ. ആയതിന് 2142 M$^2$ കയർ ഭ്രവസ്തം മാത്രമാണ് ആവശ്യമായിട്ടുള്ളത്.(2067.75m$^2$ X 1.05 M$^2$)

ബാക്കിയുണ്ടാവേണ്ട കയർ ഭ്രവസ്തത്തിന്റെ അളവ് = 2250 -2142 =108m$^2$.

എന്നാൽ കയർ ഭ്രവസ്തത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 2250 M$^2$ കയർ ഭ്രവസ്തവും വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്.ബാക്കിയുള്ള കയർ ഭ്രവസ്തം തിരികെ സ്റ്റോക്കിലെടുത്തതിന്റെയോ, ആയതിന്റെ വിനിയോഗ വിവരമോ രേഖപ്പെടുത്തിയിട്ടില്ല. വിനിയോഗ രേഖകളോ, സ്റ്റോക്കിൽ ബാലൻസോ കാണിക്കാത്ത 108m$^2$ കയർഭ്രവസ്തത്തിന്റെ വിലയായ 8,262/-രൂപ (76.50/- X 108m$^2$) MGNREGS ന്റെ ചുമതലയുള്ള ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്. മറുപടിയും, ആവശ്യമായ രേഖകളും ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (23/14.09.23) ലഭ്യമാക്കിയ മറുപടിയിൽ എസ്റ്റിമേറ്റിൽ വിഭാവനം ചെയ്തിരുന്ന മുഴുവൻ നീളത്തിലും (750 മീറ്റർ) പ്രവൃത്തി

നിർവ്വഹിച്ചുവെന്നും, അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയതിലുണ്ടായ അപാകത മൂലമാണ് ഇപ്രകാരമൊരു പിഴവുണ്ടായതെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. എസ്റ്റിമേറ്റിൽ ഇത്രയും പ്രവൃത്തി നിർവ്വഹിക്കുന്നതിന് 553 തൊഴിൽ ദിനങ്ങളാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ മറുപടിയിൽ 508 തൊഴിൽ ദിനങ്ങൾ കൊണ്ട് ഈ പ്രവൃത്തി നിർവ്വഹിച്ചുവെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ തന്നെ ഈ പ്രവൃത്തി എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയ പ്രകാരം പൂർണ്ണമായും നിർവ്വഹിച്ചുവെന്ന മറുപടി അംഗീകരിക്കുന്നില്ല.

## 3-4 MGNREGS-കരാറുകാരൻ സപ്ലൈ ചെയ്ത അളവിനെക്കാൾ കൂടുതൽ സ്റ്റാക്ക് മെഷർമെന്റ് രേഖപ്പെടുത്തി 2,075/-രൂപ അധികം നൽകി

പഞ്ചായത്തിൽ തൻ വർഷം MGNREGS-ൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ ചുവടെ ചേർത്തിട്ടുള്ള മെറ്റീരിയൽ പ്രവൃത്തിയിൽ, ഗ്രാവൽ ഫില്ലിംഗിന് കരാറുകാരൻ ഹാജരാക്കിയിട്ടുള്ള ബില്ലിൽ സപ്ലൈ ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ള ഗുഡ് എർത്തിന്റെ അളവിനെക്കാൾ അധികം അളവ് അളവുപുസ്തകത്തിൽ രേഖപ്പെടുത്തി അധികം തുക കരാറുകാരന് അനുവദിച്ചു നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്/ വർക്ക് കോഡ്/FTO No./ കരാറുകാരൻ / എം. ബുക്ക് നമ്പർ | അളവ് പുസ്തകത്തിൽ സ്റ്റാക്ക് രേഖപ്പെടുത്തിയിട്ടുള്ള അളവ് / 20% കൺസോളിഡേഷന് ശേഷം അനുവദിച്ച നൽകിയ അളവ്./നൽകിയ തുക ($M^3$ന് 1118.10 രൂപ പ്രകാരം) | കരാറുകാരൻ ഹാജരാക്കിയിട്ടുള്ള ബില്ല് പ്രകാരമുള്ള അളവ്/ 20% കൺസോളിഡേഷന് ശേഷം അനുവദനീയമായ അളവ്./അനുവദനീയമായ തുക ($M^3$ന് 1118.10 രൂപ പ്രകാരം) | അധികം നൽകിയ തുക |
|---|---|---|---|---|
| 1. | വാർഡ്- 10- പാണ്ടിയം പറമ്പ് റോഡ് നിർമ്മാണം./RC-374209 /162561 /10-04-23/ഷാജി വി.,വാണിയ പുരയ്ക്കൽ. (ടൈൽ വിരിക്കൽ പ്രവൃത്തിയുടെ തുക ഒഴികെ) 227/22-23 | 33.495$m^3$ / 26.796$m^3$ / 29,960/-രൂപ | 31.18$m^3$ / 24.94$m^3$ / 27,885/-രൂപ | 3703/-+185 (5%)= 2,075/-രൂപ |
| | | ആകെ | | 3,888/-രൂപ |

മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/14.09.23)ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരൻ 20% അധികം ഗ്രഡ് എർത്ത് സപ്ലൈ ചെയ്തതെന്നും, എന്നാൽ അളവു പുസ്തകത്തിൽ കൺസോളിഡേഷന ശേഷമുള്ള സ്റ്റാക്ക് ചെയ്ത അളവാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും, ആയതിനാണ് എൻക്വയറിയിൽ ചൂണ്ടിക്കാട്ടിയ അപാകത ഉണ്ടായതെന്നും, രേഖപ്പെടുത്തിയിട്ടുണ്ട്. ഈ മറുപടി അംഗീകരിക്കുന്നില്ല.
കരാറുകാരനിൽ നിന്നും തുക ഈടാക്കി അടയ്ക്കേണ്ടതാണ്. അല്ലാത്ത പക്ഷം MGNREGS-ന്റെ ചുമതലയുള്ള ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

3-5 MGNREGS-ആട്ടിൻ കൂട് നിർമ്മാണത്തിലെ അപാകതകൾ- അധിക ചെലവ് 11,711/- രൂപ

11-ാം വാർഡിലെ ഫാരിഷ, വെള്ളൂരിന്റെ വീട്ടിലെ ആട്ടിൻകൂട് നിർമ്മാണം- അപാകതകൾ
വർക്ക് കോഡ് –I F-817678
അളവുപുസ്തകം -234/22-23
ആകെ ചെലവ് -2,44,805/-
FTO- 16517/28-03-23, Rs-1,99,619/-

7 മീറ്റർ നീളത്തിലും, 4 മീറ്റർ വീതിയിലും 2,44,805/- രൂപ ചെലവഴിച്ച് നിർമ്മിച്ചിട്ടുള്ള ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.
1.മെറ്റീരിയൽ വിലയ്ക്കുപോൽബലകമായി ഗുണഭോക്താവ് ഹാജരാക്കിയ ബില്ലുകൾ പ്രകാരമുള്ള ചെലവും അളവ് പുസ്തകത്തിലെ ആകെ മെറ്റീരിയൽ വിലയും തമ്മിൽ അന്തരം-
നിർമ്മാണവുമായി ബന്ധപ്പെട്ട് ഗുണഭോക്താവ് ഹാജരാക്കിയ ചെലവ് രേഖകൾ പരിശോധിക്കാതെയാണ് തുക അനുവദിച്ചിട്ടുള്ളത്. ഹാജരാക്കിയ ബില്ലുകൾ പ്രകാരം വാങ്ങിയതായി രേഖപ്പെടുത്തിയിട്ടുള്ള പല മെറ്റീരിയലുകളും ഈ പ്രവൃത്തിക്ക് ആവശ്യമായതിലും വളരെയധികം അളവിലുള്ളതാണ്. ആയതിനാൽ തന്നെ ഹാജരാക്കിയ ചെലവ് രേഖകൾ എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ള പ്രവൃത്തി നിർവ്വഹിക്കുന്നതിനാവശ്യമായ മെറ്റീരിയലിന്റെ ചെലവിനെക്കാൾ വളരെയധികമാണ്.

| അളവു പുസ്തകം പ്രകാരം ആകെ<br>മെറ്റീരിയൽ വില | ഗുണഭോക്താവ് ഹാജരാക്കിയ ബില്ലുകൾ<br>പ്രകാരമുള്ള ആകെ ചെലവ് |
|---|---|
| 2,00,410 | 2,34,053/- |

2.ഭൗതിക പരിശോധനയിൽ ബോധ്യപ്പെട്ടതും അളവു പുസ്തകത്തിലെ രേഖപ്പെടുത്തലുമായി പൊരുത്തപ്പെടുന്നില്ല-
പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച് നടത്തിയ ഭൗതിക പരിശോധനയിൽ യഥാർത്ഥത്തിൽ നിർവ്വഹിച്ച പ്രവൃത്തികളല്ല അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതെന്ന് കണ്ടു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനവിവരം | സ്പെസിഫിക്കേഷൻ | അളവു പുസ്തകം പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള അളവ്/നിരക്ക്/തുക | | | ഭൗതിക പരിശോധനയിൽ കണ്ടത് |
|---|---|---|---|---|---|
| 2. | Providing And Laying In Position Cement Concrete Of Specified Grade | 1.98.$m^3$ | 8886.75/ $M^3$ | 17595/- | സോളിഡ് ബ്ലോക്ക് ഉപയോഗിച്ച് ഫൌണ്ടേഷൻ നിർമ്മിച്ചിരിക്കുന്നു. |

| | | | | | |
|---|---|---|---|---|---|
| | (ഫൌണ്ടേഷൻ 4 വശവും 0.45 Cm.വീതിയിൽ കോൺക്രീറ്റിംഗ്) | | | | |
| 4. | 12mm സിമന്റ് പ്ലാസ്റ്ററിംഗ് | $12.3m^2$ | $287.46/m^2$ | 3535/- | ചെയ്തിട്ടില്ല. |
| 6. | വൈറ്റ് വാഷിംഗ്. | $12.3m^2$ | $25.06/m^2$ | 308/- | ചെയ്തിട്ടില്ല. |
| - | ബെൽറ്റ് കോൺക്രീറ്റിംഗ് - | ചെയ്തിട്ടില്ല | | | 2x7x0.20x0.10 2x4x0.2x0.10 അളവിൽ നിർമ്മിച്ചിട്ടുണ്ട്. |
| | റൂഫ് പാത്തി | ചെയ്തിട്ടില്ല | | | വശങ്ങളിൽ നിർമ്മിച്ചിട്ടുണ്ട്. |
| 2 | പില്ലർ (Providing And Laying In Position Cement Concrete Of Specified Grade)8x0.30x0.30x1 | $0.72m^3$ | $8886.75/M^3$ | 6398/- | അളവു പുസ്തകത്തിൽ സൂചിപ്പിച്ച അളവിൽ 2 പില്ലറുകൾ മാത്രമെ നിർമ്മിച്ചിട്ടുള്ളു. ബാക്കിയുള്ള 6 എണ്ണം 30 Cm.വ്യാസമുള്ള പൈപ്പിൽ കോൺക്രീറ്റ് നിറച്ച് നിർമ്മിച്ചതാണ്. |

3.സിമന്റിന് ഉയർന്ന നിരക്ക് അനുവദിച്ചിരിക്കുന്നു-

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ആലപ്പുഴ ജില്ലാ ഓംബുഡ്സ്മാന്റെ 08.07.22-ലെ OMB/ALP/AW/20/2022-ാം നമ്പർ നടപടിക്രമത്തിൽ സിമന്റിന് നിലവിലെ മാർക്കറ്റ് റേറ്റിന് പകരം സെക്യൂർ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടുള്ള നിരക്ക് നൽകാൻ പാടില്ലായെന്നും, നിലവിൽ കുടിശ്ശികയായിരിക്കുന്ന മുഴുവൻ പൊതു/വ്യക്തിഗത ആസ്തികൾക്കും ഇതു ബാധകമാണെന്നും, ഈ മാനദണ്ഡങ്ങൾ പാലിച്ചു മാത്രമെ, FTO ജനറേറ്റ് ചെയ്യാൻ പാടുള്ളുവെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തിയിൽ സിമന്റ് വാങ്ങിയതുമായി ബന്ധപ്പെട്ട് ഗുണഭോക്താവ് ഹാജരാക്കിയ സലാം ട്രേഡേഴ്സ് വളഞ്ഞവഴി, ആലപ്പുഴയുടെ 0978/18.11.22-ലെ ബിൽ പ്രകാരം 4 പായ്ക്കറ്റ് 50kg സിമന്റ് ബാഗിന്റെ വിലയിനത്തിൽ 1,800/- രൂപ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത് (ഒരു ചാക്കിന് 450/-രൂപ) എന്നാൽ ഫയലിൽ സൂക്ഷിച്ചിട്ടുള്ള കൺസോളിഡേറ്റഡ് മെറ്റീരിയൽ ലിസ്റ്റ് പ്രകാരം 1.0996 ടൺ ഉപയോഗിച്ചതായി രേഖപ്പെടുത്തി 13,511/- രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. ഈയിനത്തിൽ അധികം ചെലവഴിച്ച 11,711/- രൂപ MGNREGS-ന്റെ ചുമതലയുള്ള ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.3 മീറ്റർ നീളത്തിലും, 2.30 മീറ്റർ വീതിയിലും 83,011/- രൂപ ചെലവഴിച്ച് നിർമ്മിച്ചിട്ടുള്ള ഈ പ്രവൃത്തി നടപ്പിലാക്കിയ ഗുണഭോക്താവായ ശ്രീമതി മണിയമ്മയുടെ ആട്ടിൻകൂട് 15.09.23-ൽ സന്ദർശിക്കുകയുണ്ടായി. പരിശോധനയിൽ, കടൽ തീരവുമായി 100 മീറ്റർ അകലം പോലുമില്ലാത്ത വസ്തുവിൽ, തൊഴിലുറപ്പ് പദ്ധതി ഫണ്ട് ചെലവഴിച്ച് നിർമ്മിച്ച ഈ ആട്ടിൻകൂടിനുള്ളിൽ നിലവിൽ

ആടുകളെയൊന്നും തന്നെ വളർത്തുന്നില്ലായെന്ന് കണ്ടു. ഇതിനുള്ളിൽ നിലവിൽ ഉപയോഗശൂന്യമായ സാധനങ്ങൾ സൂക്ഷിച്ചിരിക്കുകയാണ്. ഗുണഭോക്താവുമായി സംസാരിച്ചതിൽ ഉണ്ടായിരുന്ന രണ്ട് ആടുകളും ഇവിടുത്തെ സാഹചര്യവുമായി പൊരുത്തപ്പെടാത്തത് മൂലം മരണപ്പെട്ടതായാണ് അറിയിച്ചിട്ടുള്ളത്. അപാകതകൾ രേഖപ്പെടുത്തി നൽകിയ എൻക്വയറിക്ക്(31/16.09.23) മറുപടി ലഭ്യമാക്കിയിട്ടില്ല. തുക വിനിയോഗിക്കപ്പെട്ടതിന്റെ ഉദ്ദേശ്യശുദ്ധിയെ സഫലീകരിക്കുന്ന രീതിയിൽ ആട് വളർത്തൽ പുനരാരംഭിക്കുകയോ, അല്ലാത്ത പക്ഷം നൽകിയ തുക തിരികെ ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ്. അതാത് പ്രദേശത്തെ സാഹചര്യങ്ങൾക്കനുസൃതമായി മാത്രം ഇത്തരം പദ്ധതികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഇത്തരം പദ്ധതികൾ പൊതു പണം വിനിയോഗിക്കാൻ വേണ്ടി മാത്രമായുള്ള ഒരു ഉപാധി മാത്രമായിത്തീരുന്നതാണ്. വിഷയം ഭരണ സമിതിയുടെയും ബന്ധപ്പെട്ട NREGS അധികൃതരുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു. ഉപയോഗശൂന്യമായ രീതിയിൽ നിലവിലുള്ള ആട്ടിൻകൂടിന്റെ ചിത്രം ചുവടെ ചേർക്കുന്നു.

2. 15-ാം വാർഡിലെ മണിയമ്മയുടെ വീട്ടിലെ ആട്ടിൻ കൂട് നിർമ്മാണം-



ചിത്രം-1



ചിത്രം-2

3-6 എർത്ത് വർക്ക് എക്സ്കവേഷന് അധിക നിരക്ക് നൽകി-അധികം നൽകിയത്- 4,752/-രൂപ

ഗ്രാമ പഞ്ചായത്തിൽ തൻവർഷം നിർവ്വഹിച്ച താഴെപ്പറയുന്ന റോഡ് നിർമ്മാണ പ്രവൃത്തികളുമായി ബന്ധപ്പെട്ട് കാന നിർമ്മാണത്തിന് എർത്ത് വർക്ക് എക്സ്കവേഷന് അനുവദിച്ചിരിക്കുന്ന നിരക്ക് 798.27/$m^3$ (DSR-2018 -1.002,സ്പെസിഫിക്കേഷൻ കോഡ് -11.1.1.1 എർത്ത് വർക്ക് എക്സ്കവേഷൻ ഫോർ സ്ട്രക്ച്ചേഴ്സ് ) ആണ്. ഇത് പാലം, കൾവർട്ട് എന്നിവയുടെ നിർമ്മാണത്തിന് 3 മീറ്റർ വരെ ആഴത്തിൽ എർത്ത് വർക്ക് എക്സ്കവേഷന് നൽകുന്ന നിരക്കാണ്. സംരക്ഷണ ഭിത്തി നിർമ്മാണത്തിനുള്ള എർത്ത് വർക്ക് എക്സ്കവേഷന് അനുവദനീയമായ നിരക്ക് 374.21/$m^3$ (MoRDസ്പെസിഫിക്കേഷൻ കോഡ് -3.5.1 ) ആണ്. ഉയർന്ന നിരക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് മൂലം കരാറുകാർ ഉയർന്ന നിരക്ക് ക്വോട്ട് ചെയ്യാനും അതു വഴി അധികം നൽകാനുമിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./പ്രവൃത്തിയുടെ പേര്/അളവു പുസ്തകം | കരാറുകാരൻ | അനുദിച്ച തുക | അനുവദ നീയമായ തുക | അധികം നൽകിയ തുക | ചെലവ് വിവരം (ബിൽ നം.) |
|---|---|---|---|---|---|---|
| | S0183/22 9-ാം വാർഡിൽ പൊറ്റക്കാട് മുതൽ പുതുംപള്ളി വരെ റോഡ് കോൺക്രീറ്റിംഗ്, 38/21-22, | K.മുജീബ്. | 19.058 $M^3$ @797.471/$m^3$ = 15,198/- | 19.058 $M^3$ @374.21/$m^3$ = 7,131/- | 8,067/- | 01/ 22-23, 25.04.22, 4,94,048/-രൂപ (ഈ പ്രവൃത്തിയിൽ എം ബാങ്ക് |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | നിർമ്മാണത്തിനായി 40.80m$^3$ ഗ്രാവൽ ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ കുഴിച്ചെടുത്ത മണ്ണിന്റെ അളവ് കുറവ് ചെയ്തിട്ടില്ല). |
| 2. | S0102/22 വിവിധ വാർഡുകളിൽ ഡ്രെയിനേജ് നിർമ്മാണം. 11/21-22, 20/21-22 | ഗ്രിഗറി C. | 116.058 M$^3$ @789/m$^3$ 91,569/- | 116.058 M$^3$ @374.21/m$^3$ 43,430/- | 48,139/- | വൌച്ചർ നം.XVFC/2022-23, Dt.24.01.23 (ഫൈനൽ ബിൽ) |
| | | | ആകെ | | 56,206/- | |

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (17/14.09.23) ലഭ്യമാക്കിയ മറുപടിയിൽ, MORD സ്പെസിഫിക്കേഷൻ കോഡ് -11.1.1.1 എന്ന ഇനം, ഇതിലെ സെക്ഷൻ 300,ക്ലോസ് 305.1 എന്നിവ പ്രകാരം സ്ട്രക്ചറുകളുടെ ഫൌണ്ടേഷൻ നിർമ്മാണത്തിനുള്ള മണ്ണ് പണികൾക്കാണ് നൽകുന്നതെന്നും, അതിൽ സെറ്റൌട്ട്, മണ്ണ് ഇടിഞ്ഞു വീഴാതിരിക്കാനുള്ള ഷീറ്റിംഗ്, ഷോറിംഗ്, ബ്രെസ്സിംഗ് എന്നിവയുടെ നിർമ്മാണം, ട്രെഞ്ചിന്റെ സൈഡും, അടിഭാഗവും ഡ്രെസ്സിംഗ് ചെയ്യൽ, ബാക്ക് ഫില്ലിംഗ് ചെയ്യൽ എന്നിവ ചെയ്യേണ്ടി വരുന്നതിനാൽ കൂടുതൽ തൊഴിലാളികളെ ആവശ്യമായി വരുന്നതിനാലാണ് ഈ ഖനനത്തിന് അധിക നിരക്ക് നൽകേണ്ടി വരുന്നതെന്നുമാണ് അറിയിച്ചിട്ടുള്ളത്. റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തികൾക്ക് കോമൺ ഡേറ്റപ്രകാരം തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റ് 21.06.2019-ൽ എക്സിക്യൂട്ടീവ് എൻജിനീയർ, ആലപ്പുഴ എല്ലാ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർമാർക്കും, അസിസ്റ്റന്റ് എൻജിനീയർമാർക്കും അയച്ചു കൊടുത്തിട്ടുണ്ട്. അതിൻപ്രകാരമാണ് കാണ നിർമ്മാണത്തിനുള്ള എർത്ത് വർക്ക് എക്സ്കവേഷന് ഉയർന്ന നിരക്കുള്ള സ്പെസിഫിക്കേഷൻ കോഡ് -11.1.1.1 പ്രകാരമുള്ള നിരക്ക് അനുവദിച്ചു നൽകിയിട്ടുള്ളതെന്നും മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതേ പ്രവൃത്തിയിൽ, കുഴിച്ചെടുത്ത മണ്ണ് ബാക്ക്ഫില്ലിംഗ് നടത്തിയതായി അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുമില്ല. എന്നാലും കാണ നിർമ്മാണത്തിനുള്ള എർത്ത് വർക്ക് എക്സ്കവേഷനുമായി ബന്ധപ്പെട്ട മറുപടി അംഗീകരിക്കുന്നു. കോമൺ ഡേറ്റാ തയ്യാറാക്കിയപ്പോൾ ഇപ്രകാരം എർത്ത് വർക്ക് എക്സ്കവേഷന് ഉയർന്ന നിരക്കു നിശ്ചയിച്ച് നൽകി പ്രവൃത്തി നിർവ്വഹിച്ചത് മൂലം വൻ തുക അധികം ചെലവഴിക്കപ്പെടുന്നുവെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

<u>കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗം രേഖപ്പെടുത്തിയിട്ടില്ല-</u>

ക്രമ നം.1 ആയി രേഖപ്പെടുത്തിയിട്ടുള്ള പ്രവർത്തിയുടെ ഒന്നാം ഇനമായി അളവ് പുസ്തകം പേജ് 1 ൽ കൽക്കെട്ട് നിർമ്മാണത്തിനായി 19.80.m$^3$ മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. കുഴിച്ചടുത്ത മണ്ണിന്റെ വിനിയോഗം അളവുപുസ്തകത്തിലെവിടെയും രേഖപ്പെടുത്തിയിട്ടില്ല. കുഴിച്ചെടുത്ത മണ്ണിന്റെ 60% എങ്കിലും വിനിയോഗ യോഗ്യമാണെന്നിരിക്കെ, ആയതിന്റെ വില കുറവ് ചെയ്യാതെയാണ് കരാറുകാരന് തുക നൽകിയിട്ടുള്ളത്. മൺ പ്രവൃത്തികളിൽ മണ്ണിന്റെ റോയൽറ്റി ഇനത്തിൽ നിശ്ചയിച്ചിട്ടുള്ള M$^3$ ന് 400/- രൂപ നിരക്കിൽ (19.80x60%= 11.88m$^3$ X 400/-=4,752/- രൂപ) 4,752/- രൂപ കുറവ് വരുത്താതിരുന്നത് മൂലം ടി തുക കരാറുകാരന് അധികം നൽകുകയുണ്ടായി. മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട്

നൽകിയ എൻക്വയറിക്ക് (17/14.09.23)മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും, ഈ പരാമർശം സംബന്ധിച്ച് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 4,752/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ടി തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

3-7 എർത്ത് ഫില്ലിംഗ് കൺസോളിഡേഷൻ കുറവ് ചെയ്തില്ല-അധികം നൽകിയ 1,853/-രൂപ തിരികെ ഈടാക്കേണ്ടതാണ്

അസിസ്റ്റന്റ് എൻജിനീയർ 22-23 ൽ നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികളിൽ ഗ്രാവൽ ഉപയോഗിച്ച് സബ് ഗ്രേഡ് / എം ബാങ്ക്മെന്റ് നിർമ്മാണം നടത്തിയതിൽ കൺസോളിഡേഷൻ കുറവ് ചെയ്തിട്ടില്ല. സി.പി.ഡബ്ലിയു.ഡി. സ്പെസിഫിക്കേഷൻ 1.27.1.2 പ്രകാരം ലൈറ്റ് മെക്കാനിക്കൽ മെഷിണറി ഉപയോഗിച്ച് കൺസോളിഡേറ്റ് ചെയ്താൽ 10%വും ഹെവി മെക്കാനിക്കൽ മെഷിണറി ഉപയോഗിച്ച് കൺസോളിഡേറ്റ് (Under OMC)ചെയ്താൽ 5%വും കുറവ് ചെയ്ത് മാത്രം മൂല്യനിർണ്ണയം നടത്തേണ്ടതാണ്. എന്നാൽ ഇപ്രകാരം ചെയ്തിട്ടുള്ളതായി കാണുന്നില്ല. അളവു പുസ്തകത്തിൽ ഇത് സംബന്ധിച്ച സാക്ഷ്യപ്പെടുത്തലും നടത്തിയിട്ടില്ല. ചില പ്രവൃത്തികളിൽ എസ്റ്റിമേറ്റ് അളവിനെക്കാൾ അധികരിച്ച് പ്രവൃത്തി നിർവ്വഹിച്ചതായി രേഖപ്പെടുത്തുകയും, തുടർന്ന് എസ്റ്റിമേറ്റ് അളവിൽ പരിമിതപ്പെടുത്തി തുക അനുവദിക്കുകയുമാണ് ചെയ്തിട്ടുള്ളത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം., പ്രവർത്തിയുടെ പേര് അളവ് പുസ്തകം നമ്പർ/ കരാറുകാരന്റെ പേര് | ഗ്രാവൽ ഫില്ലിംഗ് നടത്തിയ അളവ് / നൽകിയ തുക | കൺസോളിഡേഷൻ കുറവ് ചെയ്ത് മൂല്യ നിർണ്ണയം നടത്താവുന്ന അളവ് / നൽകാവുന്ന തുക | നിരക്ക് | അധികം | ബിൽ നമ്പർ/ തിയതി |
|---|---|---|---|---|---|---|
| 1. | S0183/22 9-ാം വാർഡിൽ പൊറ്റക്കാട് മുതൽ പുതുംപള്ളി വരെ റോഡ് കോൺക്രീറ്റിംഗ്, 38/21-22, K.മുജീബ്. | 44.35m$^3$/ 41,549/-രൂപ (എസ്റ്റിമേറ്റ് അളവായ 40.80m$^3$ൽ ലിമിറ്റ് ചെയ്തു നൽകി) | 44.35-4.43m$^3$= 39.91m3<br>40,643/-രൂപ | 1018.37/m$^3$ | 906+ 12%GST=108/- ആകെ = 1,014/- രൂപ | 1/22-23, Dt.25.4.22<br>4,94,048/- |
| 2. | 15-ാംവാർഡിൽ | 15.665m$^3$/ | 14.09m$^3$/ | 1282.29/m$^3$ | 2008+361 | 301/22-23, |

| | | | | | | |
|---|---|---|---|---|---|---|
| | നടുവിലേ വീട് റോഡ് ടൈൽ പാകൽ. 74543/2022 അലൻ മാത്യു. | 20,075/-രൂപ | 18,067/- | | (18%GST)=2,369 രൂപ | Dt.25.2.23 |
| 3. | S0027/22-23 5-ാം വാർഡിൽ ആറ്റുപുറം റോഡ് കോൺക്രീറ്റിംഗ്, 37/21-22, ബൈജു.വി | $25.11m^3$/ 21,760/-രൂപ | $22.59m^3$/ 20,105/-രൂപ | $890/m^3$ | 1655+ 12%GST=198/- ആകെ = 1,853/- രൂപ | 20/22-23, Dt.20.5.22 2,41,437/- |
| | | ആകെ | | | 5,236/- | |

മേൽ സൂചിപ്പിച്ചവിധം എർത്ത് ഫില്ലിംഗ് നടത്തിയതിൽ നിന്നും സി.പി.ഡബ്ലിയു.ഡി. സ്പെസിഫിക്കേഷൻ 1.27.1.2, 1.27.1.3 എന്നിവ പ്രകാരം കൺസോളിഡേഷൻ കുറവ് ചെയ്യാതിരുന്നത് സംബന്ധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (16/15.09.23) മറുപടിയായി ക്രമ നം.1, 2 എന്നിവയായി അധികം നൽകിയ 3,383/- രൂപ 23.09.23-ലെ 1230101787-ാം നമ്പർ രസീത് പ്രകാരം തിരികെ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി രസീത് ഹാജരാക്കിയിട്ടുണ്ട്. ക്രമ നം. 3 ആയി രേഖപ്പെടുത്തിയിട്ടുള്ള അന്നത്തെ നിർവ്വഹണ ഉദ്യോഗസ്ഥന് അയച്ചുകൊടുത്തിട്ടുണ്ടെന്നും, മറുപടി ലഭ്യമാകുന്ന മുറയ്ക്ക് അറിയിക്കുന്നതാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. തിരികെ ഒടുക്കിയ തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും പിൻവലിച്ച് ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കു വരുത്തേണ്ടതാണ്. അധികം നൽകിയ 1,853/-രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 4,00,000 | അനുപൂരകപോഷകാഹരവും റ്റി എച്ച് ആർ എസ്സും | 400,000 | - |
| | 2022-23 | 4,60,000 | ലൈഫ് ഭവന പദ്ധതി (ഫിഷറീസ്) (എസ് സി) – സ്പിൽ ഓവർ | 4,60,000 | - |
| | 2022-23 | 1,10,000 | ലൈഫ് ഭവന പദ്ധതി | 1,10,000 | - |
| | 2022-23 | 3,00,000 | ലൈഫ് ഭവന പദ്ധതി | 3,00,000 | - |

| | | | | | |
|---|---|---|---|---|---|
| | 2022-23 | 1,00,000 | പാലിന് സബ്സിഡി | 1,00,000 | - |
| | 2022-23 | 3,00,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 3,00,000 | - |
| | 2022-23 | 90,927 | ലൈഫ് ഭവന പദ്ധതി (എസ് സി) | 90,927 | - |
| | 2022-23 | 6,00,000 | ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതി ഭൂരഹിതർക്ക് സ്ഥലം വാങ്ങലും ഭവന നിർമ്മാണവും | 6,00,000 | - |
| ജില്ലാ പഞ്ചായത്ത് | 2022-23 | 1,80,000 | അനുപൂരകപോഷകാഹാരവും റ്റി എച്ച് ആർ എസ്സും | 1,80,000 | - |
| | 2022-23 | 1,40,000 | സമ്പൂർണ്ണ ഭവന പദ്ധതി (ലൈഫ്) | 1,40,000 | - |
| | 2022-23 | 3,00,000 | ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതി ഭൂരഹിതർക്ക് സ്ഥലം വാങ്ങലും ഭവന നിർമ്മാണവും | 3,00,000 | - |
| | 2022-23 | 1,32,690 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 1,32,690 | |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൌച്ചർ നം./തീ. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | നടപ്പാതകളിലെ വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 42201264/31/3/23 | 57948 | 0 | 57948 |

| | | | | | |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | നടപ്പാതകളിലെ വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 42201264/31/3/23 | 11,52,59 | 0 | 1,15,259 |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ്ലൈൻ എക്സ്റ്റൻഷൻ | 42201265/31/3/23 | 402485 | 0 | 402485 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷ വരവ് | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഹഡ്കോ വായ്പ | ലഭ്യമാക്കിയില്ല | 38,82,000 | 2,79,74,000 | 33,00,000 | 39,85,238 | 0 | 272,88,762 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | 3-23 | 2014-15 | 13 | ആട്ട വിതരണം | അക്കൌണ്ട്സ് കമ്മറ്റിയുടെ പരിഗണനയിൽ |
| 2013-14 | 3-3 | 2014-15 | 17 | കാലിത്തൊഴുത്ത് നിർമ്മാണം | അക്കൌണ്ട്സ് കമ്മറ്റിയുടെ പരിഗണനയിൽ |

4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,01,39,721 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,44,58,380 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 80,125/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7,48,902/- |
| കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്ക് ഉണ്ടായ നഷ്ടം | 32,501/- |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത്(രൂപ) | |
| 3-1(1-14) | | 50,520/- | ശ്രീ.രാജേന്ദ്രൻ ജി., സെക്രട്ടറി |
| 3-2(1-15) | | 23,000/- | ശ്രീമതി മീനമോൾ എം. ജെ.എച്ച്.ഐ., വാർഡ് തല സാനിറ്റേഷൻ സമിതി കൺവീനർ |
| 3-6(1-35) | | 4,752/- | ശ്രീമതി ബിൻസി വി., അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-7(1-36) | | 1,853/- | ശ്രീ.ഷാരോൺ സുധാകരൻ, അസിസ്റ്റന്റ് എഞ്ചിനീയർ |

| | | | |
|---|---|---|---|
| ആകെ | | 80,125/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 52,500 | ശ്രീ.രാജേന്ദ്രൻ ജി., സെക്രട്ടറി |
| 1-16 | 1,45,984 | ശ്രീ.രാജേന്ദ്രൻ ജി., സെക്രട്ടറി |
| 1-17 | 4,02,485 | ശ്രീ.രാജേന്ദ്രൻ ജി., സെക്രട്ടറി |
| 1-22 | 1,11,693 | ശ്രീ.രാജേന്ദ്രൻ ജി., സെക്രട്ടറി |
| 1-34 | 36,240 | ഡോ.വിവേക് എസ്., മെഡിക്കൽഓഫീസർ(പി.എച്ച്.സി.) |
| ആകെ | 7,48,902 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക(രൂപ) | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5(1-28) | 11,711/- | ശ്രീമതി ദർശന ആർ., അക്രെഡിറ്റഡ് എഞ്ചിനീയർ, എൻ.ആർ.ഇ.ജി.എസ്. ശ്രീ.പി.കെ.പത്മകുമാർ, അസിസ്റ്റന്റ് സെക്രട്ടറി ശ്രീ.രാജേന്ദ്രൻ ജി., സെക്രട്ടറി |
| 1-11 | 8,640/- | ശ്രീ.രാജേന്ദ്രൻ ജി., സെക്രട്ടറി |
| 1-30 | 2,075/- | ശ്രീമതി ദർശന ആർ., അക്രെഡിറ്റഡ് എഞ്ചിനീയർ, എൻ.ആർ.ഇ.ജി.എസ് ശ്രീ.പി.കെ.പത്മകുമാർ, അസിസ്റ്റന്റ് സെക്രട്ടറി ശ്രീ.രാജേന്ദ്രൻ ജി., സെക്രട്ടറി |
| 1-32 | 8262/- | ശ്രീമതി ദർശന ആർ., അക്രെഡിറ്റഡ് എഞ്ചിനീയർ, എൻ.ആർ.ഇ.ജി.എസ്. ശ്രീ.പി.കെ.പത്മകുമാർ, അസിസ്റ്റന്റ് സെക്രട്ടറി ശ്രീ.രാജേന്ദ്രൻ ജി., സെക്രട്ടറി |

| | | |
|---|---|---|
| | | |
| ആകെ | 30,688/- | |

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 1-34

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.രാജേന്ദ്രൻ ജി., സെക്രട്ടറി | വിരമിച്ചു | സൌപർണിക വണ്ടാനം പി.ഒ., ആലപ്പുഴ |
| ശ്രീമതി മീനുമോൾ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത് | ശ്രീനിലയം, ആയാപറമ്പ്, ആനാരി പി.ഒ., ഹരിപ്പാട് |
| ശ്രീ.ഷാരോൺ സുധാകരൻ, അസിസ്റ്റന്റ് എഞ്ചിനീയർ | അസി.എഞ്ചിനീയർ പിറവം മുനിസിപ്പാലിറ്റി | പറമ്പിൽ അവലൂക്കുന്നു പി.ഒ., ആലപ്പുഴ |
| ശ്രീമതി ബിൻസി വി., അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത് | നാലുതെങ്ങ്, തോട്ടപ്പള്ളി, ആലപ്പുഴ |
| ശ്രീ.പി.കെ പത്മകുമാർ, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത് | പുത്തൻചിറയിൽ, പൊത്തപ്പള്ളി വടക്ക്, കുമാരപുരം |
| ഡോ.വിവേക് എസ്., മെഡിക്കൽഓഫീസർ(പി.എച്ച്.സി.) | മെഡിക്കൽഓഫീസർ(പി.എച്ച്.സി.), അമ്പലപ്പുഴ വടക്ക് ഗ്രാമ പഞ്ചായത്ത് | വി.വി.നിവാസ്, വെളമാനൂർ, കൊല്ലം |
| ശ്രീമതി ദർശന ആർ., അക്രെഡിറ്റഡ് എഞ്ചിനീയർ, എൻ.ആർ.ഇ.ജി.എസ്. | അക്രെഡിറ്റഡ് എഞ്ചിനീയർ, എൻ.ആർ.ഇ.ജി.എസ്. അമ്പലപ്പുഴ വടക്ക് ഗ്രാമ പഞ്ചായത്ത് | കണ്ടത്തിൽ പറമ്പ്, നീർക്കുന്നം, വണ്ടാനം പി.ഒ. |

4-10 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 2000-01<br>2001-02 | അദാലത്ത് റിപ്പോർട്ട് നം.കെ.എസ്.എ-എ.എൽ.പി /പി -8/1285/2022/02.11.22 |

| | |
|---|---|
| 2002–03 | |
| 2003–04<br>2004–05<br>2005–06 | അദാലത്ത് റിപ്പോർട്ട് നം.കെ.എസ്.എ-എ.എൽ.പി /പി -8/1285/2022/02.11.22 |
| 2006–07 | എൽ.എഫ്.എ9 – 275/2010/31.01.11 |
| 2007–08 | അദാലത്ത് റിപ്പോർട്ട് നം.കെ.എസ്.എ-എ.എൽ.പി /പി -8/1285/2022/02.11.22 |
| 2008–09 | എൽ.എഫ്.എ.പി4 – 606/11/30.11.11/03.12.11 |
| 2009-10 | എൽ.എഫ്.എ.പി8 - 503/12/17.7.12/10.08.12 |
| 2010–11,<br>2011-12 | എൽ.എഫ്.എ.പി8 – 112/13/8.4.13/25.06.13 |
| 2012–13 | എൽ.എഫ്.എ.പി 8 – 966/14/26.06.14/08.12.14 |
| 2013-14 | എൽ.എഫ്.എ.പി.ഇസെഡ്.പി8 – 1071/15/4.09.15/05.10.15 |
| 2014–15 | കെ.എസ്.എ-എ.എൽ.പി.– പി.8/623/2016 തീയതി 13.06.2016 |
| 2015–16 | അദാലത്ത് റിപ്പോർട്ട് നം.കെ.എസ്.എ-എ.എൽ.പി /പി -8/1285/2022/02.11.22 |
| 2016-17 | കെ.എസ്.എ–എ.എൽ.പി-പി.8-857/17/5.7.2017 |
| 2017–18 | അദാലത്ത് റിപ്പോർട്ട് നം.കെ.എസ്.എ-എ.എൽ.പി /പി -8/1285/2022/02.11.22 |
| 2018–19 | അദാലത്ത് റിപ്പോർട്ട് നം.കെ.എസ്.എ-എ.എൽ.പി /പി -8/1285/2022/02.11.22 |
| 2019-20 | കെ.എസ്.എ. എ.എൽ.പി. – പി8 – 838/2021/28.09.2021 |
| 2020–21 | കെ.എസ്.എ.–എ.എൽ.പി.–പി8–839/2021/28.09.2021 |
| 2021–22 | കെ.എസ്.എ.–എ.എൽ.പി.–പി8–1596/2022/25.01.2023 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

# Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 22-07-2023 and submitted on 24-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Ambalappuzha North Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, due to the material and pervasive insufficiencies in obtaining audit evidence, attributable to the faulty maintenance of accounting records, as pointed out in the appended report, it is not possible to express an opinion whether the annual financial statements give a true and fair view of the Receipts and Payments, Income and Expenditure (Deficit or Surplus) and the position of Assets and Liabilities Ambalappuzha North Grama Panchayat for the year 2022-2023

Date: 08/11/2023

Deputy Director
District Office Alappuzha
Kerala State Audit Department

## Audit Report appended to the Audit Certificate of Ambalappuzha North Grama Panchayat for the Year 2022-2023.

**1.Major Observations**

1) Depresiation of the head 416100103 is not accounted properly

**2.Other Observations**

1) All Shedules and documents such as Ratios are not attached with the AFS

2)There is a difference in the head Adwance to Implementing officers (460500501) between the register of Adwances and Balance Sheat on 31.3.2023, and the reason is not explained

3) Since the Asset register is not updated compleatly the Fixed asset value shown in the Balance Sheet

ending on 31.03.2023 can not be verified.

Deputy Director
Kerala State Audit Department
District Audit Office, Alappuzha

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്